# കത്തോലിക്കാ കോൺഗ്രസ് നൂറിലേക്ക്

## ഒരു തിരിഞ്ഞുനോട്ടം



**ജോൺ കച്ചിറമറ്റം**

www.malankaralibrary.com

# കത്തോലിക്കാ കോൺഗ്രസ്സ്
# നൂറിലേക്ക്
# ഒരു തിരിഞ്ഞുനോട്ടം

ജോൺ കച്ചിറമറ്റം

പ്രസിദ്ധീകരണം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686651
ഫോൺ 04822 261102
Mob: 9447662076

www.malankaralibrary.com

(Malayalam)

# KATHOLIKA CONGRESS NOORILEKK ORU THIRINJU NOTTAM

**By**

**JOHN KACHIRAMATTAM**

First Edition
28.02.2017

Copy right
Dr. Kachiramattam Foundation

Published by
Dr. Kachiramattam Foundation
DTP setting
C-CAD Graphics, Erattupetta Ph: 272852
Cover design
Joseph Francies Pala Ph:9447137342
Printed at
Penta Offset, Kottayam
Price Rs. 75/-
Distributor
Dr. Kachiramattam Foundation
Pizhak P.O.
686651

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരുപതാ കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.

കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാസമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.


1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യ നാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും ശ്രീലങ്കയിലും, 2007-ലും 2009 ലും വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും പര്യടനം നടത്തി.

1988 -ൽ ആളുർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003 -ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്). 2006-ൽ ചങ്ങനാശ്ശേരി അതി രൂപതയുടെ കനക ജൂബിലി അവാർഡും, കെ.സി.വൈ.എം-ന്റെ അൽമായരത്നം അവാർഡും, തിരുവല്ല അതിരൂപതയുടെ പ്രത്യേക പുരസ്കാരവും 2007-ൽ അമേരിക്ക യിലെ സീറോ മലബാർ കൂട്ടായ്മയുടെ പുരസ്കാരവും, 2008-ൽ മാർ കരിയാറ്റി അവാർഡും, മേരിവിജയം മാസികയുടെ ദർശനാ അവാർഡും, മേരി ബനീഞ്ഞാ ഫൗണ്ടേഷന്റെ ബനീഞ്ഞാ അവാർഡും, കേരള കാത്തലിക് ഫെഡറേഷന്റെ കേരളസഭാരത്നം അവാർഡും, കൊല്ലത്തെ ഫാ. വടക്കൻ വെല്ലിംഗ്ടൻ സാംസ്കാരിക സമിതിയുടെ എന്റെ ഗ്രാമം എന്റെ ജനത പുരസ്കാരവും ലഭിച്ചു. സീറോ-മലബാർ സഭ ഏർപ്പെടുത്തിയിരിക്കുന്ന ഏറ്റവും വലിയ ബഹുമതിയായ സഭാതാരം അവാർഡ് 2013-ലും കെ.സി.ബി.സി. മാധ്യമകമ്മീഷന്റെ ഗുരുപൂജാ അവാർഡും നവജീവപരിഷത്തിന്റെ അത്ലേത്താ ദ ഹെന്ദോ എന്ന പുരസ്കാരവും ചെറുപുഷ്പമിഷൻലീഗിന്റെ കുഞ്ഞേട്ടൻ പുരസ്കാരവും ഫാ മൗറീഷ്യസ് & ഫാ. ആന്റണി കാക്കനാട് മെമ്മോറിയൽ അവാർഡും 2014-ൽ ലഭിച്ചു. ആകെ 27 അവാർഡുകൾ.

തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ.

www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമറ്റം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 -ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 -ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ. ബി. യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിറ്റിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേറ്റ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള

www.malankaralibrary.com

കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിറ്ററിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ പാവനസ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ. 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം 55 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ജോൺ കച്ചിറമറ്റം രചിച്ച 56-ാമത്തെ ഗ്രന്ഥമാണ് കത്തോലിക്കാ കോൺഗ്രസ് നൂറിലേക്ക് ഒരു തിരിഞ്ഞുനോട്ടം എന്നത്. ഇതുകൂടാതെ നിരവധി ലഘുലേഖകളും അച്ചടിച്ച് പ്രസദ്ധീകരിച്ചിട്ടുണ്ട്. ദീപിക സുഹൃത്തുക്കളെ ഉണരുക എന്ന ലഘുലേഖയുടെ 70000 കോപ്പികളാണ് 1966-ൽ അച്ചടിച്ചത്.

www.malankaralibrary.com

# ആമുഖം

അഖില കേരള കത്തോലിക്കാ കോൺഗ്രസ് ശതാബ്ധിയിലേക്ക് പ്രവേശിക്കുകയാണ്. ഒരുവർഷം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികൾക്കാണ് കോൺഗ്രസ് നേതൃത്വം തയ്യാറെടുത്തുകൊണ്ടിരിക്കുന്നതെന്ന് പത്രങ്ങളിൽ നിന്നും മനസ്സിലായി.

കത്തോലിക്കാ കോൺഗ്രസ്സിന്റെ ഒരു സമ്പൂർണ്ണ ചരിത്രം 2018 ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരിക്കാനുള്ള ശ്രമത്തിലാണ് ഞാൻ ഏർപ്പെട്ടിരിക്കുന്നത് ഡമ്മി നാലിലൊന്ന് സൈസിൽ 1000-ത്തിലധികം പേജുകൾ ഉണ്ടാകും. അതിലും കൂടുതലാകാനാണ് സാധ്യത.

കത്തോലിക്കാ കോൺഗ്രസിന്റെ ഒരു ലഘുചരിത്രം 10 പേജിൽ കവിയാതെ എഴുതണമെന്നും ജൂബിലിവർഷത്തിൽ എല്ലാ ഭവനങ്ങളിലും എത്തിക്കാൻ ക്രമീകരണം ചെയ്യണമെന്നും പലരും നിർദ്ദേശിക്കുകയുണ്ടായി. കേരളത്തിന്റെ സാമൂഹ്യ സാമുദായിക രാഷ്ട്രീയ ചരിത്രം തിരുത്തിക്കുറിച്ച കത്തോലിക്കാ കോൺഗ്രസിന്റെ ചരിത്രം 10 പേജിൽ എഴുതുക എനിക്കു സാധിക്കുകയില്ല. ഈ സാഹചര്യത്തിലാണ് പേജ് 64 പേജ് ഉള്ള ഒരു ചെറുഗ്രന്ഥം ഞാൻ തയ്യാറാക്കിയത്. കത്തോലിക്കാ കോൺഗ്രസ് കടന്നുപോന്ന വഴികളെപ്പറ്റി വളരെ ചുരുക്കിയാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 2018-ൽ പ്രസിദ്ധീകരിക്കാൻപോകുന്ന സമ്പൂർണ്ണചരിത്രത്തിന് ഒരു ആമുഖമായി ഈ ചെറുഗ്രന്ഥത്തെ കണക്കാക്കിയാൽ മതി.

ഈ പുസ്തകം വളരെ ചുരുക്കിയായതിനാൽ വേണ്ടത്ര കാര്യങ്ങൾ ഇതിൽ ചേർത്തിട്ടില്ലെന്ന് ആക്ഷേപം ഉണ്ടാകാം. ആ കുറവുകൾ എല്ലാം പരിഹരിച്ച് സമ്പൂർണ്ണ ചരിത്രം തയ്യാറാക്കാമെന്നാണ് എന്റെ പ്രതീക്ഷ. അതിനുള്ള നിർദ്ദേശങ്ങൾ സമുദായ സ്നേഹികൾ തരണമെന്ന് അഭ്യർത്ഥിക്കുന്നു. അങ്ങനെയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഈ ചെറുഗ്രന്ഥം പ്രചോദനം നല്കിയാൽ ഞാൻ സംതൃപ്തനായി. ഈ ചെറുഗ്രന്ഥം നിങ്ങളുടെ പഠനത്തിനും ചർച്ചക്കുമായി ഞാൻ സമർപ്പിക്കുന്നു.

**ജോൺ കച്ചിറമറ്റം**

രാമപുരം
പിഴക്
28.04.2017

www.malankaralibrary.com

# കത്തോലിക്കാ കോൺഗ്രസ് നൂറിലേക്ക് ഒരു തിരിഞ്ഞുനോട്ടം

## ക്രിസ്തീയ സമൂഹം

ലോകാരംഭം മുതൽ മനുഷ്യർ സമൂഹമായി ജീവിച്ചുപോന്നു. ഒരു പൊതു പിതാവിൽ നിന്നും ജന്മം നേടിയതിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നു അന്നു സമൂഹത്തിലെ അംഗങ്ങളുടെ അന്യോന്യബന്ധം. ജനസംഖ്യ വർദ്ധിച്ചതോടു കൂടി പൊതു ബന്ധത്തിന്റെ വ്യാപ്തിയും വർദ്ധിച്ചു. ഭാഷ, ആചാരം സംസ്കാരം, പ്രദേശം എന്നീ പൊതു അടിസ്ഥാനത്തിൽ നിന്നു വ്യത്യസ്ത സമൂഹങ്ങൾ ഉണ്ടായി.

യേശുമിശിഹായുടെ മനുഷ്യാവതാരത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ പഠനങ്ങൾ സ്വീകരിക്കുകയും ചെയ്ത ജനങ്ങൾ ക്രിസ്തീയ സമൂഹമായി തീർന്നു. ക്രിസ്തീയ വിശ്വാസം സ്വീകരിച്ചവർ കാലദേശഭാഷാദിവ്യത്യാസങ്ങൾക്കതീതമായി അന്യോന്യം ബന്ധപ്പെട്ട ഒരു സമൂഹമായി തീർന്നു. ആ സമൂഹത്തിലെ ഓരോ അംഗത്തിന്റെയും സുഖദു:ഖക്ഷേമൈശ്വര്യങ്ങൾ സമൂഹത്തിന്റെ പൊതുവായ താല്പര്യമായിതീർന്നു. സമൂഹത്തിന്റെ പൊതു താല്പര്യങ്ങളുടെ ആഴവും അളവും കാലഗതിയനുസരിച്ച് വ്യത്യാസപ്പെട്ടുകൊണ്ടിരുന്നു. ആദിമ ക്രിസ്ത്യാനികൾ ഒരു കുടുംബംപോലെ കഴിഞ്ഞിരുന്നു. ക്രമേണ കുടുംബബന്ധങ്ങൾ കൂടുതൽ ദൃഢതരമാവുകയും സമൂഹബന്ധത്തിന്റെ ദാർഢ്യത്തിനു അയവു വരുകയും ചെയ്തു. എങ്കിലും ക്രിസ്ത്യൻ സമൂഹം ഒരേ താല്പര്യമുള്ള അംഗങ്ങളുടെ കൂട്ടം എന്ന നിലയിൽ എല്ലാക്കാലത്തും യോജിച്ചു സംഘടിതമായും പ്രവർത്തിച്ചു വരുന്നു.

ക്രൈസ്തവ സമൂഹത്തിന്റെ ജീവൻ ഉത്ഥിതനായ യേശുവാണ്. പരിശുദ്ധാത്മാവാണ് ക്രൈസ്തവചൈതന്യത്തെ ഒന്നിച്ചു നിർത്തുന്ന ചൈതന്യം. നമ്മുടെയിടയിൽനിന്ന് കൂടാരമടിച്ച ദൈവമാണ് യേശു. ആ യേശുവിലാണ് പുതിയ സമൂഹം ഉയർത്തപ്പെട്ടിരിക്കുന്നത്. അവിടുന്നുതന്നെയാണ് പുതിയ സമൂഹത്തിന്റെ ശിരസ്സും തായ്ത്തണ്ടും. ക്രൈസ്തവക്കൂട്ടായ്മയുടെ ആന്തരിക ചൈതന്യമാണ് യേശു. പരസ്പരസ്നേഹമാണ് ക്രൈസ്തവസമൂഹത്തിന് ജീവൻ കൊടുക്കുന്നത്.

കേരള ക്രൈസ്തവസഭയ്ക്ക് ക്രൈസ്തവസഭയോളം പഴക്കമുണ്ട്. കേരളത്തിൽ ക്രൈസ്തവരും ക്രൈസ്തവമതവും സമൂഹത്തിന്റെ അവിഭാജ്യഘ

www.malankaralibrary.com

ടകങ്ങളാണ്. കേരളത്തിലെ കത്തോലിക്കർ മൂന്നു വ്യത്യസ്ത റീത്തുകളിൽപ്പെട്ട വർ ആണെങ്കിലും ഏക ധർമ്മം അനുഷ്ഠിക്കുന്നവരെന്ന നിലയിൽ അവരുടെ താല്പര്യങ്ങൾക്ക് ഐകരൂപ്യമുണ്ട്, അവർ ഒരു സമൂഹമാണ്.

## കത്തോലിക്കർ

ലോകജനസംഖ്യയിൽ 27 ശതമാനം ക്രിസ്ത്യാനികളും 17 ശതമാനം കത്തോലിക്കരുമാണ്. ഭാരതത്തിൽ ക്രൈസ്തവർ വെറും രണ്ടര ശതമാനം മാത്രമാണ്. കേരളത്തിലെ ജനസംഖ്യയിൽ ക്രൈസ്തവർ 20 ശതമാനവും കത്തോലിക്കർ 16 ശതമാനവും ഉണ്ട്. ഭാരതക്രൈസ്തവരിൽ 60 ശതമാനവും കേരളം, തമിഴ്നാട്, ആന്ധ്ര എന്നീ സ്റ്റേറ്റുകളിലാണ് അധിവസിക്കുന്നത്. കേരളത്തിലാണ് 31.6 ശതമാനം ക്രൈസ്തവർ. ചുരുക്കിപ്പറഞ്ഞാൽ ഭാരതത്തിലെ ക്രൈസ്തവരുടെ ശക്തികേന്ദ്രമാണ് കേരളം.

ഭാരതത്തിലെ ക്രൈസ്തവർ ജനസംഖ്യയിൽ രണ്ടരശതമാനം മാത്രമാണെങ്കിലും ഭാരതത്തിന്റെ വിദ്യാഭ്യാസസാമൂഹ്യസാംസ്കാരികപുരോഗതിയിൽ ഈ സമുദായം അനുഷ്ഠിച്ച സേവനങ്ങൾ വിലപ്പെട്ടതാണ്. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഒരു കേളീരംഗമായിരുന്നു ഭാരതം. ദുഷിച്ചു നാറിയ മാമൂലുകൾ ഭാരതത്തിന് ഒരു തീരാകളങ്കമായിരുന്നു. ഒന്നര നൂറ്റാണ്ടു മുമ്പ് ഭാരതത്തിന്റെ സ്ഥിതിയെന്തായിരുന്നു? ജീവനുള്ള ഭാര്യയെ ഭർത്താവിന്റെ ചിതയിലേക്ക് കൂച്ചികെട്ടി വലിച്ചെറിഞ്ഞു കൊന്ന് അട്ടഹസിച്ചിരുന്ന ഒരു കാലഘട്ടം - കാളീപ്രീതിയ്ക്കു വേണ്ടി വഴിയാത്രക്കാരെ വരിഞ്ഞുമുറുക്കി വീർപ്പുമുട്ടിച്ചു കൊന്ന ഒരു കാലഘട്ടം - ദേവപ്രീതിയ്ക്കുവേണ്ടി അലറിയൊഴുകുന്ന ഗംഗാനദിയിലേക്ക് പിഞ്ചുകുഞ്ഞുങ്ങളെ വലിച്ചെറിഞ്ഞിരുന്ന ഒരു കാലഘട്ടം - അയിത്തം, ബഹുഭാര്യാത്വം, ബാല്യവിവാഹം, ഉച്ചനീചത്വം, നരബലി തുടങ്ങിയ ദുരാചാരങ്ങളുടെ നീർച്ചുഴിയിൽപ്പെട്ട് ഭാരതത്തിലെ ജനത തപ്പിത്തടഞ്ഞിരുന്ന ഒരു കാലഘട്ടത്തെപ്പറ്റി ഇന്നത്തെ തലമുറ ചിന്തിച്ചിട്ടുണ്ടോ?

അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കാലഘട്ടത്തിൽ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ദുഷിച്ച മാമൂലുകൾക്കുമെതിരെ നിശ്ശബ്ദം സമരം നടത്തി സാംസ്കാരിക പുരോഗതിയിലേക്കുള്ള മുന്നേറ്റത്തിന് വേഗം കൂട്ടിയവരാണ് ഇവിടുത്തെ ക്രിസ്ത്യാനികൾ. സവർണ്ണമേധാവിത്വം കൊടുംപിരികൊണ്ടിരുന്ന ഒരു കാലഘട്ടത്തിൽ പുലയനെയും പറയനെയും സവർണനോടൊപ്പം ഒന്നിച്ചിരുത്തി അന്നുവരെ നിലവിലിരുന്ന അയിത്ത സമ്പ്രദായത്തെ വെല്ലുവിളിച്ചവരാണ് ഇവിടുത്തെ ക്രിസ്ത്യാനികൾ. സാമൂഹ്യസേവനരംഗത്ത് അവർ അനുഷ്ഠിച്ച സേവനങ്ങൾ വിലപ്പെട്ടതാണ്. കുഷ്ഠരോഗികളുടെ വ്രണങ്ങൾ വച്ചുകെട്ടി, പാപികളെയും ദുർമാർഗികളെയും സ്നേഹിതാ എന്നു വിളിച്ചു, അവരെ സൽപാതയിലേക്കാനയിച്ച്, ദരിദ്രരെ സഹായിച്ച്, വസ്ത്രമില്ലാത്തവർക്ക് വസ്ത്രം നൽകി, പാർപ്പിടമില്ലാത്തവർക്ക്

www.malankaralibrary.com

പാർപ്പിടം നൽകി – അങ്ങനെ പുതിയ ആകാശവും പുതിയ ഭൂമിയും രൂപപ്പെടുത്തിയെടുക്കുവാൻ അവർ അർപ്പണബോധത്തോടെ പ്രവർത്തിച്ചു.

## ദേശീയരംഗത്ത്

ഭാരതത്തിലെ ക്രൈസ്തവർ സാമൂഹ്യ സാംസ്കാരിക രംഗത്തെന്ന പോലെ ഇന്ത്യയുടെ ദേശീയ മണ്ഡലത്തിലും മഹത്തായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇന്ത്യയിൽ സ്വയംഭരണ ചിന്താഗതി എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് ക്രിസ്ത്യാനികളാണ്. വിദേശ മേധാവിത്വത്തിനെതിരെ ആദ്യമായി സമരകാഹളം മുഴക്കിയതും ക്രിസ്ത്യാനികൾ തന്നെ.

ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യ സമരത്തിൽ ക്രൈസ്തവർ അനുഷ്ഠിച്ച സേവനങ്ങൾ തങ്ക ലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. സ്വാതന്ത്ര്യസമരത്തിൽ ഏർപ്പെട്ട് കാരിരുമ്പഴിക്കുള്ളിൽ അടയ്ക്കപ്പെട്ട് നിർദ്ദയമായ മർദ്ദനങ്ങൾ അനുഭവിച്ച നേതാക്കന്മാരുടെ കൂട്ടത്തിൽ ഇന്ത്യയിലെ ക്രിസ്ത്യാനികളുണ്ടായിരുന്നു. ക്വിറ്റ് ഇന്ത്യാ പ്രഖ്യാപിച്ചുകൊണ്ട് മഹാത്മജി നയിച്ച പാവനമായ പടനീക്കത്തിൽ ഇന്ത്യയിലെ ക്രിസ്ത്യാനികളുണ്ടായിരുന്നു. ആയുധമേന്തിക്കൊണ്ട് ഇന്ത്യയെ വിദേശമേധാവിത്വത്തിൽനിന്നും മോചിപ്പിക്കുവാൻ ധീരസമരം ചെയ്ത നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ഇന്ത്യൻ നാഷണൽ ആർമിയിൽ ക്രിസ്ത്യാനികളുണ്ടായിരുന്നു. ക്രിസ്ത്യാനികളുടെ പേരു പറഞ്ഞ് ഇന്ത്യ വിട്ടുപോകുവാൻ വിസമ്മതം പ്രകടിപ്പിച്ച പോർട്ടുഗീസുകാരോട് ഇന്ത്യ വിട്ടുപോകാൻ ചങ്കൂറ്റത്തോടെ വിളിച്ചു പറഞ്ഞതും ഇന്ത്യയിലെ ക്രിസ്ത്യാനകളാണ്.

ദരിദ്രരോട് സുവിശേഷം പ്രസംഗിക്കുവാനും ഹൃദയവ്യഥയനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുവാനും ബന്ധിതരെ മോചിപ്പിക്കുവാനും, കുരുടർക്ക് കാഴ്ചനൽകുവാനും മർദ്ദിതരെ സ്വതന്ത്രരാക്കുവാനും വന്ന യേശുവിന്റെ കാലടികളെ പിന്തുടരുന്ന ഇന്ത്യയിലെ 2½ ശതമാനം വരുന്ന ക്രൈസ്തവർ, ഭാരതത്തിലെ സകല ജനങ്ങളുടെയും സമഗ്രപുരോഗതി ലക്ഷ്യമാക്കിയാണ് പ്രവർത്തിച്ചിട്ടുള്ളത്. ഇന്ത്യയിലുടനീളം കാണുന്ന ആയിരക്കണക്കിന് സ്ക്കൂളുകളും കോളേജുകളും ആശുപത്രികളും, ആതുരാലയങ്ങളും അതാണ് വിളിച്ചറിയിക്കുന്നത്. കുഷ്ഠരോഗികൾ, അന്ധന്മാർ, വികലാംഗർ, മന്ദബുദ്ധികൾ തുടങ്ങിയവരുടെ സങ്കേതങ്ങളും മനുഷ്യസേവനത്തിന്റെ മകുടോദാഹരണങ്ങളാണ്. ക്രൈസ്തവ സഭയുടെ സേവനങ്ങൾ ക്രിസ്ത്യാനികൾക്കുവേണ്ടി മാത്രമല്ല മാനവരാശിയുടെ നന്മയെ മുഴുവൻ കണ്ടുകൊണ്ടുള്ളതാണ്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവസമൂഹം അനുഭവിക്കേണ്ടിവന്ന പീഢനങ്ങളും പ്രയാസങ്ങളും ഭാരതത്തിലെ വിശിഷ്യ, കേരളത്തിലെ ക്രൈസ്തവസഭ അനുഭവിക്കേണ്ടി വന്നിട്ടില്ല. എല്ലാ മതങ്ങളെയും ആശയങ്ങളെയും ഉൾക്കൊള്ളുവാനുള്ള ഒരു വിശാലവീക്ഷണം ഇന്ത്യ എന്നും സ്വീകരിച്ചിരുന്നുവെന്നത് പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. ആദ്യഘട്ടങ്ങളിൽ കേരളത്തിലെ ക്രൈസ്തവർ പ്രാദേശിക ഭരണകർത്താക്കളുടെ

www.malankaralibrary.com

പ്രീതിക്ക് പ്രാത്രമായിരുന്നതുകൊണ്ടും ഉജ്ജ്വലമായ സഭാ നേതൃത്വത്തിന്റെ തണലിൽ വലിയ പ്രശ്നങ്ങളൊന്നും നേരിട്ടിരുന്നില്ല. കേരളത്തിൽ ക്രൈസ്ത വരുടെ സംഖ്യ വർദ്ധിക്കുകയും എല്ലാ ഭാഗങ്ങളിലും ക്രൈസ്തവർ കുടി യേറി പാർക്കുകയും ഇതര മണ്ഡലങ്ങളിൽ സഹോദര സമൂഹങ്ങളുമായി മത്സരം വേണ്ടിവരികയും ചെയ്തപ്പോൾ ക്രൈസ്തവസമൂഹത്തിൽ പരിഹൃ തമാകേണ്ട പ്രശ്നങ്ങൾ ഒന്നിനു പുറകെ ഒന്നായി ഉണ്ടായിക്കൊണ്ടിരുന്നു. സംഘാതമായ പ്രവർത്തനങ്ങളിൽക്കൂടി മാത്രമേ അത്തരം കാര്യങ്ങൾക്കു പരിഹാരം കണ്ടെത്താനാവൂ എന്നു ക്രൈസ്തവസമുദായാംഗങ്ങൾക്കു ബോദ്ധ്യമായി. സംഘടിച്ചു ശക്തരാകുക മാത്രമാണു പോംവഴിയെന്നു കേര ളത്തിലെ ക്രൈസ്തവർ മനസ്സിലാക്കി. ആ രീതിയിലുള്ള നീക്കത്തിന് ആരം ഭംകുറിച്ചത് 1890-ാമാണ്ടോടുകൂടിയാണ്.

## അന്നത്തെ സമുദായം

ക്രൈസ്തവസഭയോളംതന്നെ പഴക്കം കേരളത്തിലെ ക്രൈസ്തവസ ഭയ്ക്ക് ഉണ്ട് എന്നത് തർക്കമറ്റ സംഗതിയാണ്. മഹത്തായ ഒരു പാരമ്പര്യം കേരളസഭയ്ക്കുണ്ട്. ഘടനയിലും ഭരണക്രമത്തിലും എല്ലാം കേരളസഭ സ്വന്ത മായ വ്യക്തിത്വം എന്നും നിലനിർത്തിയിട്ടുണ്ട്. എന്നാൽ പോർട്ടുഗീസുകാ രുടെ വരവോടുകൂടി മതപ്രചരണം ലക്ഷ്യമാക്കി പോർട്ടുഗീസുകാരായ പുരോ ഹിതന്മാരും കേരളത്തിലെത്തി. പൗരസ്ത്യ ആചാരമര്യാദകളോടുകൂടിയ കേര ളത്തിലെ ക്രൈസ്തവസമുദായത്തെ ലത്തിനീകരിക്കുവാൻ പോർട്ടുഗീസുകാർ പല മാർഗ്ഗങ്ങളും സ്വീകരിച്ചു. പ്രമുഖ ചരിത്രകാരനായിരുന്ന ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നം എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക: 'പൗരസ്ത്യ ആചാ രമര്യാദകളോടുകൂടിയ കേരളത്തിലെ ക്രൈസ്തവസമുദായത്തെ ലത്തിനീ കരിക്കുവാൻ പോർട്ടുഗീസ് ഭരണാധികാരികൾ സ്വീകരിച്ച കുത്സിതമാർഗങ്ങ ളുടെ ആരംഭമായിരുന്നല്ലോ 1599-ലെ ഉദയംപേരൂർ സൂനഹദോസ്. അന്നു മുതൽ ഒരു വശത്ത് വിദേശമിഷനറിമാരുടെ ലത്തിനീകരണശ്രമവും മറുവ ശത്ത് ആ കുടുക്കിൽനിന്ന് രക്ഷപെടുവാനും സ്വന്തം വ്യക്തിത്വം നിലനിർത്താ നുമുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ യത്നവുമാണ് കേരള ചരിത്ര ത്തിൽ നാം കാണുന്നത്. കേരള ക്രൈസ്തവസമൂഹം അതിന്റെ മുഴുവൻ കഴിവും ശക്തിയും ഈ സ്വാതന്ത്ര്യസമരത്തിൽ കേന്ദ്രീകരിച്ചിരുന്നു. അദ്ധ്യാ ത്മികവശത്തിന് സർവ്വപ്രാധാന്യം നൽകിയിരുന്ന അവർ ഭൗതികവശത്തെ പ്പറ്റി അത്ര കാര്യമായി ചിന്തിച്ചിരുന്നില്ല. ഉപജീവനത്തിന് ആവശ്യമായിരുന്ന കൃഷിയിലും കച്ചവടത്തിലും അവർ തല്പരരായിരുന്നുവെങ്കിലും പൗരപര മായ അവകാശങ്ങൾ നേടിയെടുക്കുന്നതിന് അവർ സമയമോ സൗകര്യമോ കണ്ടെത്തിയില്ല.

www.malankaralibrary.com

## ജാത്യൈക്യ സംഘം (1882)

എല്ലാ സുറിയാനി ക്രിസ്ത്യാനികൾക്കും കൂടെ ഒരു പൊതു സമുദായ സംഘടന ആരംഭിക്കാനുള്ള ആലോചന 1882- ൽ ആണ് ആദ്യമായി നടന്നത്. നിധീരിക്കൽ മാണികത്തനാർ രൂപം കൊടുത്ത ആ സംഘടനയുടെ പേര് ജാത്യൈക്യ സംഘം എന്നായിരുന്നു.

ജാത്യൈക്യ സംഘത്തിന്റെ ഭരണഘടന 1887-ൽ തയ്യാറാക്കി തിരുവിതാംകൂർ ഗവൺമെന്റിനും റോമിലേക്ക് മാർപാപ്പായ്ക്കും സമർപ്പിച്ചു. വത്തിക്കാൻ ഗ്രന്ഥകാര്യാലയത്തിൽ അതിന്റെ കോപ്പി ഇന്നും സൂക്ഷിച്ചു വച്ചിട്ടുണ്ട്.

ജാത്യൈക്യ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ, ബാങ്കുകൾ, സഹകരണ സംഘങ്ങൾ മുതലായവ സ്ഥാപിച്ചു നടത്തണമെന്ന് ഭരണഘടനയിൽ എഴുതി ചേർത്തിരുന്നു. അതിന്റെ ചൈതന്യത്തിൽ ആണ് ദീപിക പത്രം ആരംഭിക്കുന്നത്. ജാത്യൈക്യ സംഘത്തിൽ സഹകരിച്ചിരുന്ന യാക്കോബായക്കാരുമായുള്ള ബന്ധം അധികനാൾ തുടരുവാൻ സാധിച്ചില്ല. ജാത്യൈക്യ സംഘത്തിനുവേണ്ടി വാങ്ങിയ വുഡ്‌ലാന്റ് എസ്റ്റേറ്റ് അവർ ഏകപക്ഷീയമായി കൈവശപ്പെടുത്തിയതോടെ ലവീഞ്ഞ് മെത്രാൻ ജാത്യൈക്യ സംഘത്തിന് എതിരായ നിലപാട് സ്വീകരിച്ചു. അതോടേ ജാത്യൈക്യ സംഘം തകർന്നു.

ആധുനിക കാലഘട്ടത്തിലെ ഭരണകർത്താക്കൾക്കുപോലും ഭാവിക്കാനും ചിന്തിക്കാനും സാധിക്കാതിരുന്ന പ്രവർത്തന പരിപാടികളോടുകൂടി ആരംഭിച്ച ജാത്യൈക്യസംഘത്തിന്റെ തകർച്ച ദുഃഖകരമായിരുന്നു.

## നസ്രാണി ഗുണദായനി സഭ

ജാത്യൈക്യ സംഘത്തിനു ശേഷം പാലായിലെ ഏതാനും കത്തോലിക്കാ നേതാക്കൾ ചേർന്ന് നസ്രാണി ഗുണദായനി സഭ 1897-ൽ രൂപീകരിച്ചു. മാണിക്കത്തനാരുടെ സമുദായോൽക്കർഷത്തിനുള്ള യത്നങ്ങൾക്ക് ശക്തി പകരനാണ് ഈ സംഘടന രൂപീകരിച്ചത്. ആ സംഘടനയുടെ ഭാരവാഹികൾ പ്രസിഡന്റ് വെള്ളൂക്കുന്നേൽ കുഞ്ഞുവർക്കി മാപ്പിള, വൈസ്പ്രസിഡന്റ് പേരേക്കാട്ട് ദേവസ്യാമാപ്പിള്ള, സെക്രട്ടറി വാഴയിൽ ദുമ്മിനിമാപ്പിള മുതൽപിടി തെരുവിൽ മത്തായി എന്നിവരായിരുന്നു. ഇവരെ കൂടാതെ ആലോചന സഭാംഗങ്ങളായി കുഴിവേലി മത്തായി മാപ്പിള, ഓലിക്കൽ മത്തായി മാപ്പിള, കിഴക്കേക്കര തൊമ്മൻ മാപ്പിള, കടുപ്പിൽ ദേവസ്യാ മാപ്പിള, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള എന്നിവരെയും തിരഞ്ഞെടുത്തു. ആരുടേയും പ്രോൽസാഹനം ലഭിക്കാതെ ആ സംഘടന തകർന്നു.

1903-ൽ തിരുവിതാംകൂർ കൊച്ചി സിറിയൻ ക്രിസ്ത്യൻ അസോസിയേഷൻ രൂപീകരിച്ചു. ആ സംഘടനയെ വളർത്താൻ ശ്രമിച്ചില്ലെന്നു മാത്രമല്ല

www.malankaralibrary.com

അതിനെ തകർക്കാൻ അന്നത്തെ മെത്രാന്മാർ ശ്രമിക്കുകയും ചെയ്തു. ദലഗാദ് അപ്പസ്തോലിക്ക ആ സംഘടനയ്ക്ക് എതിരായിരുന്നു. ദലഗാദ് അപ്പസ്തോലിക്കയുടെ ആജ്ഞയനുസരിച്ച് തിരുവിതാംകൂർ കൊച്ചി ക്രിസ്ത്യൻ അസോസിയേഷനിൽ അംഗമാകുന്നതിൽ നിന്നും കത്തോലിക്കരെ വിലക്കി.

1904-ൽ മാന്നാനത്ത് നടന്ന നാൽപതുമണി ആരാധനയുടെ സമാപനത്തിൽ നിധീരിക്കൽ മാണിക്കത്തനാർ നടത്തിയ ഉജ്ജ്വലത്തായ പ്രസംഗം കത്തോലിക്കരെ ബോധവൽക്കരിക്കാൻ സഹായകരമായിരുന്നു. 1905-ലെ നാൽപതുമണി ആരാധനയുടെ സമാപനത്തിൽ കേരള കത്തോലിക്കർക്ക് ഒരു സമുദായ സംഘടന ഉണ്ടാക്കുന്നതിനെപ്പറ്റി ആലോചിക്കണമെന്നും മാണി കത്തനാർ പറയുകയുണ്ടായി. ഏതാനും നാളുകൾക്കു ശേഷം മാണി കത്തനാർ ദിവംഗതനായി.

## മലയാളി മെമ്മോറിയൽ

തിരുവിതാംകൂറിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ് മലയാളി മെമ്മോറിയൽ സമർപ്പണം. ആധുനിക തിരുവിതാംകൂറിന്റെ ശില്പിയായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ദിഗ്വിജയത്തിന് സഹായിച്ചത് ഡിലിനോയി എന്ന യൂറോപ്യൻ കത്തോലിക്കനും രാമയ്യൻ എന്ന തമിഴ് ബ്രാഹ്മണനും ആയിരുന്നുവെങ്കിലും അതിൽനിന്നും രാഷ്ട്രീയമുതലെടുപ്പ് നടത്തിയത് രാമയ്യൻ മാത്രമാണ്. അദ്ദേഹത്തിന്റെ ബന്ധുക്കളും ആശ്രിതരുമായി വളരെയേറെ തമിഴ് ബ്രാഹ്മണർ തിരുവിതാംകൂറിൽ എത്തിച്ചേരുകയും രാജ്യഭരണത്തിൽ സ്വാധീനം ചെലുത്തിത്തുടങ്ങുകയും ചെയ്തു. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമായപ്പോഴേയ്ക്കും തിരുവിതാംകൂറിലെ പ്രധാന ഉദ്യോഗങ്ങളെല്ലാം അവരുടെ കൈയ്യിലായി. തിരുവിതാംകൂറിലെ ഉയർന്ന ഉദ്യോഗങ്ങൾ എല്ലാം തമിഴ് ബ്രാഹ്മണരുടെ കുത്തകയായിത്തീരുകയും മലയാളികൾക്ക് സർക്കാർ സർവ്വീസിൽ പ്രവേശനം നിഷേധിക്കുകയും ചെയ്ത ഒരു കാലഘട്ടത്തിൽ ദുർവ്വഹമായ ഈ ബ്രാഹ്മണമേധാവിത്വത്തെ തച്ചുടക്കുന്നതിനും മണ്ണിന്റെ മക്കൾക്ക് രാജ്യഭരണത്തിൽ ഉള്ള അവകാശം പുന:സ്ഥാപിക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനും കത്തോലിക്കനേതാക്കന്മാർ ശ്രമിച്ചുകൊണ്ടിരുന്നു. നിധീരിക്കൽ മാണിക്കത്ത്നാരും പാറായിൽ വർക്കി അവിരാത്തരകനുമായിരുന്നു ഈ സംരംഭത്തിന് നേതൃത്വം നൽകിയത്. ഈ നേതാക്കന്മാർ എല്ലാ ജാതിയിലും മതത്തിലും പെട്ട നേതാക്കന്മാരെ നേരിൽ കണ്ട് ഇന്നാട്ടുകാരായ എല്ലാ ജനവിഭാഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനെപ്പറ്റി ആലോചിക്കുകയും സംസ്ഥാനത്തിലെ സമുദായക്കാർക്ക് സർക്കാർ സർവ്വീസിൽ പ്രാതിനിധ്യം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 10038 പേർ ഒപ്പിട്ട ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. ദിവാൻജിയെ നേരിട്ടു കണ്ട് മെമ്മോറിയൽ സമർപ്പിച്ച ആറംഗഡപ്യൂട്ടേഷനിൽ കത്തോലിക്ക സമുദായ നേതാവായിരുന്ന സിറിയക് നിധീരിയും ഉണ്ടായിരുന്നു. നിവേ

www.malankaralibrary.com

ദനഫലമായി ഇന്നാട്ടുകാർക്ക് സർക്കാർ സർവ്വീസിൽ ഗണ്യമായ സ്ഥാനം ലഭിച്ചു. പക്ഷേ ഇന്നാട്ടുകാർക്ക് ലഭിച്ച ഉദ്യോഗങ്ങൾ എല്ലാം നായന്മാർക്ക് മാത്രമായിരുന്നു. വിവിധ സമുദായങ്ങൾക്ക് സർക്കാർ സർവ്വീസിൽ പ്രാതിനിധ്യമെന്ന മെമ്മോറാണ്ടത്തിലെ ആവശ്യം നായരുടെ മേധാവിത്വം സുരക്ഷിതമായപ്പോൾ നായർ സമുദായം അവഗണിച്ചു. കത്തോലിക്കർ രൂപം കൊടുത്തതും എല്ലാ മതവിഭാഗങ്ങളുടെയും സഹകരണത്തിൽ സമർപ്പിച്ചതുമായ മെമ്മോറാണ്ടത്തിന്റെ ഫലമിതായിരുന്നു.

## ആദ്ധ്യാത്മിക സ്വയംഭരണം

ആദ്ധ്യാത്മിക സ്വയംഭരണത്തിനുവേണ്ടി ദീർഘനാളായി സമരം ചെയ്തുകൊണ്ടിരിക്കുന്ന സുറിയാനി ക്രിസ്ത്യാനികൾക്ക് 1896-ലെ മൂന്നു വികാരിയാത്തുകളുടെ സ്ഥാപനത്തോടുകൂടി സ്വയംഭരണം അസാദ്ധ്യമല്ലെന്ന് വ്യക്തമായി. ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നം എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക: “പക്ഷേ ഈ ദീർഘസമരത്തിന്റെ അനിവാര്യമായ ഫലം, വിദേശമിഷനറിമാരോട് കൂട്ടുചേർന്നു നിന്നിരുന്ന ലത്തീൻ ക്രിസ്ത്യാനികളിലുള്ള വിശ്വാസരാഹിത്യമായിരുന്നു. ഒരേ വിശ്വാസവും ഒരേ മാമോദീസായും, ഒരേ കർത്താവും ഒരേ തലവനുമുള്ളവരെങ്കിലും ഈ മണ്ണിന്റെ മക്കൾതന്നെയായ അവർ രണ്ടു ഭിന്ന ചേരികളിൽ നിൽക്കാനിടയായത് ക്രൈസ്തവസമുദായത്തിന്റെ രാഷ്ട്രീയമായ ശക്തിക്ഷയത്തിന് കുറച്ചൊന്നുമല്ല കാരണമായത്. സ്വയം ഭരണലബ്ദിദൃശ്യമായതോടുകൂടി സമരരംഗത്തുനിന്ന് പിന്തിരിയാൻ അവസരം ലഭിച്ച ക്രിസ്ത്യാനികൾ ഇക്കാലമത്രയും തങ്ങളുടെ പൗരാവകാശങ്ങൾ അപഹരിക്കപ്പെട്ടിരിക്കുന്ന വസ്തുത കണ്ട് അമ്പരന്നു പോയി. രാഷ്ട്രീയമായ സ്വന്ത അസ്തിത്വത്തിനുതന്നെ മറ്റൊരു സമരം ചെയ്യാതെ നിവൃത്തിയില്ലന്നു വന്നു. അതിലേക്ക് സംഘടിക്കുക മാത്രമാണ് ഏക വഴിയെന്നും അവർ മനസ്സിലാക്കി. എന്നാൽ കത്തോലിക്കർ സംഘടിക്കുന്നതിനെ, അവർ സമരം ചെയ്തു നേടിയ അവരിൽ നിന്നു തന്നെയുള്ള വൈദികമേലദ്ധ്യക്ഷന്മാർ സംശയദൃഷ്ടിയോടെയാണ് വീക്ഷിച്ചത്. ജനങ്ങളുടെ സമരഫലമായി തങ്ങളുടെ സ്ഥാനത്തിന് എന്തെങ്കിലും തരത്തിൽ വെല്ലുവിളിയാകാവുന്ന മറ്റൊരു സമരത്തിന് പഴുതുണ്ടാകാതിരിക്കാൻ ജനങ്ങളെ അസംഘടിതരായി നിർത്തുകയാണ് വേണ്ടതെന്ന് അവർക്കു തോന്നിയിരിക്കാം.”

## മാന്നാനം സമ്മേളനം

കത്തോലിക്കർ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽനിന്നെല്ലാം പുറംതള്ളപ്പെട്ടുകൊണ്ടിരുന്ന വസ്തുത അന്നത്തെ അഭ്യസ്തവിദ്യരായ യുവജനങ്ങളെ വല്ലാതെ വേദനിപ്പിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ശ്രീ നാരായണ ധർമ്മപരിപാലനയോഗം, കേരളീയ നായർസമാജം, മുസ്ലീം സമാജം, നമ്പൂതിരി യോഗക്ഷേമ സഭ തുടങ്ങിയ സംഘടനകൾ സ്ഥാപിച്ച്

www.malankaralibrary.com

അവകാശങ്ങൾ കണക്കുപറഞ്ഞ് നേടിയെടുക്കുന്നത് അന്നത്തെ കത്തോലിക്ക യുവാക്കൾ കണ്ടു മനസ്സിലാക്കി. ഗവൺമെന്റ് സർവ്വീസിലും നിയമസഭയിലും പ്രാതിനിധ്യം നേടുക, റവന്യൂ ദേവസ്വം വകുപ്പ് വിഭജിച്ച് സർക്കാർ സർവ്വീസിൽ ഉദ്യോഗങ്ങൾ നേടിയെടുക്കുക, പള്ളിയും സെമിത്തേരിയും സ്ഥാപിച്ചു കിട്ടുന്നതിന് വിഘാതമായി നിൽക്കുന്ന നിയമങ്ങൾ ഭേദഗതി ചെയ്യുക തുടങ്ങിയ കാര്യങ്ങൾ നേടിയെടുക്കുന്നതിന് കത്തോലിക്കർ സംഘടിക്കണമെന്നുള്ള ഒരു ആശയം പ്രാബല്യത്തിൽവന്നു. തൃശിനാപ്പിള്ളിയിൽ ഉന്നത വിദ്യാഭ്യാസം നടത്തിക്കൊണ്ടിരുന്ന യുവജനങ്ങൾ ഈ വിഷയത്തെപ്പറ്റി ആലോചനകൾ നടത്തിയിരുന്നു. സംഘടനാസ്ഥാപനത്തിന് വൈദികമേലദ്ധ്യക്ഷൻമാരുടെ സഹകരണം ലഭിക്കുകയില്ല എന്നറിയാമായിരുന്നതുകൊണ്ട് അവർ തന്ത്രപൂർവ്വമാണ് കരുക്കൾ നീക്കിയത്. ദീപിക പത്രത്തിന്റെ സ്ഥാപക നേതാക്കളായിരുന്ന നിധീരിക്കൽ മാണി കത്തനാരെയും പാറയിൽ വർക്കി അവിരാതരകന്റെയും സഹകരണത്തിലും നേതൃത്വത്തിലുമാണ് പിന്നീട് കാര്യങ്ങൾ നീക്കിയത്.

കേരളകത്തോലിക്കരുടെ വത്തിക്കാനെന്നറിയപ്പെടുന്ന മാന്നാനത്തുവച്ച് ഒരു സംഘടനാസ്ഥാപന ആലോചനായോഗം നടത്തുന്നതിന് ശ്രമിച്ചു. മാന്നാനം നാല്പതുമണിയാരാധനയായിരുന്നു സംഘടനാ സ്ഥാപനത്തിന് അവർ തെരഞ്ഞെടുത്ത അവസരം. മാന്നാനത്തെ നാല്പതുമണിയാരാധന കേരളത്തിലെ ഏറ്റവും വലിയ ഒരു മതകർമ്മമായിരുന്നു. കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും ആളുകൾ നാല്പതുമണിയാരാധനയിൽ പങ്കെടുക്കുവാൻ മാന്നാനത്തെത്തിയിരുന്നു. മാന്നാനമായിരുന്ന അന്നത്തെ ഏറ്റവും വലിയ തീർത്ഥസ്ഥലം.

സംഘടനാസ്ഥാപനത്തിന്റെ ആവശ്യകതയെപ്പറ്റി മറ്റാരെക്കാളും ബോധവാനായിരുന്ന നിധീരിക്കൽ മാണിക്കത്തനാർ 1904-ലെ നാല്പതുമണിയാരാധനയുടെ സമാപന ദിവസം നടത്തിയ പ്രസംഗത്തിൽ സംഘടനാസ്ഥാപനത്തിന്റെ ആവശ്യകത ഊന്നിപ്പറയുകയും 1905-ൽ മാന്നാനത്തുവച്ച് ഇതു സംബന്ധിച്ചുള്ള ആലോചനകൾ നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

1905-ലെ മാന്നാനത്തെ നാല്പതുമണിയാരാധനയ്ക്കുമുൻപായി യുവജനങ്ങളുടെ നേതാവും അവരുടെ വിശ്വസ്തനായ ഉപദേശകനുമായ മാണിക്കത്തനാർ അന്തരിച്ചു. പിന്നെ യുവജനങ്ങൾക്ക് ഏക ആശ്രയം പാറായിൽ അവിരാ വർക്കിത്തരകനായിരുന്നു. അദ്ദേഹം വലിയ ജന്മിയായിരുന്നുവെങ്കിലും പുരോഗമനവാദിയും യുവജനങ്ങളുടെ ഉറ്റമിത്രവുമായിരുന്നു.

## മാന്നാനം സമ്മേളനം

1905-ലെ നാല്പതുമണിയാരാധനയുടെ സമാപനദിനമായ മേയ് 13-ാം തീയതി ശനിയാഴ്ച കുരുവിനാക്കുന്നേൽ തൊമ്മന്റെ അദ്ധ്യക്ഷതയിൽ യോഗം

www.malankaralibrary.com

ചേർന്നു. വൈദികരുടെയും അൽമായരുടെയും സഹകരണത്തോടെ സംഘടിപ്പിച്ച പ്രസ്തുത യോഗം എല്ലാ റീത്തുകാരെയും പ്രദേശക്കാരെയും സംഘടിപ്പിച്ചുകൊണ്ട് കത്തോലിക്കക്രിസ്തീയ മഹാസഭയ്ക്ക് രൂപം കൊടുക്കുവാനും മഹാസഭയുടെ പ്രഥമ സമ്മേളനം ആലപ്പുഴ വിളിച്ചുകൂട്ടാനും പാറായിൽ അവിരാ വർക്കിത്തരകൻ സംഘടനയുടെ സ്ഥിരാദ്ധ്യക്ഷനായിരിക്കുവാൻ അഭ്യർത്ഥിക്കുവാനും തീരുമാനിച്ചു.

മാന്നാനം സമ്മേളനതീരുമാനപ്രകാരം ആലപ്പുഴ മങ്ങാടിപ്പള്ളി മാളികയിൽ കത്തോലിക്കക്രിസ്തീയ മഹാസഭയുടെ പ്രഥമസമ്മേളനം നടന്നു. കേരള ക്രൈസ്തവസമുദായത്തിന്റെ അനിഷേധ്യനേതാവ് പാറായിൽ വർക്കിതരകൻ യോഗത്തിൽ സന്നിഹിതനായിരുന്നു. ലത്തീൻ സമുദായനേതാവ് മയ്യനാട്ട് ജോസഫ് യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. ആലപ്പുഴ സമ്മേളനത്തിൽ മാന്നാനം സമ്മേളനത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു.

ആലപ്പുഴ യോഗറിപ്പോർട്ട് ദീപികയിൽ ഇപ്രകാരം ചേർത്തിരിക്കുന്നു: 'ആലപ്പുഴ യോഗത്തിൽ സുറിയാനി, ലത്തീൻ എന്നീ രണ്ടു റീത്തിലും ഉൾപ്പെട്ട മാന്യന്മാർ ഹാജരാകുകയും രണ്ടു സംഘമായി തിരിയുന്നതാകയാൽ സുറിയാനിക്കാർ പിന്നെയും വടക്കുംഭാഗം തെക്കുംഭാഗം എന്നിങ്ങനെയും, ലത്തീൻകാർ എഴുന്നൂറ്റിക്കാർ, മുന്നൂറ്റിക്കാർ എന്നിങ്ങനെയും പല അവാന്തരജാതി വിഭാഗത്തിൽ ഉൾപ്പെട്ടുപോകുന്നതിന് എളുപ്പമുണ്ടെന്നും അത് ഐക്യമത്യത്തിനും തദ്വാരാ സമുദായശ്രേയസ്സിനും പ്രതിബന്ധമാണെന്നും ആകയാൽ രണ്ടു റീത്തിലും ഉൾപ്പെട്ടവർ ഒന്നുചേർന്നുതന്നെ ഈ സഭ നടത്തണമെന്ന് തീർച്ചപ്പെടുത്തുകയും ചെയ്തിരിക്കുന്നത് വളരെ സന്തോഷാവഹകമാകുന്നു. സഭ വകയായി ഈ യോഗത്തിൽവച്ചു നടപ്പാക്കപ്പെട്ട റൂളിലെ രണ്ടാംവകുപ്പ് തിരുവിതാംകൂർ-കൊച്ചി-മലബാർ സംസ്ഥാനങ്ങളിലെ യാതൊരു കത്തോലിക്കക്രിസ്ത്യാനിക്കും അവർ ഏതു റീത്തിൽ ഉൾപ്പെട്ടവരായിരുന്നാലും ഇതിൽ അംഗമായിരിക്കാം എന്നതാണെന്നു കാണുന്നു.'

അഖിലകേരളാടിസ്ഥാനത്തിൽ സ്ഥാപിതമായ കത്തോലിക്കക്രിസ്തീയമഹാസഭയുടെ ഒന്നാമതു വാർഷികം 1906-ൽ എറണാകുളത്തും ദ്വിതീയ വാർഷികം 1907-ൽ വൈക്കത്തും വച്ചു നടന്നു. സംഘടനാസ്ഥാപനത്തിന് ധീരമായ പിന്തുണ നൽകിയ പാറായിൽ വർക്കിതരകന്റെ നിര്യാണത്തോടെ സംഘടന ശക്തിപ്പെടുത്തുവാനുള്ള നീക്കം പരാജയപ്പെട്ടു. സംഘടനാസ്ഥാപനത്തിന് മുൻനിന്നു പ്രവർത്തിച്ച നിധീരിക്കൽ മാണിക്കത്താനാരുടെയും പാറായിൽ വർക്കി തരകന്റെയും നിര്യാണത്തോടെ യുവജനങ്ങൾ ആകെ വിഷമസന്ധിയിലായി. എങ്കിലും പ്രതീക്ഷയോടെ അവർ കരുക്കൾ നീക്കിക്കൊണ്ടിരുന്നു.

## സാമൂഹ്യസമ്മേളനങ്ങൾ

സംഘടന പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ആലോചനകൾ വീണ്ടും

www.malankaralibrary.com

നടന്നുകൊണ്ടിരുന്നു. ഹെഡോഫീസോ മൂലധനമോ ഇല്ലായിരുന്നു. ആലോചനായോഗങ്ങൾ യുവനേതാക്കളുടെ വീടുകളിൽവച്ച് നടന്നു. സി. അന്തപ്പായി, ഐ.സി. ചാക്കോ, സിറിയക്ക് നിധീരി, മയ്യനാട്ട് ജോസഫ്, ഇലഞ്ഞിക്കൽ ജോസഫ്, കള്ളിയത്ത് അന്തോണി, പള്ളിവാതുക്കൽ ചാണ്ടി, ജോൺ നിധീരി, ടി.ജെ. മാത്യു തെള്ളിയിൽ, ജോസഫ് വെള്ളാപ്പള്ളി തുടങ്ങിയ യുവപ്രതിഭകളായിരുന്നു സംഘടനാ സ്ഥാപനത്തിനു നേതൃത്വം നൽകിയത്.

സംഘടനാരൂപം നൽകാതെ സാമൂഹ്യസമ്മേളനങ്ങൾ സംഘടിപ്പിക്കുവാനാണ് പിന്നീട് ശ്രമിച്ചത്. അതനുസരിച്ചുള്ള പ്രഥമ സാമൂഹ്യസമ്മേളനം 1907-ൽ വക്കീൽ സിറിയക്ക് നിധീരിയുടെ അദ്ധ്യക്ഷതയിൽ ആലപ്പുഴ ചേർന്നു. 1908-ൽ ഐ.സി. ചാക്കോയുടെ അദ്ധ്യക്ഷതയിൽ പുളിങ്കുന്നിലും 1909-ൽ ജോൺ നിധീരിയുടെ അദ്ധ്യക്ഷതയിൽ ചമ്പക്കുളത്തും 1910-ൽ സി. അന്തപ്പായിയുടെ അദ്ധ്യക്ഷതയിൽ എടത്വായിലും 1911-ൽ വി.ഡി. ഔസേപ്പിന്റെ അദ്ധ്യക്ഷതയിൽ പാലായിലും 1912-ൽ സി.വി. ആന്റണിയുടെ അദ്ധ്യക്ഷതയിൽ ഞാറയ്ക്കലും 1913-ൽ ഐ.സി. ചാക്കോയുടെ അദ്ധ്യക്ഷതയിൽ തൃശൂരും 1914-ൽ വക്കീൽ സിറിയക് നിധീരയുടെ അദ്ധ്യക്ഷതയിൽ ഇരിങ്ങാലക്കുടയിലും 1915-ൽ ജോസഫ് തളിയത്തിന്റെ അദ്ധ്യക്ഷതയിൽ ഒല്ലൂരും 1916-ൽ ഫാ. ജോൺ പാലോക്കാരന്റെ അദ്ധ്യക്ഷതയിൽ കുറവിലങ്ങാട്ടും 1917-ൽ സി. അന്തപ്പായിയുടെ അദ്ധ്യക്ഷതയിൽ അതിരമ്പുഴയിലും സാമൂഹ്യസമ്മേളനങ്ങൾ നടത്തി.

സംഘടനാരൂപീകരണശ്രമം താൽക്കാലികമായി ഉപേക്ഷിച്ചുകൊണ്ടാണല്ലോ സാമൂഹ്യസമ്മേളനം സംഘടിപ്പിക്കുവാൻ തീരുമാനിച്ചത്. എന്നാൽ ആദ്യത്തെ സാമൂഹ്യസമ്മേളനംതന്നെ നിരോധിച്ചേക്കുമെന്ന് കിംവദന്തിയുണ്ടായിരുന്നു. സമ്മേളനദിവസം രാവിലെ ആലപ്പുഴ മാർ സ്ലീബാപള്ളി വികാരി ഫാ. ജെയിംസ് കടവിൽ സമ്മേളന സെക്രട്ടറി ഇലഞ്ഞിക്കൽ ജോസഫ് കുഞ്ഞ് വക്കീലിന്റെ മേൽവിലാസത്തിൽ ഒരു കത്ത് ആൾ വശം കൊടുത്തയച്ചു. കത്തിലെ ഉള്ളടക്കത്തെപ്പറ്റി ഊഹിക്കുവാൻ സാധിച്ച ജോസഫ് കുഞ്ഞ് കത്ത് വാങ്ങി പോക്കറ്റിൽ നിക്ഷേപിക്കുകയും സമ്മേളനം സമാപിച്ചശേഷം കത്ത് തുറന്ന് ഉള്ളടക്കം മറ്റുള്ളവരെ വായിച്ചു കേൾപ്പിക്കുകയും ചെയ്തു. ചങ്ങനാശ്ശേരി മെത്രാന്റെ നിരോധന കല്പനയായിരുന്നും അത്.

സാമൂഹ്യസമ്മേളനങ്ങളിൽ വൈദികശ്രേഷ്ഠന്മാരും, ഭരണകർത്താക്കളും വിദ്യാസമ്പന്നരും പൊതുപ്രവർത്തനങ്ങളിൽ തീക്ഷണതയും ആസക്തിയും ഉള്ളവരും, സാമൂഹ്യരംഗത്ത് നേരിടുന്ന ആനുകാലിക പ്രശ്നങ്ങളെപ്പറ്റി അഭിപ്രായവിനിമയം നടത്തുകയും രാജ്യത്തെ ഭരണാധികാരികളുടെ പക്കൽ നിഞ്ചയങ്ങളും നിവേദനങ്ങളും വഴി പ്രശ്നപരിഹാരത്തിനു പരിശ്രമിക്കുകയും ചെയ്തുപോന്നു. ആ രീതിയിൽ നടന്ന യോഗങ്ങളാണ് കത്തോലിക്കാകോൺഗ്രസ് ഇന്നത്തെ രീതിയിൽ സംഘടിപ്പിക്കുന്നതിന് മുന്നോടിയായി

www.malankaralibrary.com

വർത്തിക്കുകയും പ്രചോദനം നൽകുകയും ചെയ്തത്.

ഇന്നത്തേതുപോലെ യാത്രാസൗകര്യങ്ങളൊന്നുമില്ലാതിരുന്ന അക്കാലഘട്ടത്തിൽ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നുമുള്ള സമുദായ പ്രമാണികളും സമുദായഭക്തന്മാരും സമ്മേളനത്തിൽ പങ്കെടുത്ത് ചർച്ചകൾ നടത്തിയെന്നത് വളരെയധികം പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. പാലായിൽ വച്ചു നടത്തിയ സാമൂഹ്യസമ്മേളനത്തിനു നേതൃത്വം നൽകിയത് എ. സി. കുര്യാക്കോസ് ആണ്. സമ്മേളനത്തിന്റെ സ്വാഗത സംഘാംഗങ്ങൾ മുണ്ടും വക്കീലന്മാർ ധരിക്കുന്ന രീതിയിലുള്ള കറുത്ത കോട്ടും തലപ്പാവും ധരിച്ച് യോഗത്തിൽ സംബന്ധിച്ചത് രസകരമായ കാഴ്ചയായിരുന്നു.

സമുദായ പരിഷ്കരണവിഷയത്തിൽ സമുദായാംഗങ്ങളുടെ സഹകരണം നേടനും സമുദായം നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി എല്ലാവരെയും ബോദ്ധ്യപ്പെടുത്തുന്നതിനും ഈ സമ്മേളനങ്ങൾക്ക് കഴിഞ്ഞു.

## സംഘടനാസ്ഥാപനം

"കേരള കത്തോലിക്കസമുദായത്തിന്റെ നീറുന്ന പ്രശ്നങ്ങൾ പരിഹൃതമാകുന്നതിന് സാമൂഹ്യസമ്മേളനത്തിന്റെ പ്രമേയങ്ങൾ തികച്ചും അപര്യാപ്തങ്ങളാണെന്ന് അനുഭവത്തിൽ നിന്നും സമുദായനേതാക്കൾക്ക് ബോദ്ധ്യമായി. തന്മൂലം സാമൂഹ്യസമ്മേളനത്തെ ഒരു സ്ഥിരം സംഘടനയായി രൂപാന്തരപ്പെടുത്തണമെന്ന ചിന്താഗതി അവരിൽ രൂഢമൂലമായി. അതിന്റെ ഫലമായി 1916-ൽ കുറവിലങ്ങാട്ടു വച്ച് നടന്ന സാമൂഹ്യസമ്മേളനത്തിൽ പ്രസ്തുത വിഷയം അദ്ധ്യക്ഷൻ ഫാ. ജോൺ പാലോക്കാരനും സ്വാഗതസംഘാദ്ധ്യക്ഷൻ ജോൺ നിധീരിയും, പ്രസംഗകരായ ഡോക്ടർ പി.ജെ. തോമസും, വി. സി. ജോർജും സമ്മേളനത്തിൽ ശക്തമായി അവതരിപ്പിച്ചു. തന്നെയുമല്ല കേരള കത്തോലിക്ക സംഘം എന്ന പേരിൽ സ്ഥിരമായ ഒരു അസോസിയേഷനായി സാമൂഹ്യസമ്മേളനത്തിന് രൂപഭേദം കൊടുക്കണമെന്ന പ്രമേയം വി.സി. ജോർജ് ചർച്ചക്കായി അവതരിപ്പിക്കുകയും ചെയ്തു."

സാമൂഹ്യസമ്മേളനം ഇതേ പേരിൽ തന്നെ തുടരണമെന്ന അഭിപ്രായഗതിയുള്ളവരും നിർദ്ദിഷ്ടസംഘത്തിന്റെ ഘടന, വ്യാപ്തി മുതലായ കാര്യങ്ങളെപ്പറ്റി അഭിപ്രായഭിന്നതയുള്ളവരും സമ്മേളനചർച്ചകളിൽ പങ്കെടുത്തു. തന്മൂലം വി.സി. ജോർജ് തന്റെ പ്രമേയം പിൻവലിച്ചു. വൈദിക സാന്നിദ്ധ്യവും സഹകരണവും ഏറ്റവും കൂടുതലുണ്ടായിരുന്നത് കുറവിലങ്ങാട്ട് സാമൂഹ്യ സമ്മേളനത്തിലാണ്. സ്വാഗതസംഘാദ്ധ്യക്ഷൻ ഫാ. സി.കെ. മറ്റവും യോഗാദ്ധ്യക്ഷൻ ഫാ. പാലോക്കാരനുമായിരുന്നു. ദിവംഗതനായ ബർണാർദച്ചന്റെ മാർത്തോമ്മ ക്രിസ്ത്യാനികൾ എന്ന സമുദായ ചരിത്രത്തിനുള്ള അഭിനന്ദന സൂചകമായി ചരത്രപ്രേടുവായ ആ വൈദികവരേണ്യന് സമുദായം വക ഒരു സ്വർണ്ണമെഡൽ നൽകിയതും ഈ സമ്മേളനത്തിൽവച്ചുതന്നെ.

ശ്രീ. ജെയിംസ് കണ്ടത്തിൽ അതിരമ്പുഴ സമ്മേളനത്തെപ്പറ്റി ഇപ്രകാരം

www.malankaralibrary.com

എഴുതിയിരിക്കുന്നു: "വി.സി. ജോർജ് കുറവിലങ്ങാട് സമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയം അലസിപ്പോയതോടുകൂടി, ആ പ്രമേയത്തിന്റെ പ്രണേതാക്കളിൽ കടുത്ത വാശിതന്നെ ഉളവായി. സംഘടന കെട്ടിപ്പടുക്കണമെന്ന് അവർ ദൃഢ നിശ്ചയമെടുത്തു.... സാമൂഹ്യസമ്മേളനം മഹാജനസഭയായി രൂപഭേദം ചെയ്യണമായിരുന്നല്ലോ കുറവിലങ്ങാട് യോഗത്തിൽ വാദപ്രതിവാദത്തിനു വന്ന പ്രമേയം. ഇപ്രാവശ്യമാകട്ടെ സാമൂഹ്യസമ്മേളനവുമായി ബന്ധപ്പെടാതെ ഒരു പ്രത്യേകയോഗം കൂടണമെന്നും ആ യോഗത്തിൽ മഹാജനസഭാ സ്ഥാപനം സംബന്ധിച്ച പ്രമേയം ആലോചനക്കെടുക്കണമെന്നുള്ള അടവ് സ്വീകരിച്ചു. സാമൂഹ്യസമ്മേളനം ശ്രീ. അന്തപ്പായിയുടെ അധ്യക്ഷതയിൽ അതിരമ്പുഴ ചേർന്നു. രാവിലെയുള്ള സമ്മേളനം നേരത്തെ അവസാനിപ്പിച്ചശേഷം ശ്രീ. അന്തപ്പായി ഇപ്രകാരം പ്രസ്താവിച്ചു: "രാവിലത്തെ സെഷൻ അവസാനിച്ചിരിക്കുന്നു. തുടർന്ന് മറ്റൊരു യോഗം ആരംഭിക്കുകയാണ്. ഈ അവസരത്തിൽ ശ്രീ. ജോൺ നിധീരി 'ഈ യോഗത്തിന്റെ അദ്ധ്യക്ഷനായി ശ്രീ. സി. അന്തപ്പായിയെ അഭിപ്രായപ്പെടുന്നു' വെന്നു പറഞ്ഞു. ഒരാൾ അദ്ദേഹത്തെ പിന്താങ്ങി. ആ ഇരിപ്പിൽതന്നെ വിശേഷാൽയോഗം അന്തപ്പായിയുടെ അദ്ധ്യക്ഷതയിൽ കൂടി.

അദ്ധ്യക്ഷപ്രസംഗത്തിൽ സമുദായത്തെ ഫലപ്രദമായി സേവിക്കുന്നതിന് സ്ഥിരമായ ഒരു സംഘടന കരുപ്പിടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ശ്രീ അന്തപ്പായി പ്രതിപാദിച്ചു. പലരും ഈ വിഷയത്തെപ്പറ്റി പ്രസംഗിച്ചു. 'കേരള കത്തോലിക്കസുറിയാനിസഭ' എന്ന പേരിൽ ഒരു സ്ഥിരം സംഘടന സ്ഥാപിക്കണമെന്ന പ്രമേയം വി.സി. ജോർജ് അവതരിപ്പിക്കുകയും ഐക്യകണ്ഠേന അംഗീകരിക്കുകയും ചെയ്തു. കരടുനിയമങ്ങൾ എഴുതിയുണ്ടാക്കുന്നതിനു സി. അന്തപ്പായി, വി.ഡി. ഔസേപ്പ്, ജോൺ നിധീരി, സി.എം. ഫിലിപ്പ്, സി.ജെ. മാത്യു എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തു. അതോടെ വിശേഷാൽയോഗം സമാപിച്ചു.

ഉച്ചകഴിഞ്ഞ് സാമൂഹ്യസമ്മേളനം തുടർന്നു. ഈ സമ്മേളനത്തിൽ ഡോ. പി.ജെ. തോമസിനു പ്രശസ്തമായ പരീക്ഷാവിജയത്തിൽ അഭിനന്ദിച്ച് സ്വർണ്ണമെഡൽ നൽകി. അടുത്ത യോഗം ചങ്ങനാശ്ശേരിയിൽ നടത്താൻ തീരുമാനിച്ചു.

കേരളകത്തോലിക്കസുറിയാനി സഭയുടെ കരടുനിയമാവലിയുണ്ടാക്കാൻ നിയമിച്ച കമ്മറ്റിയ്ക്ക് ലഭിച്ച നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ സുറിയാനി മഹാജനസഭ എന്ന ആശയം ഉപേക്ഷിച്ച് സംഘടന കത്തോലിക്കസമുദായത്തെ ഒന്നടങ്കം ആശ്ലേഷിക്കുന്ന ഒന്നായിരിക്കണമെന്ന് അഭിപ്രായപ്പെട്ടു. നിയമപരമായി അങ്ങനെയൊരു നിർദ്ദേശം വയ്ക്കാൻ ആ കമ്മിറ്റിക്കു അവകാശമുണ്ടായിരുന്നില്ല. എങ്കിലും അവരുടെ ഉദ്ദേശശുദ്ധിയെ മാനിക്കുകതന്നെ ചെയ്തു. അൽമായരുടെ നേതൃത്വത്തിൽ ഒരു സംഘടന ഉണ്ടാകുന്നതിനോട് വൈദികമേലദ്ധ്യക്ഷന്മാർക്ക് ഒട്ടുംതന്നെ താല്പര്യമില്ലായിരുന്നു. ഇക്കാര്യ

www.malankaralibrary.com

ത്തിൽ മുൻപന്തിയിൽ നിന്നിരുന്നത് മാർ ളൂയിസ് പഴേപറമ്പിൽ ആണ്. മാത്യു തെള്ളിക്കു പഴേപറമ്പിൽ തിരുമേനിയുമായി അടുത്ത സൗഹൃദബന്ധം ഉണ്ടായിരുന്നു. സംഘടനാസ്ഥാപനത്തിനുള്ള അനുവാദത്തിനായി ടി.ജെ. മാത്യു തെള്ളി മാർ പഴേപറമ്പിൽ തിരുമേനിയെ സന്ദർശിച്ചു. പ്രതികരണം അനുകൂലമായിരുന്നില്ല. നിരാശനാകാതെ വീണ്ടും പ്രവർത്തിച്ചു. മാർ പഴേപറമ്പിൽ തിരുമേനിയുടെ മുൻപിൽ ദീർഘനേരം മുട്ടുകുത്തിനിന്ന് അഭ്യർത്ഥിച്ചു. സംഘടനയ്ക്ക് അനുവാദം ലഭിക്കുന്നതിനു ഫാ. സിറിയക്ക് വെട്ടിക്കാപ്പള്ളിയുടെ സഹകരണവും ടി.ജെ. മാത്യു തേടി. മാർ പഴേപറമ്പിൽ തിരുമേനി കരടുനിയമാവലി പരിശോധിക്കുകയും 'വൈദിക കാര്യങ്ങളിൽ ഇടപെടരുതെന്ന' നിർദ്ദേശം കൂടുതലായി എഴുതി ചേർക്കുകയും ചെയ്തു. മാർ ളൂയിസിന്റെ അംഗീകാരം കിട്ടിയ ശേഷം കോട്ടയം ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്കാമാരും അവരുടെ ഔപചാരികമായ അംഗീകാരവും അനുമതിയും നൽകി. അനന്തരം തൃശൂർ മെത്രാനെ സന്ദർശിക്കുകയും അദ്ദേഹവും യഥാകാലം അംഗീകാരം നൽകുകയും ചെയ്തു.

## കത്തോലിക്കമഹാജനസഭ

ചങ്ങനാശ്ശേരിയിൽ ചേരുന്ന സാമൂഹ്യസമ്മേളനത്തിൽവച്ച് മഹാജനസഭയുടെ ഉദ്ഘാടനം നടത്താനാണ് തീരുമാനിച്ചത്. ചങ്ങനാശ്ശേരി എസ്.ബി. ഹൈസ്ക്കൂൾ ഹാളായിരുന്നു സമ്മേളനസ്ഥലം. സമ്മേളനനഗറിലേക്ക് പ്രവേശിക്കുവാൻ രണ്ടു കവാടങ്ങൾ കമനീയമായി തയ്യാറാക്കി. ഒരു കവാടത്തിൽ 'കേരളകത്തോലിക്കമഹജനസഭ – പ്രഥമ സമ്മേളനം' എന്നും രണ്ടാമത്തെ കവാടത്തിൽ 'കത്തോലിക്ക വടക്കുംഭാഗം സുറിയാനി ദ്വാദശ സാമൂഹ്യസമ്മേളനം' എന്നും എഴുതി. ഐ.സി. ചാക്കോയും അനുയായികളും തങ്ങൾ സാമൂഹ്യസമ്മേളനം കൂടാൻ വന്നവരാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് രണ്ടാമത്തെ കവാടത്തിൽ കൂടി പ്രവേശിച്ചു. മാർ കുര്യാളശേരി മെത്രാനും ചൂളപ്പറമ്പിൽ മെത്രാനും ആവേശകരമായ സ്വീകരണം സമ്മേളനനഗറിൽ ലഭിച്ചു. മാർ കുര്യാളശേരി സാമൂഹ്യസമ്മേളനത്തിന്റെ അദ്ധ്യക്ഷനായിരുന്നു. അദ്ധ്യക്ഷപ്രസംഗത്തിനുശേഷം സി. അന്തപ്പായി ലഘുപ്രസംഗത്തോടുകൂടി നിയമാവലി അവതരിപ്പിച്ചു. മഹാജനസഭയുടെ പേര് കത്തോലിക്കസുറിയാനിസഭ എന്ന ഐ.സി. ചാക്കോയുടെ ഭേദഗതി വോട്ടിനിട്ടു. അത് തള്ളപ്പെട്ടു. ബഹുഭൂരിപക്ഷപ്രകാരം ഇതരവകുപ്പുകൾ പാസാക്കുവാൻ വലിയ ഒച്ചപ്പാടൊന്നും വേണ്ടിവന്നില്ല. അതിനുശേഷം ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മൻ പബ്ലിക് സർവ്വീസിലെ കത്തോലിക്കരുടെ പ്രാതിനിധ്യം സംബന്ധിച്ച് അവതരിപ്പിച്ച പ്രമേയം പാസാക്കി. അനന്തരം മഹാജനസഭയുടെ പ്രസിഡണ്ടായി മാർ ളൂയിസ് പഴേപറമ്പിൽ തിരുമേനിയും വൈസ് പ്രസിഡണ്ടായി സി. അന്തപ്പായിയും ജനറൽ സെക്രട്ടറിയായി ടി.ജെ. മാത്യു തെള്ളിയും ഖജാൻജിയായി ജോസഫ് വെള്ളാപ്പള്ളിയും തെരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ

www.malankaralibrary.com

ഇന്നത്തെ കത്തോലിക്ക കോൺഗ്രസ് കേരളകത്തോലിക്കമഹാജനസഭ എന്ന പേരിൽ ലിഖിത ഭരണഘടനയോടുകൂടി 1918-ൽ രൂപം കൊണ്ടു. പൗരസമത്വ വാദപ്രക്ഷോഭണം അലതല്ലിക്കൊണ്ടിരുന്ന സന്ദർഭമായിരുന്നു അത്. പിന്നീടു നടന്ന പൗരാവകാശസമരങ്ങളിലും പൗരസമത്വവാദപ്രക്ഷോഭണത്തിലും കത്തോലിക്കസമുദായ ജിഹ്വയായി പ്രവർത്തിച്ചത് കത്തോലിക്കകോൺഗ്രസായിരുന്നു. കഴിഞ്ഞ ആറു ദശാബ്ദത്തിനകം സമുദായത്തിനുണ്ടായിട്ടുള്ള എല്ലാ നേട്ടങ്ങളുടെയും പിന്നിൽ കത്തോലിക്കകോൺഗ്രസിന്റെ സംഘടിതമായ നീക്കങ്ങൾ കാണാം.

## റവന്യൂ ദേവസ്വം വിഭജന പ്രക്ഷോഭണം

ക്രിസ്ത്യാനികൾക്കും സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം നൽകാതിരിക്കുവാൻ സവർണ്ണ സമുദായം ഉന്നയിച്ച പ്രധാന വാദം ഹൈന്ദവക്ഷേത്രങ്ങളുടെ ഭരണം സർക്കാരിനായിരുന്നുവെന്നതാണ്. ഈ വാദഗതി അവർ ഉന്നയിക്കുമായിരുന്നെങ്കിൽ മലയാളി മെമ്മോറിയൽ സമർപ്പണത്തിനു മുൻപുതന്നെ നായർ സമുദായം തുറന്നുപറയേണ്ട കാര്യമായിരുന്നു അത്. മലയാളി മെമ്മോറിയൽ സമർപ്പണത്തിനു നേതൃത്വം നൽകുകയും ആളും അർത്ഥവും അതിനായി വിനിയോഗിക്കുകയും ചെയ്ത ക്രൈസ്തവസമുദായത്തിന്റെ വികാരങ്ങളെ മനസ്സിലാക്കുവാൻ നായർ സമുദായത്തിന് സാധിച്ചില്ല. ഏതായാലും ഈ ദേവസ്വം നൂലമാല സർക്കാരിൽ നിന്നും അടർത്തിയെടുക്കാതെ ക്രിസ്ത്യാനികൾക്ക് രക്ഷയില്ലെന്ന് അഹിന്ദുക്കൾ പ്രത്യേകിച്ച് ക്രിസ്ത്യാനികൾ മനസ്സിലാക്കി. അങ്ങനെയാണ് റവന്യു ദേവസ്വം വിഭജനത്തിനുവേണ്ടിയുള്ള പൗരസമത്വവാദ പ്രക്ഷോഭമുണ്ടായത്. ഇന്നത്തെ തലമുറയ്ക്ക് പൗരസമത്വവാദത്തിന്റെ ആവശ്യകത മനസ്സിലാക്കണമെങ്കിൽ അന്നത്തെ സ്ഥിതി പഠിക്കേണ്ടിയിരിക്കുന്നു. ആ കാലഘട്ടത്തെപ്പറ്റി ശ്രീ. എം. ഒ. ജോസഫ് നെടുംകുന്നം എഴുതിയിരിക്കുന്നത് നോക്കുക:

'നിയമനിർമ്മാതാവും നിയമപാലകനും അന്നു മഹാരാജാവ് മാത്രമായിരുന്നു. അദ്ദേഹത്തെ ഉപദേശിച്ചിരുന്ന പ്രധാന ഉദ്യോഗസ്ഥന്മാരെല്ലാം നായന്മാർ. മഹാരാജാവിന്റെ ഭാര്യ ഒരു നായർ വനിത ആയിരുന്നതിനാൽ ആ വഴിക്കും സമുദായത്തിമും പ്രാമാണ്യം ലഭിച്ചിരുന്നു. നിയമങ്ങൾ എഴുതി ഉണ്ടാക്കുന്നവരും അത് വ്യാഖ്യാനിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നവരും നായന്മാർ മാത്രമായിരുന്നതിനാൽ മറ്റു സമുദായത്തിൽപ്പെട്ടവർക്കു നീതി ലഭിക്കുകയില്ലെന്ന നിലവന്നിരുന്നു. ഉദ്യോഗത്തിന്റെ പ്രൗഢിയും ശമ്പളവുമെന്നതിലധികമായി ഈ നീതിയുടെ കാര്യത്തിലായിരുന്നു അഹിന്ദുസമുദായത്തിന്റെ ഉൽക്കണ്ഠ മുഴുവൻ. ഈ നായർ മേധാവിത്വം കയ്യടക്കി വച്ചിരുന്നത് ഭരണരംഗം മാത്രമായിരുന്നില്ല. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും അവർ ആധിപത്യം പുലർത്തിപ്പോന്നു. രാജ്യചരിത്രംതന്നെ സ്വസമുദായത്തിന്റെ മേന്മ പാടുന്നതിനുള്ള ഒരു ഉപാധിയാക്കി അവർ മാറ്റി എഴുതി. നായ

www.malankaralibrary.com

ന്മാർ രാജസേവകരും അനായന്മാർ രാജ്യദ്രോഹികളുമാണെന്ന് വരത്തക്ക കള്ളച്ചരിത്രങ്ങൾ നിർമ്മിച്ച് സർക്കാർ സഹായത്തോടെ അവർ പ്രചരിപ്പിച്ചു. അവർ എഴുതുന്ന ഏതും വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങളാക്കി എല്ലാവരും പഠിക്കുവാൻ ഏർപ്പാടുണ്ടാക്കി. ഹിന്ദുമതസംബന്ധമായ ഏതു കൃതിയും സാഹിത്യവും ക്രിസ്തുമതസംബന്ധമായവ മതവുമെന്ന ലേബൽ പതിച്ച് അവർ മാറ്റി നിർത്തി. എന്തിന് അക്കാലത്തെ ചരിത്രമോ സാഹിത്യമോ ഒന്നു പരിശോധിച്ചാൽ ക്രിസ്ത്യനികൾ എന്നൊരു കൂട്ടർ ഇവിടെ ജീവിച്ചിരുന്നുവെന്നതിന് കാര്യമായ സൂചനകളൊന്നും ലഭിച്ചെന്നു വരികയില്ല. അങ്ങനെ മറ്റുള്ളവരെ രാഷ്ട്രീയമായും സാംസ്കാരികമായും അടിമത്തത്തിൽ വച്ചുകൊണ്ടിരിക്കുന്നതിന് നായർമേധാവിത്വത്തിനു കഴിഞ്ഞു.

നായർ സമുദായത്തിന്റെ എതിർപ്പുകളെ അതിജീവിച്ച് പൗരസമത്വവാദം വിജയിച്ചു. റവന്യൂ ദേവസ്വം വകുപ്പ് വിഭജനം 1922-ൽ ഒരു യാഥാർത്ഥ്യമായി. കത്തോലിക്കകോൺഗ്രസ് നേതൃത്വം വഹിച്ച ആ പ്രക്ഷോഭണത്തിന്റെ മുന്നണിപ്പോരാളികൾ പി. ജേക്കബ് കുര്യൻ, അഡ്വ. ജോൺ നിധീരി (സെക്രട്ടറി), ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മൻ എന്നിവരായിരുന്നു. റവന്യൂ-ദേവസ്വം വിഭജനത്തെ തുടർന്ന് ക്രിസ്ത്യാനികൾക്കും ഉയർന്ന ഉദ്യോഗങ്ങൾ ലഭിക്കുമെന്നായി. എന്നാൽ കത്തോലിക്കർ വീണ്ടും എല്ലാ രംഗത്തും പുറംതള്ളപ്പെടുന്ന കാഴ്ചയാണ് തിരുവിതാംകൂർ കണ്ടത്. മലയാളി മെമ്മോറിയൽ പ്രക്ഷോഭണം കൊണ്ട് നേട്ടമുണ്ടായത് നായർ സമുദായത്തിനാണെങ്കിൽ പൗരസമത്വവാദപ്രക്ഷോഭണംകൊണ്ട് നേട്ടമുണ്ടായത് മദ്രാസ് ഗവർണറായിരുന്ന വെല്ലിംഗ്ടൺപ്രഭു ഉൾപ്പെടുന്ന പ്രോട്ടസ്റ്റന്റ് മതവിഭാഗത്തിനും അവരോട് ഒട്ടിനിന്ന മാർത്തോമ്മാക്കാരാദിയായ അകത്തോലിക്കർക്കുമാണ്. കത്തോലിക്കർ വീണ്ടും പുറംതള്ളപ്പെട്ടു.

## എം.എം. വർക്കിയുടെ സേവനം

ഈ കാലഘട്ടത്തിലാണ് ശ്രീ. എം.എം. വർക്കി രംഗപ്രവേശനം ചെയ്യുന്നത്. യാക്കോബായ സമുദായത്തിൽ ജനിച്ച് കത്തോലിക്കമതത്തെ ആശ്ലേഷിച്ച ശ്രീ വർക്കി തന്റെ പ്രധാനപ്രവർത്തനരംഗമായി തിരഞ്ഞെടുത്തത് തിരുവനന്തപുരമാണ്. ക്രിസ്ത്യാനികൾക്ക് ഈ രാജ്യത്ത് അവർ അർഹിക്കുന്ന നില ലഭ്യമാകണമെങ്കിൽ അതിനുള്ള സമരരംഗം തലസ്ഥാനനഗരം തന്നെയായിരിക്കണമെന്നു മനസ്സിലാക്കിയ അദ്ദേഹം കേരളദാസൻ, ദാസൻ, യുവഭാരതി എന്നീ പത്രങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ട് ചെയ്തിട്ടുള്ള സേവനങ്ങൾ വിലപ്പെട്ടതാണ്. ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നം പറയുന്നതുപോലെ 'അദ്ദേഹത്തിന്റെ പ്രോജ്ജ്വലങ്ങളായ മുഖപ്രസംഗങ്ങളും ലേഖനങ്ങളും സമർത്ഥമായ നേതൃത്വവും കത്തോലിക്കരിൽ അദൃഷ്ടപൂർവ്വമായ ഒരു രാഷ്ട്രീയോത്തേജനം സംജാതമാക്കി. അദ്ദേഹം ദാസൻ, യുവഭാരതി പത്രങ്ങളിൽ തുടരെ പ്രസിദ്ധം ചെയ്തുകൊണ്ടിരുന്ന സ്ഥിതിവിവര കണക്കുകൾ കത്തോ

www.malankaralibrary.com

ലിക്കരുടെയെന്നപോലെ അധികാരികളുടെയും കണ്ണുതുറപ്പിക്കാൻ കാരണമായി. കത്തോലിക്കസമുദായത്തിന് അചിരേണ ലഭിച്ച രാഷ്ട്രീയമായ അംഗീകാരത്തിനും ഉന്നതനിലയ്ക്കും ശ്രീ വർക്കിയോട് കത്തോലിക്ക സമുദായം കുറച്ചൊന്നുമല്ല കടപ്പെട്ടിരുന്നത്. സ്വന്തമായ സാമ്പത്തികലാഭത്തിന് ശ്രമിക്കാതിരുന്ന ശ്രീ വർക്കിയെ കേരള കത്തോലിക്കസമുദായം വിസ്മരിച്ചുകളഞ്ഞുവെന്നത് നമ്മുടെ സമുദായ ചരിത്രത്തിലെ ഇരുളടഞ്ഞ ഒരു ഏടായി അവശേഷിക്കുന്നു. ശ്രീ. വർക്കി കത്തോലിക്ക കോൺഗ്രസ് വർക്കിംഗ് കമ്മറ്റിയിൽ അംഗമായിരുന്ന് കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്ക് ധീരമായ നേതൃത്വം നൽകിയിരുന്നു.

## കത്തോലിക്കസമുദായം

റവന്യൂ-ദേവസ്വം വിഭജനത്തെ തുടർന്ന് ക്രിസ്ത്യാനികൾക്ക് ഉയർന്ന ഉദ്യോഗങ്ങൾ സിദ്ധിച്ചുവെങ്കിലും കത്തോലിക്കർ പിന്നെയും പുറംതള്ളപ്പെട്ടുവെന്ന് സൂചിപ്പിച്ചല്ലോ. ക്രിസ്ത്യാനകളുടെ കൂട്ടത്തിൽ കത്തോലിക്കരെ ഉൾപ്പെടുത്തുവാൻ സർക്കാർ തയ്യാറായില്ല. ഈ പരിതസ്ഥിതിയിൽ നിന്ന് കത്തോലിക്കർക്ക് മോചനം ലഭിക്കുവാൻ, അവരെ തനിച്ച് ഒരു സമുദായമായി അംഗീകരിച്ചുകിട്ടണമെന്ന് ക്രാന്തദർശിയായ സമുദായനേതാക്കന്മാർ മനസ്സിലാക്കി. അതിലേക്ക് കത്തോലിക്ക കോൺഗ്രസ് നേതാക്കളായിരുന്ന ജോൺ നിധീരി, ഇലഞ്ഞിക്കൽ തര്യത് കുഞ്ഞിത്തൊമ്മൻ, എം.എം. വർക്കി മുതലായവർ തദർത്ഥം ചെയ്തിട്ടുള്ള സേവനങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കരുടെ സംഘടിതശബ്ദം സർക്കാർ മനസ്സിലാക്കുകയും കത്തോലിക്കരെ പ്രത്യേകം ഒരു സമുദായമാക്കി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

## മെമ്മോറിയലുകൾ

കത്തോലിക്കരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി കത്തോലിക്ക കോൺഗ്രസ് മുൻനിന്നു നടത്തിയ ശ്രമങ്ങളുടെ അടിസ്ഥാനത്തിൽ പല മെമ്മോറിയലുകളും മഹാരാജാവിനും ദിവാനും നൽകിയിട്ടുണ്ട്. ആ മെമ്മോറിയലുകൾ തയ്യാറാക്കുന്നതിനും പ്രജാസഭയിലെ കത്തോലിക്കരായ മെമ്പർമാരെ സംഘടിപ്പിച്ച് മഹാരാജാവിന്റെ മുമ്പിലേക്ക് ആനയിക്കുന്നതിനും എം.എം. വർക്കി ചെയ്തിട്ടുള്ള സേവനങ്ങൾ വിലപ്പെട്ടതാണ്. വർക്കിയും അദ്ദേഹത്തിന്റെ കേരളദാസൻ പത്രത്തിന്റെ ഓഫീസും ഈ സംരംഭങ്ങൾക്ക് നൽകിയ നേതൃത്വം അഭിമാനകരമായിരുന്നു. 1924 മാർച്ച് 14-ാം തീയതി കത്തോലിക്കരായ 14 പ്രജാസഭാംഗങ്ങൾ ചേർന്നു മഹാരാജാവിനും 1924 ഒക്ടോ. 2-ാം തീയതി നിയമസഭയിലെ കത്തോലിക്കാ മെമ്പർമാരെ സംഘടിപ്പിച്ച് മഹാറാണി റീജന്റിനും സമർപ്പിച്ച മെമ്മോറിയലുകൾ കത്തോലിക്കരുടെ അവകാശവാദങ്ങൾ മുൻനിർത്തിയുള്ളതാണ്.

www.malankaralibrary.com

## കാത്തലിക് ക്ളെയിംസ്

രാജ്യത്തെ നീതിന്യായാസനമായ ഹൈക്കോടതിയിൽ ഒരു കത്തോലിക്കനെ നിയമിച്ചുകിട്ടുന്നതിനുവേണ്ടി കത്തോലിക്കാകോൺഗ്രസ് ശബ്ദമുയർത്തി. 1914-ൽ റാവുബഹദൂർ മുത്തുനായികംപിള്ള പെൻഷൻ പറ്റി പിരിഞ്ഞതിനുശേഷം ഒരു കത്തോലിക്കനും തിരുവിതാംകൂറിലെ ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെട്ടിരുന്നില്ല. ഹൈക്കോടതിയിൽ ഒരു ഒഴിവുണ്ടായ സന്ദർഭം നോക്കി കേരളദാസനിൽ കൂടി എം.എം. വർക്കി ഒരു കത്തോലിക്കനെ ഹൈക്കോടതി ജഡ്ജിയാക്കണമെന്ന അവകാശവാദം അഴിച്ചുവിട്ടു. കത്തോലിക്ക കോൺഗ്രസ് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ വച്ചുകൊണ്ട് മെമ്മോറിയലുകൾ, നിവേദനങ്ങൾ, ഡപ്യൂട്ടേഷനുകൾ ഇങ്ങനെ പലതും നടത്തി. രാജ്യത്തെമ്പാടും പൊതുയോഗങ്ങൾ ചേർന്ന് പ്രമേയങ്ങൾ പാസാക്കി ഗവണ്മെന്റിലേക്കയപ്പിച്ചു. ജാതിമതഭേദമെന്യേ പത്രങ്ങളുടെ ഉത്സാഹപൂർവ്വമായ സഹകരണവും പിന്തുണയും ആർജ്ജിക്കുവാൻ ഈ പ്രക്ഷോഭണത്തിനു സാധിച്ചു. കത്തോലിക്കർക്ക് മറ്റു പല അവശതകളും ഉണ്ടായിരുന്നു. ദേവാലയങ്ങളും സെമിത്തേരികളും സ്ഥാപിക്കുന്നതിലും വിദ്യാലയങ്ങൾ നടത്തുന്നതിലും ഉദ്യോഗങ്ങൾ അനുവദിച്ചു കിട്ടുന്നതിലും പൗരാവകാശങ്ങൾ അനുവദിച്ചു കിട്ടുന്നതിലും പിന്നെയും പല അവശതകൾ നിലനിന്നു. ഇവയെല്ലാം വെളിച്ചത്തുകൊണ്ടു വരുന്നതിനാണ് The Public Service of Travancore and the Catholic Claims (തിരുവിതാംകൂർ പബ്ലിക് സർവ്വീസും കത്തോലിക്കരുടെ അവകാശങ്ങളും) എന്ന പേരിൽ ഒരു പുസ്തകം തയ്യാറാക്കി 1931-ൽ പ്രസിദ്ധീകരിച്ചത്. കത്തോലിക്കർ സഹിക്കുന്ന ഉപദ്രവങ്ങൾ (The Catholic Grievances). കാത്തോലിക്ക് ക്ലെയിംസ് എന്ന പേരിലൊക്കെ പരക്കെ അറിയപ്പെട്ട ഈ ഗ്രന്ഥം ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കിയത് എം.എം. വർക്കിയും പ്രസിദ്ധീകരിച്ചത് അഖിലകേരള കത്തോലിക്ക കോൺഗ്രസുമാണ്. പുറമേ നിന്നുള്ള സമരം മാത്രം പോരെന്നും പ്രതിനിധിസഭയ്ക്കുള്ളിൽ കയറിപ്പറ്റി അവിടെ നിന്നുകൂടി വാദിക്കേണ്ടത് ആവശ്യമാണെന്നും കത്തോലിക്ക നേതാക്കൻമാർ മനസ്സിലാക്കി. തെരഞ്ഞെടുപ്പുകാലങ്ങളിൽ വർഗീയത കൊടികുത്തി വാണിരുന്നതു മുഖാന്തിരവും അന്നത്തെ വോട്ടവകാശസമ്പ്രദായവും നിയോജകമണ്ഡലസംവിധാനവും സൃഷ്ടിച്ച തകരാറുകൾമൂലവും കത്തോലിക്കർക്കു പ്രതിനിധിസഭയിൽ കടന്നുകൂടാൻ പ്രയാസമായിരുന്നു. എങ്കിലും പ്രതിനിധിസഭയിൽ കടന്നുകൂടിയ കത്തോലിക്കരായ പ്രതിനിധികളുടെ ഐക്യനിര പടുത്തുയർത്തി കത്തോലിക്കരുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുവാൻ കത്തോലിക്കാകോൺഗ്രസിന്റെ സമുന്നതനേതാവ് ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മൻ പരിശ്രമിച്ചിരുന്നു. തൽഫലമായി ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം തത്വത്തിൽ സർക്കാർ അംഗീകരിച്ചു.

www.malankaralibrary.com

## പബ്ലിക്ക് സർവ്വീസ് കമ്മീഷൻ

പ്രതിനിധിസഭകളിൽ മാത്രമല്ല ഉദ്യോഗനിയമനങ്ങളിലും കത്തോലിക്കർക്ക് പ്രാതിനിധ്യം വേണമെന്നു കത്തോലിക്ക കോൺഗ്രസ് വാദിച്ചു. പബ്ലിക് സർവ്വീസ് കമ്മീഷൻ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടിയും സമരം ചെയ്തു. അത് വിജയിച്ചു. അന്നു മുതൽ 1950-ൽ ഇന്ത്യൻ ഭരണഘടന നിലവിൽ വരുന്നതുവരെ ഉദ്യോഗനിയമനങ്ങളിൽ ജനസംഖ്യാനുപാതിക പ്രാതിനിധ്യം ലഭിച്ചുപോന്നിരുന്നു.

1932-ൽ ശ്രീ. ചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവ് അധികാരമേറ്റു. അദ്ദേഹം സർ സി.പി. രാമസ്വാമി അയ്യരെ തന്റെ ഉപദേഷ്ടാവായി നിശ്ചയിച്ചു. റീജൻസി ഭരണകാലത്ത് റീജൻസി ഭരണം അവസാനിപ്പിക്കുവാൻ ജൂണിയർ മഹാറാണിയുടെ താല്പര്യപ്രകാരം നായന്മാരുടെ നേതൃത്വത്തിൽ നടന്ന ഒപ്പിടീൽ പ്രസ്ഥാനത്തിൽ കത്തോലിക്ക കോൺഗ്രസ് നിസഹകരിച്ചു. വൈരാഗ്യബുദ്ധിയോടെയാണു ജൂണിയർ മഹാറാണിയും സർ സി. പി.യും കത്തോലിക്കരുടെ ഈ നടപടിയെ കണ്ടത്. കത്തോലിക്കരോടുള്ള വൈരാഗ്യം തീർക്കുവാനാണ് 1931 ഒക്ടോബർ 28-ാം തീയതി ഒരു ഭരണപരിഷ്കാരം പുറപ്പെടുവിച്ചത്. ക്രിസ്ത്യാനികൾക്ക് നിയമസഭയിൽ അർഹമായ പ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിലായിരുന്നില്ല ഈ റഗുലേഷൻ. ഈഴവരും മുസ്ലീങ്ങളും കത്തോലിക്കരെപ്പോലെതന്നെ ഈ റെഗുലേഷനെ എതിർത്തു. ഇവിടുത്തെ അവശസമുദായങ്ങൾ ഒന്നാകെ ഈ ഭരണപരിഷ്കാരത്തിനെതിരെ സംഘടിച്ചു. നിയമസഭകളിൽ ക്രിസ്ത്യാനികൾക്കും ഈഴവർക്കും മുസ്ലീങ്ങൾക്കും ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം ലഭിക്കാതിരിക്കുവാൻ മനഃപൂർവ്വം നിർമ്മിച്ച ഈ ഭരണപരിഷ്കാരത്തെ എതിർക്കുകയും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യത്തിനുവേണ്ടി സമുദായങ്ങൾ വാദിക്കുകയും ചെയ്തു. 16 ലക്ഷം ക്രിസ്ത്യാനികൾ ഉള്ള തിരുവിതാംകൂറിൽ 8½ ലക്ഷം നായന്മാരാണ് ഉണ്ടായിരുന്നത്. നിർദ്ദിഷ്ടഭരണപരിഷ്കാരം അനുസരിച്ച് തെരഞ്ഞെടുപ്പു നടന്നാൽ നായന്മാർക്ക് ലഭിക്കുന്ന സീറ്റിന്റെ പകുതി മാത്രമേ ക്രിസ്ത്യാനികൾക്കു ലഭിക്കുമായിരുന്നുള്ളു. ഇത് കടുത്ത അനീതിയാണെന്നംഗീകരിക്കുവാൻ സർക്കാരോ നായർ സമുദായമോ തയ്യാറായില്ല. ഈ റഗുലേഷൻ പുറപ്പെടുവിക്കുന്നതിനു മുൻപുതന്നെ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം എല്ലാ സമുദായംഗങ്ങൾക്കും കൊടുക്കേണ്ടതാണെന്ന തത്വത്തെ അടിസ്ഥാനമാക്കി ബഹുവംഗ നിയോജകമണ്ഡലങ്ങളിൽ സീറ്റുകൾ റിസർവ്വ് ചെയ്യണമെന്നു സൃഷ്ടിപരമായ ഒരു പരിഷ്ക്കാരപദ്ധതി നിർദ്ദേശിച്ചുകൊണ്ട് അഖിലകേരള കത്തോലിക്കകോൺഗ്രസ് 1932 ഒക്ടോബർ 15-ാം തീയതി മഹാരാജാവ് തിരുമനസ്സിലെ സന്നിധിയിലും ഗവൺമെന്റിലും നിവേദനം സമർപ്പിക്കുകയുണ്ടായി. അനന്തരകാലത്ത് ക്രൈസ്തവ-ഈഴവ-മുസ്ലീം സമുദായങ്ങളുടെ സംയുക്തമായ അവകാശവാദങ്ങൾക്ക് അടിസ്ഥാനമായി അവർ സ്വീക

www.malankaralibrary.com

രിച്ചത് കത്തോലിക്ക കോൺഗ്രസിൽനിന്നും ഗവൺമെന്റിനു സമർപ്പിച്ച ഈ പദ്ധതിതന്നെയാണ്.

## സംയുക്ത രാഷ്ട്രീയ കോൺഗ്രസ്

1108-ലെ റഗുലേഷൻ മുഖാന്തിരം നീതി ലഭിക്കുകയില്ലെന്ന് ക്രിസ്ത്യൻ ഈഴവ മുസ്ലീം സമുദായങ്ങൾക്ക് മനസ്സിലായി. തൽഫലമായി ഈ മൂന്നു സമുദായങ്ങളും കൂടിയാലോചിച്ച് പ്രതിഷേധം രേഖപ്പെടുത്തുവാൻ തുടങ്ങി. ഈ പ്രക്ഷോഭണത്തിന് നേതൃത്വം നൽകുവാൻ മൂന്നു സമുദായങ്ങളും കൂടി യോജിച്ച് സംയുക്തരാഷ്ട്രീയ കോൺഗ്രസ് സ്ഥാപിച്ചു. സംയുക്തരാഷ്ട്രീയ കോൺഗ്രസിന് ശക്തിയും ആവേശവും നൽകിയത് അഖിലകേരള കത്തോലിക്ക കോൺഗ്രസാണ്. സംയുക്തരാഷ്ട്രീയകോൺഗ്രസിന്റെ പ്രസിഡണ്ട് ഇ.ജെ. ജോണും, ജനറൽ സെക്രട്ടറി എൻ.വി. ജോസഫും, ജോയിന്റ് സെക്രട്ടറിമാർ പി.കെ. കുഞ്ഞ്, സി.കേശവൻ, കെ.റ്റി. തോമസ് എന്നിവരും ഖജാൻജി എ.വി. ജോർജും ആയിരുന്നു. സംയുക്തരാഷ്ട്രീയ കോൺഗ്രസിന്റെ വാദമുഖങ്ങളെ സർ. സി.പി. തള്ളിക്കളയുകയും ഈ ഭരണ പരിഷ്കാരത്തിൽ നിർദ്ദേശിച്ചിരിക്കുന്ന നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ വോട്ടിംഗ് നടന്നാൽ ഈ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുമെന്ന് വാദിക്കുകയും ചെയ്തു. ആ പിടിവാശിയെ സംയുക്തരാഷ്ട്രീയ കോൺഗ്രസ് എതിർത്തു.

## നിവർത്തനപ്രക്ഷോഭണം

നിയമാനുസൃതമായ പ്രവർത്തനംകൊണ്ടും പ്രക്ഷോഭണംകൊണ്ടും പ്രയോജനമില്ലെന്ന് സംയുക്തരാഷ്ട്രീയ കോൺഗ്രസിന് ബോദ്ധ്യമാകുവാൻ അധികകാലം വേണ്ടിവന്നില്ല. അതിനാൽ സംയുക്തരാഷ്ട്രീയ കോൺഗ്രസ് വോട്ടിംഗിൽ പങ്കെടുക്കേണ്ടതില്ലെന്നും സ്ഥാനാർത്ഥികളെ നിർത്തി മത്സരിപ്പിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

1933-ജനുവരി 25-ാം തീയതി ക്രൈസ്തവ-ഈഴവ-മുസ്ലീം സമുദായ പ്രതിനിധികൾ തിരുവനന്തപുരത്തെ എൽ.എം.എസ്. ഹാളിൽ ഇ. ജോണിന്റെ അദ്ധ്യക്ഷതയിൽ യോഗംകൂടി. പ്രസിദ്ധമായ നിവർത്തനപ്രമേയം പാസാക്കി. ഭരണപരിഷ്കാരം വിഭാവനം ചെയ്യുന്ന നിയമസഭകളിൽനിന്നും വിട്ടകന്നു നിൽക്കുകയെന്നതായിരുന്നു ആ പ്രമേയത്തിന്റെ ആശയം. തിരുവനന്തപുരത്തു ചേർന്ന സംയുക്തസമ്മേളനം നിവർത്തനപ്രമേയം അംഗീകരിച്ചുവെങ്കിലും ക്രിസ്ത്യൻ-ഈഴവ-മുസ്ലീം സാമുദായികസംഘടനകൾ അംഗീകരിച്ചതിനുശേഷംമാത്രം നിവർത്തനപ്രക്ഷോഭത്തെ സംബന്ധിച്ചുള്ള പ്രാചാരവേല ആരംഭിച്ചാൽ മതിയെന്ന് തീരുമാനിച്ചിരുന്നു. അതനുസരിച്ച് അവശസമുദായങ്ങളുടെ എല്ലാ സംഘടനകളും യോഗങ്ങൾകൂടി നിവർത്തനനിശ്ചയത്തെ അംഗീകരിച്ചു.

www.malankaralibrary.com

നിവർത്തനനിശ്ചയത്തെ ആദ്യമായി സ്വീകരിച്ച് സ്ഥിരീകരിച്ചത് അഖിലകേരള കത്തോലിക്ക കോൺഗ്രസാണ്. 1933 ഫെബ്രുവരിയിൽ പാലായിൽ ജോൺ നിധീരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് നിവർത്തന പ്രമേയം അംഗീകരിച്ചത്. 1933-ലെ പ്രസ്തുത പാലാസമ്മേളനം തിരുവിതാംകൂർ സാംസ്ഥാനിക കത്തോലിക്കകോൺഗ്രസിന്റെ ആഭിമുഖ്യത്തിലാണ് നടന്നത്. സാംസ്ഥാനികകോൺഗ്രസ് പ്രസിഡന്റ് എൻ.വി. ജോസഫും സെക്രട്ടറി എ.സി. കുര്യാക്കോസും ആയിരുന്നു. നിവർത്തനപ്രമേയം അവതരിപ്പിച്ചത് പി.ജെ. സെബാസ്റ്റ്യൻ പുല്ലാങ്കുളമാണ്. രാഷ്ട്രീയ കാര്യങ്ങളിൽ തിരുവിതാംകൂറിലെ പ്രത്യേക സാഹചര്യം അനുസരിച്ച് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് കത്തോലിക്ക കോൺഗ്രസിന്റെ കീഴിൽ രൂപീകരിച്ച ഒരു പ്രസ്ഥാനമായിരുന്നു സമസ്ത തിരുവിതാംകൂർ സാംസ്ഥാനിക കോൺഗ്രസ്. നിവർത്തനപ്രക്ഷോഭണചരിത്രത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ലാണ് പാലാസമ്മേളനം. തിരുവിതാംകൂറിലെ അധഃസ്ഥിത വർഗക്കാരുടെ അവശതകളുടെ ആഴം മനസ്സിലാക്കുവാൻ പാലാസമ്മേളനം ഉപകരിച്ചു. പാലാ സമ്മേളനത്തെപ്പറ്റി പി.ജെ. സെബാസ്റ്റ്യൻ പുല്ലാങ്കുളം തന്റെ ജീവിതയാത്രയെന്ന ആത്മകഥയിൽ എഴുതിയിരിക്കുന്നതു നോക്കുക: 'പാലാ സമ്മേളനത്തിൽ തിരുവിതാംകൂറിലെ എണ്ണപ്പെട്ട എല്ലാ കത്തോലിക്കനേതാക്കന്മാരും സന്നിഹിതരായിരുന്നു. പാലാ പട്ടണം ഉയർന്ന് ഉശിരുകാട്ടിയ ദിനമായിരുന്നു അന്ന്. പാലായുടെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു അധ്യായമായി ഈ സമ്മേളനം വിരാജിക്കുകതന്നെ ചെയ്യും. കത്തോലിക്കന്റെ ധീരോദാത്തതയുടെയും വീരസാഹസികതയുടെയും ഒരു നിദർശനമായിരുന്ന ഈ സമ്മേളനം എന്ന് തീർത്തും പറയാം. സമ്മേളനത്തിൽ പ്രകടമായ ഉശിരും ആവേശവും എത്രയെന്ന് വിവരിക്കുവാൻ എനിക്കു വാക്കുകൾ പോരാ.'

കത്തോലിക്കകോൺഗ്രസ് നിവർത്തനപ്രമേയം അംഗീകരിച്ചതിനു ശേഷം മറ്റിതര സമുദായസംഘടനകളും നിവർത്തനപ്രമേയം അംഗീകരിച്ചു. പ്രക്ഷോഭണം ശക്തിപ്പെട്ടുകൊണ്ടിരുന്നു. ഇരമ്പിപ്പാഞ്ഞുവന്ന ഈ പ്രക്ഷോഭണത്തെ പൊളിക്കുവാൻ സർ സി.പി. പുതിയ അടവു പ്രയോഗിച്ചുനോക്കി. ബ്രിട്ടീഷ് ഇന്ത്യയിൽ നിസ്സഹകരണ പ്രസ്ഥാനം ശക്തിപ്പെട്ടുകൊണ്ടിരുന്ന സന്ദർഭമായിരുന്നു അത്. ആ നിസ്സഹകരണ പ്രസ്ഥനവും തിരുവിതാംകൂറിലെ നിവർത്തനപ്രസ്ഥാനവും ഒന്നുതന്നെയാണെന്ന് അന്നത്തെ ഇന്ത്യവൈസ്രോയി ആയിരുന്ന വെല്ലിംഗ്ടൺ പ്രഭുവിനെ ധരിപ്പിച്ച് നിവർത്തനക്കാർക്കെതിരെ നടപടി സ്വീകരിക്കാമെന്ന് സർ സി.പി. വിചാരിക്കുകയും ആ രീതിയിൽ പ്രവർത്തിക്കുകയും ചെയ്തു. അസമത്വസമുദായങ്ങളുടെ അവകാശസംരക്ഷണത്തിനുവേണ്ടിയുള്ള ഈ പ്രസ്ഥാനത്തോടു അന്നത്തെ വൈസ്രോയിക്ക് അനുകമ്പയുണ്ടാവുക സാധാരണമാണ്. നിവർത്തനവും നിസ്സഹകരണവും ഒന്നാണെന്ന് ധരിപ്പിച്ചാൽ, നിസ്സകരണപ്രസ്ഥാനം എന്നു കേട്ടാൽ

www.malankaralibrary.com

കലികേറുന്ന വെല്ലിംഗ്ടൺ പ്രഭുവിനെക്കൊണ്ട് നിവർത്തനക്കാരെ നേരിടാമെന്ന് സി.പി. വിചാരിച്ചു. ഇതുരണ്ടും ഒന്നുതന്നെയാണെന്ന് സി.പി. ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ എം.എം. വർക്കിയെപ്പോലുള്ള നേതാക്കളുടെ ബുദ്ധിപൂർവ്വമായ പ്രവർത്തനത്തിന്റെ ഫലമായി വൈസ്രോയിയെ സത്യാവസ്ഥ ബോദ്ധ്യപ്പെടുത്താൻ സാധിക്കുകയും സി.പി. ആ രംഗത്ത് പരാജയപ്പെടുകയും ചെയ്തു.

നിവർത്തനപ്രക്ഷോഭണം ശക്തിപ്പെട്ടപ്പോൾ ക്രൈസ്തവ-ഈഴവ-മുസ്ലീം സമുദായങ്ങളിൽപ്പെട്ടവരെ കണ്ടുപിടിച്ച് സ്ഥാനാർത്ഥികളാക്കി നിറുത്തി തെരഞ്ഞെടുപ്പിൽ മത്സരിപ്പിക്കുവാൻ സർ സി.പി. ശ്രമിച്ചു. ഏതാനും കരിങ്കാലികളെ ലഭിക്കുകയും ചെയ്തു. എന്നാൽ കാലുവാരികളും കരിങ്കാലികളുമായ ഈ മൂന്നു സമുദായത്തിൽപ്പെട്ട സ്ഥാനാർത്ഥികളെ തോല്പിക്കാൻതന്നെ സംയുക്തക്കാർ തീരുമാനിച്ചു. അങ്ങനെ അവർ വോട്ടിംഗിൽ പങ്കെടുത്തു. വോട്ടിംഗ് കഴിഞ്ഞപ്പോൾ സംയുക്തക്കാരുടെ വാദം ശരിയാണെന്ന് തെളിഞ്ഞു. സർ സി.പി.യുടെ വാദമുഖങ്ങൾ തെറ്റായിരുന്നുവെന്ന് തെളിഞ്ഞു. അതോടെ പ്രശ്നപരിഹാരത്തിനായി സർക്കാർ മുന്നോട്ടുവന്നു. തിരുവിതാംകൂറിലെ 80 ശതമാനം വരുന്ന ജനങ്ങളുടെ അസംതൃപ്തിക്ക് പരിഹാരം ഉണ്ടാക്കേണ്ടത് രാജ്യത്തിന്റെ ഭാവിക്കും സമാധാനത്തിനും ആവശ്യമാണെന്ന് ബ്രിട്ടീഷ് ഗവൺമെന്റിനു തന്നെ ബോദ്ധ്യമായി. തൽഫലമായി മുഹമ്മദ് ഹബീബുള്ളയെ ദിവാനായി നിയമിച്ചു. സ്ഥിതിഗതികൾ പഠിച്ചതിനുശേഷം നിയോജകമണ്ഡല പുന:ക്രമീകരണംകൊണ്ടു മാത്രമേ സംയുക്തസമുദായങ്ങൾക്ക് നീതി ലഭിക്കുകയുള്ളുവെന്ന് പുതിയ ദിവാനു ബോദ്ധ്യമായി. അതിന്റെ അടിസ്ഥാനത്തിൽ ഭാവിപരിപാടികൾക്ക് രൂപം കൊടുക്കുവാൻ ഇ. സുബ്രഹ്മണ്യ അയ്യരെ ഏകാംഗകമ്മീഷനായി നിയമിച്ചു. ഇതോടെ നിവർത്തനപ്രക്ഷോഭം വിജയത്തിലെത്തി. ഇ. സുബ്രഹ്മണ്യ അയ്യർ 1936 ഓഗസ്റ്റ് 20-ാം തീയതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ സമുദായങ്ങൾക്കും നിയമസമിതികളിൽ ഏറെക്കുറെ ന്യായമായ പ്രാതിനിധ്യം ലഭിക്കുമെന്ന് സംയുക്തക്കാർക്ക് ബോധ്യമായി. ഗവൺമെന്റ് വോട്ടിംഗിനുള്ള നടപടികൾ ആരംഭിച്ചു. സംയുക്തക്കാർക്ക് വൻവിജയം ലഭിച്ചു. നിവർത്തനപ്രക്ഷോഭണത്തെ സർവ്വശക്തിയുമപയോഗിച്ച് എതിർത്ത നായർ സമുദായത്തിന് ഈ വിജയത്തിൽ സന്തോഷിക്കുവാൻ സാധിച്ചില്ല. സർ സി.പി. രാമസ്വാമി അയ്യർ നിവർത്തനപ്രക്ഷോഭത്തെ പരാജയപ്പെടുത്തുവാൻ സ്വീകരിച്ച മർദ്ദന നടപടികൾ ഭീകരങ്ങളാണ്. എങ്കിലും എല്ലാ എതിർപ്പുകളെയും അതിജീവിക്കാൻ പ്രക്ഷോഭകാരികൾക്ക് സാധിച്ചു. ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം അല്ലെങ്കിൽ പ്രായപൂർത്തി വോട്ടവകാശം എന്നതായിരുന്നു നിവർത്തനക്കാർ മുന്നോട്ടുവച്ച ആവശ്യം. . ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം അംഗീകരിച്ചതോടെ നിവർത്തനപ്രസ്ഥാനം വിജയകരമായി പര്യവസാനിച്ചു. കത്തോലിക്ക

www.malankaralibrary.com

കോൺഗ്രസാണ് നിവർത്തനപ്രക്ഷോഭത്തിന്റെ ചുക്കാൻ പിടിച്ചത്. സംയുക്തരാഷ്ട്രീയ കോൺഗ്രസിന്റെ വിജയത്തിനുവേണ്ടി കത്തോലിക്ക കോൺഗ്രസ് അനുഷ്ഠിച്ച ത്യാഗവും വിട്ടുവീഴ്ചാ മനോഭാവവും ശ്ലാഘനീയം തന്നെ.

## ഉത്തരവാദഭരണ പ്രക്ഷോഭണം

പൗരസമത്വവാദപ്രക്ഷോഭണത്തിലൂടെയും നിവർത്തനപ്രക്ഷോഭണത്തിലൂടെയും ജനഹൃദയങ്ങളിൽ ശാശ്വത പ്രതിഷ്ഠ നേടിയ കത്തോലിക്ക കോൺഗ്രസ്, സ്റ്റേറ്റ് കോൺഗ്രസിനോട് സ്വീകരിച്ച നയവും ഉത്തരവാദഭരണ പ്രക്ഷോഭണത്തിൽ വഹിച്ച പങ്കും കത്തോലിക്ക കോൺഗ്രസിന്റെ ചരിത്രം മഹത്തരമാക്കി. നിവർത്തനപ്രക്ഷോഭണത്തിനും സംയുക്തരാഷ്ട്രീയ കോൺഗ്രസിന്റെ ഉദയത്തിനും മുഖ്യപങ്കാളിത്തം വഹിച്ചത് കത്തോലിക്ക കോൺഗ്രസ് ആയിരുന്നല്ലോ. കത്തോലിക്ക കോൺഗ്രസ് നേതൃത്വം നൽകി 1933-ൽ രൂപികരിച്ച സംയുക്തരാഷ്ട്രീയ കോൺഗ്രസ് 1933-ൽ തന്നെ ജനസംഖ്യാനുപാതിക പ്രാതിനിധ്യവാദം അനുവദിച്ചാൽ അതേതുടർന്ന് ഉത്തരവാദഭരണത്തിനുവേണ്ടി സമരം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നു. നിവർത്തന പ്രക്ഷോഭം വിജയിച്ചപ്പോൾ കത്തോലിക്ക കോൺഗ്രസ് തിരുവനന്തപുരത്തുവച്ചു നടത്തിയ സംയുക്ത ഡർബാറിൽ അധ്യക്ഷം വഹിച്ചുകൊണ്ട് ഐ. സി. ചാക്കോ പ്രഖ്യാപിച്ചത് ഇനി പ്രായപൂർത്തി വോട്ടവകാശത്തോടുകൂടിയ ഉത്തരവാദഭരണത്തിനുവേണ്ടിയുള്ള സമരം ആണ് നാം നടത്തേണ്ടത് എന്നാണ്. ഇതിനു മുൻപും ഉത്തരവാദഭരണപ്രശ്നം പലസംഘടനകളും സമ്മേളനങ്ങളും ചർച്ചാവിഷയമാക്കിയിട്ടുണ്ട്. ചില പ്രമേയങ്ങളും, പലരും പാസാക്കിയിട്ടുണ്ട്. എന്നാൽ ഒരു സംഘടനയും അതിനുവേണ്ടി ഉണ്ടായിരുന്നില്ല. നിലവിലുള്ള ഒരു സംഘടനയും ഈ ലക്ഷ്യം മുൻപിൽ വച്ചുകൊണ്ട് പ്രവർത്തിച്ചിട്ടുമില്ല. അതിനാൽ ഉത്തരവാദഭരണം നേടിയെടുക്കുന്നതിനുവേണ്ടി ഒരു സംഘടന ഉണ്ടാക്കേണ്ടതായി വന്നു. 1938 ഫെബ്രുവരി 28-ാം തീയതി തിരുവനന്തപുരത്ത് ശ്രീ. സി.വി. കുഞ്ഞുരാമന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം സ്റ്റേറ്റ് കോൺഗ്രസിന് രൂപം നൽകി. സ്റ്റേറ്റ് കോൺഗ്രസ് യോഗം ഒരു കത്തോലിക്ക കോൺഗ്രസ് യോഗമാണെന്നും ഉത്തരവാദഭരണത്തിനുവേണ്ടി നടത്തുന്ന പ്രക്ഷോഭണം ഇവിടുത്തെ ക്രിസ്ത്യനികളുടെ പ്രക്ഷോഭണം മാത്രമാണെന്നും സർ സി.പി. പ്രചരണം നടത്തിക്കൊണ്ടിരുന്നു. നിവർത്തന പ്രക്ഷോഭണം നടത്തിയ സംയുക്തരാഷ്ട്രീയ കോൺഗ്രസു തന്നെയാണ് സ്റ്റേറ്റ് കോൺഗ്രസെന്നും സംയുക്ത രാഷ്ട്രീയ കോൺഗ്രസിലെ ഈഴവ സമുദായം ഒറ്റക്കെട്ടായി സ്റ്റേറ്റ് കോൺഗ്രസിനെ എതിർക്കുകയാണെന്നുമുള്ള സി.പി.യുടെ പ്രചരണം ആസേതുഹിമാചലം പ്രകമ്പനം കൊള്ളിച്ചു. ഇവിടുത്തെ സമുദായ സംഘടനകളായ എൻ.എസ്.എസും നിവർത്തനപ്രക്ഷോഭണത്തിൽ

www.malankaralibrary.com

പങ്കെടുക്കുന്ന ഈഴവ സമുദായത്തിന്റെ സംഘടനയായ എസ്.എൻ.ഡി.പി.യുടെ ഉത്തരവാദപ്രക്ഷോഭണത്തെ ശക്തമായി എതിർക്കുകയും ചെയ്തിരുന്നു. ഏതാനും നായർ പ്രമാണികളും ഈഴവ പ്രമാണികളും സ്റ്റേറ്റ് കോൺഗ്രസിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും സമുദായമെന്ന നിലയിൽ ഈ രണ്ടു സമുദായങ്ങളും ഉത്തരവാദഭരണ പ്രക്ഷോഭണത്തെ എതിർക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ സമുദായ സംഘടന എന്ന നിലയിൽ സ്റ്റേറ്റ് കോൺഗ്രസിനെ പിന്താങ്ങുകയും ഉത്തരവാദഭരണ പ്രക്ഷോഭണത്തിനു ശക്തി പകർന്നുകൊടുക്കുകയും ചെയ്ത തിരുവിതാംകൂറിലെ സമുദായ സംഘടന അഖിലകേരള കത്തോലിക്ക കോൺഗ്രസ് മാത്രമാണ്. നിവർത്തന പ്രക്ഷോഭണത്തിന്റെ മുൻപിൽനിന്നു. പ്രവർത്തിച്ച ഏതാനും കത്തോലിക്കർ സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തനങ്ങളിൽ സഹകരിച്ചില്ലെന്നുവരാം. എന്നാൽ അവർപോലും ഈ നീക്കത്തെ എതിർത്തിട്ടില്ല. സ്റ്റേറ്റ് കോൺഗ്രസിന്റെ ആരംഭകാലത്ത് കത്തോലിക്ക കോൺഗ്രസ് ഐക്യകണ്ഠേന പാസാക്കിയ പ്രമേയം താഴെ ചേർക്കുന്നു.

'കത്തോലിക്ക കോൺഗ്രസ് മാനേജിംഗ് കമ്മിറ്റിയിലും ജോയിന്റ് പൊളിറ്റിക്കൽ കോൺഗ്രസിലും സംയുക്തപാർട്ടിയിലുമുള്ള അംഗങ്ങൾ സ്റ്റേറ്റ് കോൺഗ്രസ് കമ്മിറ്റിയുടെ അപ്പഴപ്പോഴുള്ള നിർദ്ദേശങ്ങളും നിശ്ചയങ്ങളു മനുസരിച്ച് പ്രവർത്തിക്കണമെന്നും അഭിപ്രായഭിന്നതകൾ ഉണ്ടാകുമ്പോഴാം അവർ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയുടെ നിശ്ചയമനുസരിക്കണമെന്നും ആജ്ഞാപിക്കുന്നു.'

കത്തോലിക്ക കോൺഗ്രസിന്റെ മേലുദ്ധരിച്ച പ്രമേയത്തെപ്പറ്റി സി. നാരായണപിള്ളയുടെ തിരുവിതാംകൂർ സ്വാതന്ത്ര്യസമരചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

'സമുദായ സംഘടനകളിലെ അംഗങ്ങൾക്ക് അവരുടെ പ്രത്യേക സമുദായത്തിന്റെ സങ്കുചിത താല്പര്യങ്ങളും ദേശീയസംഘടന ലക്ഷ്യമാക്കുന്ന പൊതുതാല്പര്യങ്ങളും തമ്മിൽ സംഘട്ടനങ്ങളുണ്ടാകാവുന്ന പല അവസരങ്ങളും നേരിടേണ്ടിവന്നേക്കാം. ഈ ഘട്ടത്തിൽ സമുദായ സംഘടനകളോട് കൂറും ഭക്തിയുള്ള രാഷ്ട്രീയകക്ഷികളിലെ അംഗങ്ങൾ പൊതുതാല്പര്യങ്ങൾ വർഗീയ താല്പര്യങ്ങൾക്ക് കീഴ്പ്പെടുത്തണമെന്നാ വശ്യപ്പെടുകയെന്നതും സ്വാഭാവികമാണ്. ഇങ്ങനെയൊരു പ്രതിസന്ധി ഒഴിവാക്കാൻ വേണ്ടിയാണ് കത്തോലിക്ക കോൺഗ്രസ് സാമുദായിക താല്പര്യങ്ങൾ പൊതു താല്പര്യങ്ങൾക്ക് എപ്പോഴും വിധേയമായിരിക്കണമെന്നും അവസാനവാക്കു പറയുവാനുള്ള അവകാശം ദേശീയസംഘടനക്കായിരിക്കണമെന്നും വ്യക്തമാക്കികൊണ്ട് ഒരു പ്രമേയം അംഗീകരിച്ചത്.'

സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണത്തെ ഒരു കത്തോലിക്ക പ്രക്ഷോഭണമെന്ന് സർ സി.പി. പെരുമ്പറയടിച്ചുകൊണ്ടിരുന്ന കാലത്ത് ക്വിറ്റ്

www.malankaralibrary.com

ഇന്ത്യാ പ്രക്ഷോഭണം ഇന്ത്യയൊട്ടാകെ അലതല്ലിയിരുന്ന കാലഘട്ടത്തിൽ 1942 ൽ കത്തോലിക്ക കോൺഗ്രസ് വാർഷികം കൈനകരിയിൽ ഡോ. പി..ജെ. തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് 'തിരുവിതാംകൂറിന് ഉത്തരവാദഭരണം അനുവദിക്കുന്നതുവരെ സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണം ഊർജ്ജിതമായി കൊണ്ടു പോകണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം പാസാക്കി.'

1946 –ൽ അതിരമ്പുഴ ചേർന്ന കത്തോലിക്ക കോൺഗ്രസ് വാർഷിക സമ്മേളനം കത്തോലിക്കർ സ്റ്റേറ്റ് കോൺഗ്രസിൽ ചേർന്ന് ഉത്തരവാദഭരണ പ്രക്ഷോഭണത്തിൽ പങ്കുചേരണമെന്ന് ആഹ്വാനം ചെയ്തു.

ഇന്ത്യയിലെ ഒരു ന്യൂനപക്ഷം മാത്രമാണ് ക്രൈസ്തവർ. എങ്കിലും ഇന്ത്യയുടെ ദേശീയധാരയിൽ അടിയുറിച്ച് പ്രവർത്തിച്ചുപോന്നിട്ടുണ്ട്. ക്രൈസ തവർ എക്കാലവും – കത്തോലിക്ക കോൺഗ്രസും കേരള കത്തോലിക്കരും – വിശിഷ്യതിരുവിതാംകൂർ കത്തോലിക്കരും സ്വാതന്ത്ര്യസാമ്പദനത്തിനുവേണ്ടി നടത്തിയിട്ടുള്ള യത്നങ്ങൾ അഭിമാനാർഹങ്ങളാണ്. ആ പ്രവർത്തനങ്ങളെപ്പറ്റി ഇന്നത്തെ തലമുറ ബോധവാന്മാരല്ലതാനും. കത്തോലിക്കർ സ്വാതന്ത്ര്യസമര ത്തിനെതിരായിരുന്നെന്നും, ബ്രിട്ടീഷ് ഭരണത്തിൽ മാത്രമേ ക്രൈസ്തവ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുകയുള്ളുവെന്ന നിഗമനത്തിൽ കത്തോലി ക്കാർ ഉത്തരവാദ ഭരണ സിദ്ധാന്തത്തെ എതിർത്തിരുന്നുവെന്നും ധരിച്ചുവശാ യിട്ടുള്ളവർ ചരിത്ര വസ്തുതകൾ പഠിക്കുവാൻ തയ്യാറാകേണ്ടതാണ്. ഇന്ത്യ യിലെ കത്തോലിക്കൻ പിന്തിരിപ്പന്മാരാണെന്ന് പറഞ്ഞു പുരോഗമനം പറഞ്ഞു നടക്കുന്നവർ യാഥാർത്ഥ്യബോധത്തോടെ ചരിത്ര പഠിക്കേണ്ടിയിരിക്കുന്നു.

## സ്വതന്ത്രതിരുവിതാംകൂർ വാദം

ഉത്തരവാദ ഭരണപ്രക്ഷോഭണം നിരവധി പ്രതിസന്ധികളെ തരണം ചെയ്തുകൊണ്ടിരുന്നു. കാരാഗൃഹങ്ങളിൽ പ്രക്ഷോഭകാരികൾ നിറഞ്ഞു. ഈ സന്ദർഭങ്ങളിലെല്ലാം ഇവിടുത്തെ രണ്ടു പ്രബലസമുദായ സംഘടനകളായ എൻ.എസ്.എസും, എസ്.എൻ.ഡി.പി.യും ഉത്തരവാദഭരണത്തെ തച്ചുട ക്കുവാൻ സർ സി.പി.യുടെ പക്ഷത്തുചേർന്നു നിൽക്കുകയായിരുന്നു. സ്റ്റേറ്റ് കോൺഗ്രസിനെ കത്തോലിക്കരുടെ പാർട്ടിയായി അവർ ചിത്രീകരിച്ചു. അകത്തോലിക്കരെ മുഴുവൻ സ്റ്റേറ്റ് കോൺഗ്രസിന് എതിരായി നിർത്തുവാൻ ശ്രമിച്ചു. ഈ ദുർഘടഘട്ടങ്ങളിലെല്ലാം കത്തോലിക്ക കോൺഗ്രസ് സമരരംഗത്ത് പതറാതെ അടിയുറച്ചുനിന്നുവെന്നത് അഭിമാനകരമാണ്.

ഇന്ത്യക്ക് സ്വാതന്ത്ര്യം വിദൂരത്തല്ലെന്നു മനസ്സിലായപ്പോൾ അന്നത്തെ ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ സ്വതന്ത്രതിരുവിതാംകൂർ വാദവുമായി രംഗത്തുവന്നു. സി.പി.യുടെ പിന്നിൽ ഇവിടുത്തെ പല സമുദായസംഘടന കളും അണിനിരന്നപ്പോൾ, കത്തോലിക്ക കോൺഗ്രസ് ഒറ്റക്കുനിന്ന് സ്വതന്ത്ര തിരുവിതാംകൂർവാദത്തെ എതിർത്തു പരാജയപ്പെടുത്തി. ഈ കാലഘട്ടത്തിൽ കത്തോലിക്ക കോൺഗ്രസ് പാസാക്കിയ പ്രമേയം പ്രത്യേകം ശ്രദ്ധേയമാണ്.

www.malankaralibrary.com

'തിരുവിതാംകൂർ ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യത്തിന്റെ പേരിൽ തിരുവിതാംകൂറിനെ ഭാരതത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നും വേർപെടുത്തി ഒറ്റതിരിക്കുന്നതിന് ചെയ്തുകൊണ്ടിരിക്കുന്ന ശ്രമങ്ങളെയും തൽസംബന്ധമായി ചെയ്തുകൊണ്ടിരിക്കുന്ന പ്രസ്താവനകളെയും ഈ കമ്മിറ്റി വളരെ ഉൽക്കണ്ഠയോടെ വീക്ഷിക്കുന്നു. തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ വിശേഷിച്ചു കത്തോലിക്കർ ഈ ശ്രമത്തിന്റെ പിന്നിലുണ്ടെന്ന് അദ്ദേഹം ഭാവിക്കുകയും പലപ്രാവശ്യം ആവർത്തിച്ചു പറയുകയും ഇന്നേവരെ ഇല്ലാതിരുന്ന ഒരു പ്രത്യേക മമത പ്രദർശിപ്പിക്കുകയും ചെയ്തുകാണുന്നതിൽ കമ്മിറ്റി അത്ഭുതപ്പെടുന്നു. രാജ്യത്തെ ഒറ്റിക്കൊടുത്ത് കത്തോലിക്കരുടെ ഏതെങ്കിലും അവകാശം അതെത്രന്യായമായിരുന്നാലും അംഗീകരിക്കപ്പെടണമെന്നോ അനർഹമായ ഏതെങ്കിലും ആനുകൂല്യം സമ്പാദിക്കണമെന്നോ കത്തോലിക്കർ വിചാരിക്കുന്നില്ലന്ന് വ്യക്തമാക്കികൊള്ളുന്നു. ജനഹസ്തങ്ങളിലേക്ക് അധികാരം കൈമാറികിട്ടുകയാണ് തിരുവിതാംകൂർ ജനതയുടെ ഇന്നത്തെ അടിയന്തരാവശ്യം. സർ സി.പി. രാമസ്വാമി അയ്യർ ഈ ജനകീയ അവകാശവാദത്തെ നിരന്തരമായി തിരുവിതാംകൂർ ഭരണകൂടത്തിന്റെ സർവ്വശക്തികളും ഉപയോഗിച്ച് എതിർത്തുകൊണ്ടിരിക്കുകയാണ്. തന്റെ സ്വേഛാധിപത്യത്തെ പുലർത്തുന്നതിന്, തിരുവിതാംകൂർ ജനതയെ അനവരതം അടിമത്തത്തിൽ താഴ്ത്തുന്നതിനുവേണ്ടി അദ്ദേഹം കണ്ടെത്തിയ ഒരു തന്ത്രമാണ് സ്വതന്ത്രതിരുവിതാംകൂർ. തങ്ങളുടെ അവകാശങ്ങൾ ആരിൽനിന്നെങ്കിലും ദാനമായി വാങ്ങണമെന്ന് തിരുവിതാംകൂറിലെ കത്തോലിക്കർ വിചാരിച്ചിട്ടില്ല. ന്യായമായ അവകാശങ്ങൾ കണക്കുപറഞ്ഞ് വാങ്ങുന്നതിനുള്ള പ്രാഗത്ഭ്യം തിരുവിതാംകൂർ കത്തോലിക്കർക്കുണ്ട്. തിരുവിതാംകൂർ ജനതയുടെയും രാജകുടുംബത്തിന്റെയും ഭാവി ഭയാനകമാക്കിതീർക്കുന്ന തിരുവിതാംകൂർ സ്വാതന്ത്ര്യത്തെ അനുകൂലിച്ച് ഏതെങ്കിലും അവകാശം അതിന്റെ കോഴയായി പറ്റുന്നതിന് കത്തോലിക്കർക്ക് നിർവ്വാഹമില്ല .... തിരുവിതാംകൂർ ജനതയുടെയും രാജകുടുംബത്തിന്റെയും താല്പര്യങ്ങൾക്ക് ഏറ്റവും ഹാനികരമായ ഈ സ്വാതന്ത്ര്യപ്രസ്ഥാനത്തെ തിരുവിതാംകൂറിലെ കത്തോലിക്കർ അവരുടെ സർവ്വകഴിവുകളും ഉപയോഗിച്ച് എതിർത്ത് പരാജയപ്പെടുത്തുമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.' ഇതുപോലെ ദേശീയ ചിന്താപ്രചോദിതമായ പ്രമേയം പാസാക്കിയ മറ്റൊരു സമുദായ സംഘടനയും കേരളത്തിലില്ല.

## വിദ്യാഭ്യാസപ്രക്ഷോഭണം

ഉത്തരവാദപ്രക്ഷോഭണം അടിച്ചമർത്താൻ സി.പി. സർവ്വശക്തിയും പ്രയോഗിച്ച സന്ദർഭത്തിലാണ് വിദ്യാഭ്യാസപ്രക്ഷോഭണം രൂപം കൊണ്ടത്. തിരുവിതാംകൂറിലെ പ്രൈവറ്റ് പ്രൈമറി വിദ്യാലയങ്ങൾ ദേശസാൽക്കരിക്കാനുള്ള നീക്കങ്ങൾ പ്രധാനമായും കത്തോലിക്കരുടെ കടുത്ത വിമർശന

www.malankaralibrary.com

ത്തിന് വിധേയമായി. 1945 ൽ തത്തമ്പള്ളിയിൽ ചേർന്ന കത്തോലിക്കകോൺഗ്രസ് സമ്മേളനം സി.പിയുടെ വിദ്യാഭ്യാസപരിഷ്കാരത്തെപ്പറ്റി സഗൗരവം ചർച്ച ചെയ്തു. 1945 ഓഗസ്റ്റ് 25-ാം തീയതി വിദ്യാഭ്യാസകമ്മിറ്റിക്ക് രൂപം കൊടുത്തു. സി.പി.യുടെ വിദ്യാലയ ദേശസാൽക്കരണശ്രമങ്ങളെ എതിർത്തു പരാജയപ്പെടുത്താൻ രൂപം കൊടുത്ത കമ്മിറ്റിയുടെ സെക്രട്ടറിമാർ ചെറിയാൻ ജെ. കാപ്പനും മാത്യു മണിയങ്ങാടനുമാണ്. അക്കാലത്തെ കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് ഷെവ. ഇലഞ്ഞിക്കൻ തര്യതു കുഞ്ഞിതൊമ്മൻ ആയിരുന്നു. മർദ്ദനംകൊണ്ട് ഉത്തരവാദപ്രക്ഷോഭണം ഒരു പരിധിവരെ തളർന്നിരുന്നപ്പോഴാണ് വിദ്യാഭ്യാസകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ രാജ്യത്ത് ഉടനീളം നടന്ന പ്രതിഷേധയോഗങ്ങൾ തിരുവിതാംകൂർ ഗവൺമെന്റിന്റെ അടിത്തറയിളക്കി എന്നുതന്നെ പറയാം.

## ഭീമഹർജി

തിരുവിതാംകൂറിലെ രണ്ടരലക്ഷം പേർ ഒപ്പിട്ട ഒരു ഭീമഹർജി കത്തോലിക്കകോൺഗ്രസ് വിദ്യാഭ്യാസകമ്മിറ്റി തയ്യാറാക്കി ശ്രീ. ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവിനു സമർപ്പിക്കുവാൻ തീരുമാനിച്ചു. മഹാരാജാവ് തിരുമേനിക്ക് നേരിട്ട് മെമ്മോറിയൻ സമർപ്പിക്കണമെന്നായിരുന്നു കമ്മിറ്റിയുടെ ആഗ്രഹം. എന്നാൽ അതിന് സമ്മതിക്കാഞ്ഞതിനാൽ 1946 സെപ്റ്റംബർ 25-ാം തീയതി തപാൽമാർഗം മഹാരാജാവ് തിരുമേനിക്ക് അയച്ചു കൊടുത്തു. തിരുവിതാംകൂറിന്റെ ചരിത്രത്തിൽ അതിനുമുൻപോ പിൻപോ ഇത്രയധികം ആളുകൾ ഒപ്പിട്ട ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടില്ല. മെമ്മോറിയലിന്റെ ഒരു കോപ്പി വത്തിക്കാൻ ഗ്രന്ഥാലയത്തിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കത്തോലിക്ക കോൺഗ്രസ് ഓഫീസിൽ ഇന്നും ഭദ്രമായി ഒരു കോപ്പി സൂക്ഷിച്ചുവച്ചിട്ടുണ്ട്. ആ മെമ്മോറാണ്ടം കൈപ്പറ്റിയതായി മഹാരാജാവിന്റെ സെക്രട്ടറി കത്തയച്ചിരുന്നുവെങ്കിലും മഹാരാജാവിന്റെ മെമ്മോറാണ്ടത്തോടുള്ള പ്രതികരണമെന്തായിരുന്നുവെന്നു വ്യക്തമാക്കിയിരുന്നില്ല.

മെമ്മോറിയലിൽ ഉന്നയിച്ച കാര്യങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്. ഈ കാലയളവിൽ 1940 കളുടെ ആദ്യ ഘട്ടത്തിൽ ചങ്ങനാശ്ശേരിയിൽ ഒരു പുതിയ സംഘടന കാത്തലിക് ആക്ഷൻ കൗൺസിൽ രൂപവൽക്കരിച്ചു. കത്തോലിക്കകോൺഗ്രസിനുപകരം പ്രത്യേകം ഒരു സംഘടന രൂപീകരിക്കണം എന്നു ചിലർ ആഗ്രഹിച്ചതിന്റെ ഫലമായിരുന്നു അത്. ബന്ധപ്പെട്ടവരുടെ അനുഗ്രഹങ്ങൾകൂടിയുണ്ടായിരുന്നതിനാൽ ആ സംഘടന മൂന്നാലുവർഷക്കാലം പ്രവർത്തിക്കുകയും പിന്നീട് പ്രവർത്തനം നിലയ്ക്കുകയും ചെയ്തു. പുതിയപുതിയ സംഘടനകളുടെ രൂപീകരണം നിലവിലുള്ള നമ്മുടെ സംഘടിതശക്തിയെ തകർക്കാൻ മാത്രമേ സഹായകരമാവുകയുള്ളുവെന്ന് എ.കെ.സി.സി. ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തിയെങ്കിലും അത് ചെവിക്കൊള്ളുവാൻ ആരും തയ്യാറായില്ല. പുതിയ സംഘടനാരൂപീകരണംകൊണ്ട്

www.malankaralibrary.com

എ.കെ.സി.സി.യുടെ പ്രവർത്തന പരിപാടികൾക്ക് യാതൊരു വീഴ്ചയും വന്നില്ലെന്നത് പ്രത്യേകം എടുത്തുപറയാവുന്നതാണ്.

വിദ്യാഭ്യാസ പ്രക്ഷോഭണത്തോടനുബന്ധിച്ച് ചങ്ങനാശേരി മെത്രാൻ മാർ ജെയിംസ് കാളാശേരി തിരുമേനി പുറപ്പെടുവിച്ച രണ്ടു ഇടയലേഖനങ്ങൾ തിരുവിതാംകൂറിൽ വലിയ ഒച്ചപ്പാടുകളുണ്ടാക്കി. ബിഷപ്പ് തിരുമേനി ആ ഇടയലേഖനം പിൻവലിച്ച് ക്ഷമ പറയണമെന്നുവരെ സർക്കാർ ആവശ്യപ്പെട്ട് നോട്ടീസ് നൽകി. രഹസ്യമായി കാളാശേരി തിരുമേനിയെ അറസ്റ്റ് ചെയ്യുവാൻ നീക്കങ്ങളാംരംഭിച്ചു. സംഭവത്തിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് കത്തോലിക്കകോൺഗ്രസ് തന്ത്രപരമായ നടപടികൾ ആരംഭിച്ചു. പുതിയതായി രൂപീകരിച്ച കാത്തലിക് ആക്ഷൻ കൗൺസിലിന്റെ പ്രവർത്തനം ഈ കാലഘട്ടത്തിൽ ഇല്ലാതായി. വെല്ലുവിളികളെ നേരിടാൻ കത്തോലിക്ക കോൺഗ്രസ് രംഗത്തിറങ്ങി വിജയം വരിച്ചു.

ഉത്തരവാദഭരണം കൊടുംപിരികൊണ്ടിരുന്നപ്പോൾ തിരുവനന്തപുരത്ത് സർ സി.പി.യെ വിളിച്ചുവരുത്തി സ്വർണ കാസറ്റിൽ ഒരു മംഗളപത്രം കൊടുക്കുവാൻ ചില നീക്കങ്ങൾ ചില വൈദികമേലദ്ധ്യക്ഷന്മാരുടെ ഭാഗത്തു നിന്നുമുണ്ടായി. ആ നീക്കത്തെ ശക്തമായി എ.കെ.സി.സി. എതിർത്തുവെങ്കിലും മംഗളപത്രം സമർപ്പിക്കപ്പെട്ടു. മംഗളപത്രസമർപ്പണം വിമർശത്തിന് ഇടയാക്കി.

## ഭീമഹർജിയുടെ പൂർണ്ണരൂപം

ശ്രീ. പത്മനാഭദാസ, വഞ്ചിപാല, കുലശേഖര, കിരീടപതി മന്നേ സുൽത്താൻ, മഹാരാജാ രാജെ, രാമരാജ ബഹദൂർ, ഷംഷർ ജംഗ്, നൈറ്റ് ഗ്രാന്റ് കമാൻഡർ ആഫ് ദി മോസ്റ്റ് എമിനെന്റ് ആർഡർ ആഫ് ദി ഇൻഡ്യൻ എമ്പയർ, ലഫ്റ്റനന്റ് കർണൽ, ശ്രീ. ചിത്തിര തിരുനാൾ ബാലാരാമവർമ്മ തിരുമനസ്സിലെ സന്നിധിയിൽ തിരുമനസ്സിലെ കത്തോലിക്കാ പ്രജകളായ താഴെ കൈ ഒപ്പിട്ടിരിക്കുന്ന അടിയങ്ങൾ സമർപ്പിക്കുന്ന മെമ്മോറിയൽ

ദയാനിധിയായ തിരുമേനി,

തിരുമനസ്സിലെ നേർക്ക്, അടിയങ്ങൾക്കുള്ള ഭക്ത്യാദരങ്ങളെ തിരുമേനസ്സുണർത്തിക്കുകയും, താഴെ വിവരിക്കുന്ന അടിയങ്ങളുടെ സങ്കടങ്ങളെ കരുണാനിധിയായ തിരുമനസ്സിലെ സന്നിധിയിൽ സമർപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

1. വിദ്യാഭ്യാസത്തെ അധികരിച്ച് കത്തോലിക്കാസഭ സ്വീകരിച്ചിട്ടുള്ള സിദ്ധാന്തങ്ങളെയും നിയമങ്ങളെയും ഇതോടനുബന്ധമായി ചേർത്തിരിക്കുന്ന മെമ്മോറാണ്ടത്തിൽ വിശദമാക്കിയിട്ടുണ്ട്. ഒരു കത്തോലിക്കനും ഇവയിൽ നിന്ന് വ്യതിചലിക്കാവുന്നതല്ല.

2. ഈ സിദ്ധാന്തങ്ങൾക്കും നിയമങ്ങൾക്കും വിപരീതമായി എന്തെങ്കിലും ചെയ്യുവാൻ അടിയങ്ങൾ നിർബന്ധരായാൽ അതു അടിയങ്ങളുടെ

www.malankaralibrary.com

മതസ്വാതന്ത്ര്യത്തെ സാരമായി ബാധിക്കുന്നതും, അടിയങ്ങൾക്കു വളരെ സങ്കടമുണ്ടാകുന്നതുമാകുന്നു.

3. മതാഭ്യാസം വിദ്യാഭ്യാസത്തിന്റെ പ്രാധാനവും അഭേദ്യവുമായ ഒരു ഭാഗമാണെന്നും, ശരിയായി രൂപവൽക്കരിച്ചിട്ടുള്ള മത ബോധനം ഓരോരുത്തരുടെയും വിദ്യാഭ്യാസത്തിന്റെ അംശമായിരിക്കണമെന്നും വിദഗ്ദ്ധന്മാർ കൂടി ഉൾപ്പെട്ടിരുന്ന വിദ്യാഭ്യാസ പുനഃസംയോജനകമ്മിറ്റി ഏകകണ്ഠമായി അഭിപ്രായപ്പെടുകയും ഗ്രാന്റ് സ്കൂളുകൾക്ക് കൂടുതൽ പ്രോത്സാഹനം നൽകേണ്ടതാണെന്ന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കമ്മിറ്റിയെക്കാൾ നിയമപ്രകാരം ഉയർന്ന പദവി ഉള്ളവയെങ്കിലും വിദ്യാഭ്യാസ കാര്യത്തിൽ വിദഗ്ദ്ധസംഘങ്ങളില്ലാത്ത നിയമസഭയുടെ ഇരുമണ്ഡലങ്ങളും കമ്മിറ്റിയുടെ ഈ ശുപാർശകൾക്ക് വിപരീതമായി തീരുമാനങ്ങൾ ചെയ്തു.

4. ദിവാൻജിയുടെ പ്രസ്താവനകളിൽ നിന്നും 1945 ഓഗസ്റ്റ് 31-ാം തീയതിയിലെ പ്രസ് കമ്മ്യൂണിക്കേഷൻ നിന്നും, ക്രിസ്ത്യാനികളുടെ പ്രതിഷേധങ്ങളെ അവഗണിച്ച് നിയമസമിതികളുടെ തീരുമാനങ്ങൾ നടപ്പിൽ വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായി അടിയങ്ങൾക്കു ഭയം തോന്നി. അതിനാൽ അടിയങ്ങളുടെ സങ്കടങ്ങൾ വിവരിച്ചും പരിഹാരങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചും ഒരു പൊതുജനമെമ്മോറിയൽ തിരുമനസ്സിലെ സന്നിധിയിൽ സമർപ്പിക്കുവാൻ, 1945 സെപ്റ്റംബർ 9-ാം തീയതി അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ വിദ്യാഭ്യാസക്കമ്മിറ്റി തീരുമാനിച്ചു.

5. ഈ വാർത്ത പത്രങ്ങളിൽ കണ്ട ഉടനെതന്നെ മെമ്മോറിയൽ തയ്യാറാക്കി തിരുമനസ്സുണർത്തിക്കുന്നതിന് അടിയങ്ങൾക്ക് സമയം കിട്ടുന്നതിനുമുമ്പായി നിയമസമിതികളുടെ നിശ്ചയങ്ങൾ സ്വീകരിച്ചുകൊണ്ട് ഗവൺമെന്റിൽ നിന്ന് Dis.1324/45/Edn., നമ്പരായി 1945- സെപ്റ്റംബർ 12-ാം തീയതി പ്രൊസീഡിംഗ്സ് പാസാക്കുകയും ഈ ഉത്തരവ് നടപ്പിൽ വരുത്തുന്നതിലേക്കായി വിശദമായ പരിപാടികൾ രൂപവൽക്കരിക്കുന്നതിന് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

6.എല്ലാ വിപത്തുകളിൽ നിന്നും അടിയങ്ങളെ രക്ഷിക്കുന്നതിന് തിരുമനസ്സിലെ സന്നിധാനത്തിൽ സങ്കടങ്ങൾ ഉണർത്തിക്കുന്നതിന് സമയം കിട്ടുന്നതിനുമുമ്പായി ഗവൺമെന്റിൽ നിന്നും ഗൗരവാവഹമായ ഈ നടപടി കൈക്കൊണ്ടത് അടിയങ്ങൾക്ക് കൂടുതൽ സങ്കടത്തിന് കാരണമായിട്ടുണ്ട്.

7. ഇപ്രകാരം തന്നെ അടിയങ്ങളെ വേദനിപ്പിക്കുന്ന മറ്റുപല സങ്കടങ്ങളും അടിയങ്ങൾ അനുഭവിക്കുന്നുണ്ടെങ്കിലും ഈ കാര്യത്തിന്റെ ഗൗരവത്തെ പരിഗണിച്ച് ഇതിനെപ്പറ്റി മാത്രമെ ഉടനെ തിരുമനസ്സുണർത്തിക്കുവാൻ ഇടയായിട്ടുള്ളതാകുന്നു.

അതിനാൽ താഴെ വിവരിക്കുന്ന അപേക്ഷകൾ ഏറ്റവും വിനയത്തോടും ഭക്തിയോടും കൂടി തിരുമനസ്സുണർത്തിച്ചുകൊള്ളുന്നു.

www.malankaralibrary.com

എ. അടിയങ്ങളുടെ സങ്കടങ്ങൾക്കു പരിഹാരം വരത്തക്കവണ്ണം മേൽവിവരിച്ചിട്ടുള്ള ഗവൺമെന്റ് പ്രൊസീഡിംഗ്സു കൽപിച്ചു ഭേദപ്പെടുത്തു മാറാകണം.

ബി. അടിയങ്ങളുടെ വിദ്യാലയങ്ങളിലെ അടിയങ്ങളുടെ കുട്ടികൾക്ക് മതബോധനം നൽകുന്നതിനുള്ള അവകാശം അടിയങ്ങൾ തുടർന്ന് അനുഭവിക്കുന്നതിന് കൽപിച്ചനുവദിക്കുമാറാകണം.

സി. അടിയങ്ങളുടെ വിദ്യാലയങ്ങളിലെ അധ്യാപകർക്ക് അവരുടെ മുഴുവൻ ശമ്പളവും സഹായധനമായി നൽകുന്നതിന് കൽപിച്ചനുവദിക്കുമാറാകണം.

25 സെപ്റ്റംബർ 1945

എന്ന്,
തിരുമനസ്സിലെ ഭക്തരും വിനീതരുമായ
കത്തോലിക്കാ പ്രജകൾ.

## പ്രക്ഷോഭണം ഒത്തുതീർപ്പിൽ

കത്തോലിക്ക കോൺഗ്രസ് നിയമിച്ച വിദ്യാഭ്യാസകമ്മിറ്റി എ.കെ. സി.സി.ക്ക് സമർപ്പിച്ച റിപ്പോർട്ടിൽ ഇപ്രകാരം എഴുതിയിരുന്നു: 'വിദ്യാഭ്യാസ വിഷയത്തിൽ ഒരു ഒത്തുതീർപ്പിൽ എത്തിച്ചേരുന്നതിന്, തിരുവിതാംകൂർ ഗവൺമെന്റും കത്തോലിക്ക വൈദികമേലദ്ധ്യക്ഷന്മാരും തമ്മിൽ ഇതിനിടയിൽ എന്തൊക്കെയോ ആലോചന നടക്കുന്നുണ്ടായിരുന്നു. എന്നാൽ വിദ്യാഭ്യാസ പ്രക്ഷോഭണത്തിന്റെ സകല ഭാരവും ഏറ്റെടുത്ത് അത് സമർത്ഥമായും ത്യാഗപൂർവ്വവും നടത്തിക്കൊണ്ടിരുന്ന ഈ കമ്മിറ്റിയുമായി ആ കാര്യം സംബന്ധിച്ച് ആരും ആലോചിച്ചിരുന്നില്ല. ഏതായാലും അങ്ങനെ നടന്ന ആലോചനകളുടെ ഫലമായി ഉണ്ടായതാണെന്ന ഭാവേന, തിരുവിതാംകൂർ ഗവൺമെന്റിൽനിന്നു 1947 മാർച്ച് 10-ാം തീയതി ഒരു പ്രസ് കമ്യൂണിക്കെ പ്രസിദ്ധപ്പെടുത്തി. പ്രസ്തുത കമ്മ്യൂണിക്കെയെപ്പറ്റി 1947 മാർച്ച് 22-ാം തീയതി കമ്മിറ്റികൂടി ആലോചിച്ച്. വിദ്യാഭ്യാസവിഷയത്തിൽ ക്രിസ്ത്യാനികൾ പൊതുവിലും കത്തോലിക്കർ പ്രത്യേകിച്ചും നടത്തിക്കൊണ്ടിരുന്ന അവകാശവാദങ്ങളെ തൃപ്തിപ്പെടുത്തത്തക്ക ഒന്നായിരുന്നില്ല പ്രസ്തുത കമ്യൂണക്കെ. വൈദിക മേലദ്ധ്യക്ഷമാർ ഒരു ഇടക്കാല വ്യവസ്ഥയായി സമ്മതിച്ചിരുന്ന ചില വ്യവസ്ഥകളും കൂടിയാലോചനയിൽ ഉന്നയിക്കപോലും ചെയ്യാത്ത മറ്റു ചില വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുള്ളതായിരുന്നു ആ കമ്യൂണിക്കേ. അതിലെ വ്യവസ്ഥകൾ സ്വീകാര്യങ്ങളല്ലെന്നു കാണിച്ച് കമ്മിറ്റിയിൽ നിന്നും ഒരു പ്രസ്താവന പുറപ്പെടുവിച്ചു. കമ്മിറ്റിയുടെ അഭിപ്രായവും പ്രസ്താവനയും വൈദികമേഖലദ്ധ്യക്ഷന്മാരെ അറിയിക്കുകയും ചെയ്തു... ... ....... ഒരു ഇടക്കാല വ്യവസ്ഥയെന്ന നിലയിൽ ആയാൽ തന്നെയും വിദ്യാഭ്യാസവിഷയത്തിലുള്ള നമ്മുടെ അവകാശവാദം സംബന്ധിച്ച് വൈദികമേലദ്ധ്യക്ഷമാരും

www.malankaralibrary.com

ഗവൺമെന്റും തമ്മിൽ ഒരു രാജിയുണ്ടായിരിക്കുന്നതിനാൽ ഈ കമ്മിറ്റിയുടെ പ്രവർത്തനം തുടർന്നുകൊണ്ടുപോകണമോ വേണ്ടയോ എന്നും ഈ കമ്മിറ്റി ആലോചിച്ചു.

1947 ജൂലൈ 6-ാം തീയതി കൂടിയ കമ്മിറ്റി യോഗത്തിൽ വിദ്യാഭ്യാസ പ്രശ്നം സംബന്ധിച്ച്, തിരുവിതാംകൂറിലെയും കൊച്ചിയിലെയും കത്തോലിക്കാ മെത്രാന്മാരുടെ കോൺഫറൻസിൽ നിന്നും ഒരു നിർദ്ദേശം കിട്ടുന്നതുവരെ വിദ്യാഭ്യാസ കമ്മിറ്റിയുടെ പ്രവർത്തനം നിർത്തി വയ്ക്കേണ്ടതാണെന്നും കമ്മിറ്റി എ.കെ.സി.സി. മാനേജിംഗ് കമ്മറ്റിയെ അറിയിക്കുവാൻ തീരുമാനിച്ചു.'

തിരുവിതാംകൂറിലെ വിദ്യാഭ്യാസപ്രശ്നം എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി നിരവധി പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

വിദ്യാഭ്യാസ കമ്മിറ്റിയുടെ ചുമതലയിൽ നടത്തപ്പെട്ട വിദ്യാഭ്യാസ പ്രക്ഷോഭണം സംബന്ധിച്ച് കമ്മിറ്റിയംഗങ്ങളിൽ പലരും അറസ്റ്റ് ചെയ്യപ്പെട്ടു. കോൺഗ്രസ് പ്രസിഡന്റ് കുഞ്ഞിത്തൊമ്മൻ, പി.റ്റി.ചാക്കോ, ചെറിയാൻ കാപ്പൻ, മാത്യു മണിയങ്ങാടൻ, ഗ്രിഗറി കണ്ടങ്കരി, ജോസഫ് മാളിയേക്കൽ മുതലായവർ ജയിലിലായി. ഇവരിൽ പലരും ജയിലിൽ കിടന്ന് കഷ്ടതകൾ സഹിച്ചു കൊണ്ടിരുന്ന സന്ദർഭത്തിലാണ് വിദ്യാഭ്യാസ കമ്മിറ്റിയുമായി ആലോചിക്കാതെ വൈദികമേലദ്ധ്യക്ഷന്മാർ തിരുവിതാംകൂർ ഗവണ്മെന്റുമായി ഒത്തുതീർപ്പാലോചനകൾ നടത്തിയത്. ജയിലിൽ കിടക്കുന്ന സമുദായ നേതാക്കളുടെ ഭാവി, അവരുടെ പേരിലുള്ള കേസുകൾ എന്നിവയെപ്പറ്റിയൊന്നും ഒത്തുതീർപ്പു ചർച്ചകളിൽ പരാമർശിച്ചിട്ടില്ലെന്നത് വളരെ ദുഃഖകരമായ വസ്തുതയാണ്. കത്തോലിക്കാ സമുദായത്തിന്റെ ആ വീര സന്താനങ്ങളോട് കൃതജ്ഞത പ്രകാശിപ്പിക്കട്ടെ.

## കേന്ദ്രകാര്യാലയം

അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ കേന്ദ്രകാര്യാലയമായി ഒരു കെട്ടിടം ഉണ്ടായിരിക്കേണ്ടതാണെന്ന് 1943-ലെ പാലാ സമ്മേളനം നിശ്ചയിച്ചു. അതിനാവശ്യമായ പണം ശേഖരിക്കുന്നതിനായി ജേക്കബ് ചെറിയാൻ കൺവീനറും ജോർജ് തോമസ് കൊട്ടുകാപ്പള്ളി ട്രഷററുമായി 29 അംഗങ്ങളുള്ള ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തു. ആ കമ്മിറ്റിയാണ് ഇന്ന് കേരള കാത്തലിക് ട്രസ്റ്റ് ആയി രൂപം പ്രാപിച്ചത്.

## സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം

കത്തോലിക്കാകോൺഗ്രസിന്റെ സുവർണകാലഘട്ടം 1947 വരെയായിരുന്നുവെന്ന് പറയാം. തിരുവിതാംകൂറിന്റെ ചരിത്രം രൂപപ്പെടുത്തുന്നതിലും അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും

www.malankaralibrary.com

കത്തോലിക്കാ കോൺഗ്രസ് അനുഷ്ഠിച്ച സേവനങ്ങൾ വിലമതിക്കപ്പെടേണ്ടതാണ്. ഉത്തരവാദപ്രക്ഷോഭണകാലത്ത് സ്റ്റേറ്റ് കോൺഗ്രസ്സിനു പിന്തുണ നൽകിയത് കത്തോലിക്ക കോൺഗ്രസ് എന്ന സമുദായ സംഘടന മാത്രമാണ്. അക്കാലത്തെ സ്റ്റേറ്റ് കോൺഗ്രസിനെയും ഉത്തരവാദഭരണപ്രക്ഷോഭണത്തെയും എതിർക്കുകയും ജനകീയ സമരങ്ങളെ അടിച്ചമർത്താൻ സി.പി.ക്ക് കൂട്ടുനിൽക്കുകയും ചെയ്ത പല സമുദായനേതാക്കളും സമുദായ സംഘടനകളും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം തിരുകൊച്ചിയിലെ കോൺഗ്രസ് നേതാക്കളായി മാറിയ കഥ-കത്തോലിക്കരെ കോൺഗ്രസിൽ നിന്നും പുറത്തുചാടിക്കാൻ നടത്തിയ ശ്രമങ്ങൾ-രസാവഹമായ അധ്യായമാണ്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നടന്ന പ്രഥമ തെരഞ്ഞെടുപ്പിൽ ആ നാടകം ശരിക്കും അരങ്ങേറി.

സ്വാതന്ത്ര്യാനന്തരം കേരളത്തിലെ കോൺഗ്രസ് ഒരു ദേശീയ കക്ഷിയായിതന്നെ നിലകൊള്ളണമെന്നായിരുന്നു കത്തോലിക്കരുടെ ആഗ്രഹം. എന്നാൽ പ്രഥമ തെരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥി നിർണ്ണയം കോൺഗ്രസ് അന്നു വർഗീയകക്ഷികളുടെ കളിപ്പാവയായി മാറിയെന്ന് വ്യക്തമാക്കുന്നതായിരുന്നു. ആ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ടിക്കറ്റ് കൊടുക്കേണ്ട നായന്മാർ ആരെല്ലാമായിരിക്കണമെന്നു ആലോചിച്ചത് കോൺഗ്രസിന്റെ ഇലക്ഷൻ കമ്മിറ്റിക്കാർ തമ്മിലായിരുന്നില്ല. ഹിന്ദുമഹാമണ്ഡലവും എൻ.എസ്.എസുമായിട്ടായിരുന്നു ആലോചന. കോൺഗ്രസ് ടിക്കറ്റ് കൊടുക്കേണ്ട ഈഴവർ ആരായിരിക്കണമെന്ന് ആലോചിച്ചത് എസ്.എൻ. ഡി.പി.യുമായിട്ടാണ്. അന്നുവരെ കോൺഗ്രസിനെ എതിർത്ത, വർഗീയ കക്ഷികളുടെ മുൻപിൽ കോൺഗ്രസ് അതിന്റെ വ്യക്തിത്വം അടിയറവച്ചു. അതേസമയം ഉത്തരവാദഭരണപ്രക്ഷോഭണത്തെ എന്നും അനുകൂലിച്ച കത്തോലിക്കാ കോൺഗ്രസിനോട് സ്ഥാനാർത്ഥി നിർണയത്തെപ്പറ്റി ആലോചിക്കാൻപോലും തയ്യാറായില്ല എന്നത് ഒരു വിരോധാഭാസമായി തോന്നാം. കോൺഗ്രസിനെ എതിർത്തവരുടെ കൈകളിൽ കോൺഗ്രസ് ഇക്കാലമായപ്പോൾ കെട്ടപ്പെട്ടു കഴിഞ്ഞു എന്നതാണു പരമാർത്ഥം. 1947 വരെ എ.കെ.സി.സി.യോടു സഹകരിച്ച് പ്രവർത്തിച്ച് നേതൃസ്ഥാനത്തെത്തിയ പല കത്തോലിക്കരും കത്തോലിക്കാ കോൺഗ്രസിനെ തള്ളിപ്പറയുകയും ചെയ്തു.

## കമ്മ്യൂണിസ്റ്റ് വിരുദ്ധപ്രചരണം

സ്വാതന്ത്ര്യപ്രാപ്തിയെ തുടർന്ന് ഭാരതത്തിന്റെ വിശിഷ്യ കേരളത്തിന്റെ പ്രബലമായ ശത്രു കമ്യൂണിസ്റ്റ് പാർട്ടിയാണെന്ന വസ്തുത മനസ്സിലാക്കി കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രചരണത്തിന് കോൺഗ്രസ് നേതൃത്വം നല്കുകയുണ്ടായി. സ്വതന്ത്രതൊഴിലാളി യൂണിയൻ സംഘടിപ്പിക്കുന്നതിനും കമ്യൂണിസ്റ്റ് ആശയങ്ങളുടെ പൊള്ളത്തരം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുമായി നിരവധി യോഗങ്ങൾ സംഘടിപ്പിച്ചു.

www.malankaralibrary.com

## ഗ്രീഷ്മകാല വിദ്യാലയം

കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ഇദംപ്രഥമമായി നടത്തപ്പെട്ട ഒരു പ്രസ്ഥാനമാണ് ഗ്രീഷ്മകാലവിദ്യാലയം. യുവാക്കന്മാർക്കു സാമൂഹ്യ സേവനവിഷയത്തിൽ വേണ്ട പരിശീലനവും ജ്ഞാനവും നല്കുകയെന്ന ലക്ഷ്യത്തോടെ 1949-ലാണ് ആരംഭിച്ചത്. അവധിക്കാലത്ത് ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടികളാണ് ഇതുസംബന്ധിച്ച് ആവിഷ്കരിച്ചത്. വിജ്ഞാനപ്രദമായ ക്ലാസ്സുകൾ, വിനോദയാത്ര, ധ്യാനം മുതലായവ ഇതോടനുബന്ധിച്ച് നടത്തിക്കൊണ്ടിരുന്നു. നേതൃത്വപരിശീലനം ലക്ഷ്യമാക്കി ആദ്യം ഒരു പദ്ധതി നടപ്പാക്കി പ്രവർത്തനം തുടങ്ങിയത് കത്തോലിക്ക കോൺഗ്രസാണെന്നത് പ്രത്യേകം എടുത്തുപറയാവുന്നതാണ്.

## പൊതുതെരഞ്ഞെടുപ്പ്

1951-ലെ പൊതുതെരഞ്ഞെടുപ്പ് സ്ഥാനാർത്ഥി നിർണ്ണയത്തിൽ കോൺഗ്രസ് പാർട്ടി സ്വീകരിച്ച നടപടിയോടു കത്തോലിക്കരിലെ ഭൂരിപക്ഷം ആളുകൾക്കും എതിർപ്പുണ്ടായിരുന്നു. എ.കെ.സി.സി. എതിർപ്പ് കോൺഗ്രസ് പാർട്ടിയെ അറിയിക്കുകയും ചെയ്തിരുന്നു. സ്വാതന്ത്ര്യസമരകാലത്ത് സ്വാതന്ത്ര്യസമരത്തെയും കോൺഗ്രസിനെയും എതിർത്തവരുടെയും കരങ്ങളിൽ ചുരുങ്ങിപ്പോയ കോൺഗ്രസ് പാർട്ടി കത്തോലിക്ക സമുദായത്തോടു നന്ദി പോലും കാണിച്ചില്ലെന്നത് ഒരു നഗ്നസത്യമാണ്. നിയോജകമണ്ഡലവിഭജനം സംബന്ധിച്ചും മറ്റും ശാസ്ത്രീയമായി പഠിച്ച കത്തോലിക്ക കോൺഗ്രസ് സമർപ്പിച്ച റിപ്പോർട്ടുപോലും പരിഗണിക്കുവാൻ ബന്ധപ്പെട്ടവർ തയ്യാറായില്ല. ഈ സാഹചര്യത്തിൽ പൊതുതെരഞ്ഞെടുപ്പിൽ ചില സുധീരനിലപാട് സ്വീകരിക്കാൻ കത്തോലിക്കാ കോൺഗ്രസ് നിർബന്ധിതമായി. കോൺഗ്രസ് നിലപാടിനോട് അനുകൂലവും പ്രതികൂലവുമായി ധാരാളംപേർ രംഗത്തുവന്നു. ദീപിക, മലബാർമെയിൽ, സത്യനാദം തുടങ്ങിയ പത്രങ്ങൾ എ.കെ.സി.സി. യുടെ നിലപാടിനെ ശക്തമായി അനുകൂലിച്ചു.

സ്വാതന്ത്ര്യലബ്ധിക്കാലത്തെയും പൊതുതെരഞ്ഞെടുപ്പുവേളയിലെയും അനുഭവങ്ങൾ കത്തോലിക്കാ കോൺഗ്രസിനെ ഒരു പുനർ വിചിന്തനത്തിനു പ്രേരിപ്പിച്ചു. മെമ്മോറിയലുകളിലൂടെയും പ്രമേയങ്ങളിലൂടെയും ഇടയ ലേഖനങ്ങളിലൂടെയും വളർന്ന കത്തോലിക്ക കോൺഗ്രസിനു കാലത്തിനൊത്ത് ചിന്തിക്കയും പ്രവർത്തനമേഖല പുനസംവിധാനം ചെയ്യുകയും വേണ്ടിയിരുന്നു. കമ്യൂണിസത്തിന്റെ വളർച്ച, മുതലാളിത്തത്തിന്റെ മർക്കടമുഷ്ടി–ഇവ രണ്ടും സാമൂഹ്യമണ്ഡലത്തെ ഗ്രസിച്ചുകളഞ്ഞതായി തോന്നി. വിദ്യാഭ്യാസം, ഗവണ്മെന്റ് ഉദ്യോഗം, നിയമസഭാപ്രാതിനിധ്യം തുടങ്ങിയ ഏതാനും മേഖലകളിൽ ഒതുക്കിനിർത്താതെ പ്രവർത്തന വ്യാപിപ്പിക്കേണ്ടിയിരുന്നു.

അതേസമയം സഭയുടെയും സമുദായത്തിന്റെയും ബാഹ്യശത്രുക്കളെ

www.malankaralibrary.com

മാത്രമല്ല, സമുദായത്തിലും സഭയിലുംതന്നെയുള്ള പാളിച്ചകളിലേക്കും സംഘടനക്ക് വിരൽചൂണ്ടേണ്ടതായിവന്നു. അതുവരെയുള്ള കാഴ്ചപ്പാടുകളിൽ നിന്നും അല്പം ഭിന്നമായ ഈ ചിന്താഗതി വത്തിക്കാൻ കൗൺസിലിന്റെ ആരംഭത്തിൽ പുതിയ മാനങ്ങളും മാനദണ്ഡങ്ങളും സ്വീകരിച്ചു മുന്നേറുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. ഭരണഘടന, ഹെഡ്ഓഫീസ്, പ്രവർത്തകാംഗങ്ങൾ തുടങ്ങിയ സംഘടനയുടെ അലകും പിടിയും തേച്ചുമിനുക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളുടെ ചരിത്രമാണു അടുത്തത്.

## സമീപനങ്ങളിൽ മാറ്റം

സ്വാതന്ത്ര്യ ലബ്ധിക്കുശേഷമുള്ള കത്തോലിക്ക കോൺഗ്രസ് അനുഭവങ്ങളിലൂടെ പ്രവർത്തനങ്ങളിലും നയങ്ങളിലും ചില മാറ്റങ്ങൾ വരുത്തി. സമുദായത്തിലും സഭയിലും ഇക്കാലത്ത് ഉരുത്തിരിഞ്ഞ നവചിന്താഗതികളാണ് അതിനുകളമൊരുക്കിയത്. പേരാവൂർ സമ്മേളനത്തോടുകൂടി വീക്ഷണത്തിലും പ്രവൃത്തിയിലും ഒരു വഴിത്തിരിവുതന്നെയുണ്ടായി.

സ്വാതന്ത്ര്യ ലബ്ധിക്കുശേഷമുള്ള ഭരണഘടന ഐക്യകേരളം, വിമോചന സമരം, കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ വളർച്ച, സഭയിൽത്തന്നെയുള്ള ആധുനിക ചാക്രിക ലേഖനങ്ങൾ, വത്തിക്കാൻ കൗൺസിൽ, കേരളത്തിലെ പ്രത്യേക സാമൂഹ്യസ്ഥിതി തുടങ്ങിയവ അതിനു നിർബന്ധിച്ചു എന്നു പറയുന്നതാവും കൂടുതൽ ശരി.

പനമ്പിള്ളി വിദ്യാഭ്യാസ പദ്ധതിക്കെതിരായുള്ള നീക്കം മുതൽ കത്തോലിക്ക കോൺഗ്രസിന്റെ ആധുനികഘട്ടം ആരംഭിച്ചുവെന്നു പറയാം. ഐക്യകേരളം നിലവിൽ വന്നതോടെ സമ്പൂർണമായ ഒരു പൊളിച്ചെഴുത്ത് തന്നെ വേണ്ടിവന്നു.

1950 ഡിസംബർ 30-ാം തീയതി ചേർന്ന എ.കെ.സി.സി. പ്രതിനിധി സമ്മേളനം പനമ്പിള്ളി പദ്ധതിയെ പരാമർശിച്ചുകൊണ്ട് പാസാക്കിയ പ്രമേയത്തിലെ ഏതാനും ഭാഗം താഴെ ചേർക്കുന്നു: 'തിരു-കൊച്ചി ഗവൺമെന്റിന്റെ ആപൽക്കരമായ പുതിയ സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസപദ്ധതിയെ ശക്തമായി എതിർക്കേണ്ടത് - നിയമസഭയിലെ ക്രിസ്ത്യൻ മെമ്പർമാരുടെ ചുമതലയായിരുന്നു. അവർ അങ്ങനെ ചെയ്തുകൊള്ളുമെന്ന പ്രതീക്ഷയിലായിരുന്നു രാഷ്ട്രീയപരിപാടികൾ ഉപേക്ഷിച്ച കത്തോലിക്ക കോൺഗ്രസ് അതിന്റെ അതിരമ്പുഴ സമ്മേളനത്തിൽ സ്റ്റേറ്റ് കോൺഗ്രസിനെ ഉദാരമായി സഹായിക്കുവാൻ തദംഗങ്ങളെ ഉദ്ബോധിപ്പിച്ചത്. എന്നാൽ കത്തോലിക്ക സമുദായത്തെ സർവ്വപ്രധാനമായി സ്പർശിക്കുന്ന ഈ വിദ്യാഭ്യാസ കാര്യത്തിൽ നിയമസഭയിലെ കത്തോലിക്ക മെമ്പർമാർ കത്തോലിക്ക തല്പര്യങ്ങൾക്കെതിരായ നിലപാടാണ് സ്വീകരിച്ചതെന്ന് വ്യസനപൂർവ്വം രേഖപ്പെടുത്തേണ്ടിവന്നിരിക്കുന്നു. മേലിലും ഇത്തരം അനുഭവങ്ങൾ ഉണ്ടായേക്കാവുന്നതാണ്.

www.malankaralibrary.com

എന്നാൽ ക്രൈസ്തവ വിദ്യാഭ്യാസാദർശങ്ങളെ അഭംഗമായി സംരക്ഷിക്കേണ്ട അനുപേക്ഷണീയമായ ചുമതല കത്തോലിക്ക കോൺഗ്രസിനുണ്ട്. ആകയാൽ കത്തോലിക്ക തത്വങ്ങളുടെയും അവകാശങ്ങളുടെയും ഫലപ്രദമായ സംരക്ഷണത്തിന് യുക്തമെന്നു തോന്നുന്ന പ്രവർത്തനങ്ങൾ ആവശ്യമെന്നു തോന്നുന്ന ഘട്ടങ്ങളിൽ സ്വീകരിക്കുന്നതിന് ഈ സമ്മേളനം എ.കെ.സി.സി. വർക്കിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു. .....' പനമ്പിള്ളി പദ്ധതിക്കെതിരായി എ.കെ.സി.സി. സ്വീകരിച്ച നടപടികൾ വളരെയേറെ ജനശ്രദ്ധ ആകർഷിച്ചു.

സ്വതന്ത്ര ഇന്ത്യയിൽ കത്തോലിക്കരോട് സ്വീകരിച്ച അവഗണനകളെ കത്തോലിക്ക കോൺഗ്രസ് കാലാകാലങ്ങളിൽ ശക്തമായി പ്രതിഷേധിച്ചിട്ടുണ്ട്. 1953 ൽ ഇരിഞ്ഞാലക്കുട ചേർന്ന വാർഷിക പ്രതിനിധി സമ്മേളനം അവശ സമുദായങ്ങളിൽ നിന്നും മതപരിവർത്തനം ചെയ്യപ്പെടുന്ന ക്രിസ്ത്യാനികളുടെ അവകാശങ്ങൾ സ്റ്റേറ്റ് ഗവൺമെന്റ് നിഷേധിക്കുന്നതിനെപ്പറ്റിയും പബ്ലിക്ക് സർവ്വീസിൽ കത്തോലിക്കർക്ക് അർഹിക്കുന്ന പ്രാതിനിധ്യം അനുവദിക്കാത്തതിനെപ്പറ്റിയും വിദേശമിഷനറിമാരുടെ മതപ്രചരണത്തിൽ ആഭ്യന്തരമന്ത്രി കൈലാസ് നാഥ കഡ്ജു ചെയ്യുന്ന അസഹിഷ്ണതാപരമായ പ്രസ്താവനകളെപ്പറ്റിയും പ്രമേയങ്ങൾ അംഗീകരിക്കുകയുണ്ടായി. 1952 ൽ കത്തോലിക്ക കോൺഗ്രസ് അവശോദ്ധാരണം എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പ്രവർത്തിച്ചതെങ്കിൽ 1953-ൽ വിദ്യാഭ്യാസപ്രോത്സാഹനം എന്നതായിരുന്നു ലക്ഷ്യവാക്യം.

## നിയോഗികമ്മിറ്റി

മതപരിവർത്തനത്തെ തടയുക എന്ന ലക്ഷ്യം വച്ചുകൊണ്ട് മദ്ധ്യപ്രദേശ് ഗവൺമെന്റ് നിയോഗിച്ച നിയോഗികമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ ദോഷവശങ്ങൾ ഇന്ത്യയൊട്ടാകെ അറിയിക്കുന്നതിനുള്ള പ്രചരണ പരിപാടികൾക്ക് കത്തോലിക്ക കോൺഗ്രസ് നേതൃത്വം നൽകി. ഇതു സംബന്ധിച്ച് എ.കെ. സി.സി. വർക്കിംഗ് കമ്മിറ്റി അംഗീകരിച്ച പ്രമേയം താഴെ ചേർക്കുന്നു. 'ഇന്ത്യയിലെ ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന് മദ്ധ്യപ്രദേശ് ഗവൺമെന്റ് നിയമിച്ച നിയോഗികമ്മിറ്റിയുടെ ഏകപക്ഷീയവും മുൻവിധിയോടുകൂടിയതും പക്ഷപാതപരവുമായ റിപ്പോർട്ടിനെയും ശുപാർശകളെയും കത്തോലിക്ക കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയുടെ ഈ യോഗം വളരെ ഉൽകണ്ഠാപൂർവ്വം വീക്ഷിക്കുകയും അവയെ ശക്തിയുക്തം പ്രതിഷേധിക്കുകയും ചെയ്യുന്നു. ഇന്ത്യൻ ജനതയുടെ സാമൂഹ്യവും മതാത്മകവും ആയ ഉന്നത താല്പര്യങ്ങളെ സേവിച്ചിട്ടുള്ളവരും സേവിക്കാനിരിക്കുന്നവരുമായ ഒരു സമൂഹമെന്ന നിലയിൽ വിദേശിയരും ഏതദ്ദേശിയരുമായ മിഷനറിമാരുടെ പ്രവർത്തനങ്ങളിൽ ഈ കമ്മിറ്റിക്കുള്ള വിശ്വാസം രേഖപ്പെടുത്തുന്നു. നിയോഗിക്കമ്മിറ്റിയുടെ ശുപാർശകൾ ഭരണഘടന

www.malankaralibrary.com

ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളുടെയും സംരക്ഷണങ്ങളുടെയും വേര് അറക്കുന്നവയും, അവ സ്വീകൃതങ്ങളാക്കുകയും പ്രാവർത്തികമാക്കപ്പെടുകയും ചെയ്യുന്നപക്ഷം ഒരുമതേതര രാഷ്ട്രമായ ഇന്ത്യയിൽ ജീവിക്കുന്ന ന്യൂന പക്ഷങ്ങളുടെ രാഷ്ട്രത്തിലുള്ള വിശ്വാസത്തെ ഇളക്കുന്നതിന് അവ പര്യാപ്ത ങ്ങളായിരിക്കുമെന്നും അന്തർദേശീയ കേന്ദ്രങ്ങളിൽ ഈ റിപ്പോർട്ട് ഇന്ത്യയുടെ സൽപ്പേരിന് കളങ്കവും ശക്തിരാഷ്ട്രങ്ങളുമായി താദാത്മ്യം പ്രാപിക്കുകയും ബന്ധം പുലർത്തുകയും അവയെ പ്രോത്സഹിപ്പിക്കുകയും ചെയ്യുകയാ ണെന്നുള്ള അഭിപ്രായം ഉള്ളവാക്കുവാൻ പ്രേരകവും ആയിരിക്കുമെന്നുള്ള ഈ കമ്മിറ്റിയുടെ സുചിന്തിതമായ അഭിപ്രായവും രേഖപ്പെടുത്തുന്നു. ആകയാൽ നിയോഗിക്കമ്മിറ്റിയുടെ റിപ്പോർട്ടിനെ അവഗണിക്കണമെന്നും അതിലെ ശുപാർശകൾ നടപ്പീൽ വരുത്തരുതെന്നും ഈ യോഗം കേന്ദ്രഗവൺ മെന്റിനോടും മദ്ധ്യപ്രദേശ് ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു.

1955 ഓഗസ്റ്റ് 26-ാം തീയതി മിഷനറി ദിനമായി ആചരിക്കാനും നിയോഗികമ്മിറ്റി റിപ്പോർട്ടിനെതിരായി പ്രതിഷേധയോഗങ്ങൾ കൂടുവാനും കമ്മിറ്റി ആഹ്വാനം ചെയ്തു.

ഭാരത ക്രൈസ്തവസഭ നേരിടുന്ന എല്ലാ വെല്ലുവിളികളെയും യഥാവ സരം ബഹുജന ശ്രദ്ധയിൽ കൊണ്ടുവരുവാൻ എ.കെ.സി.സി. ശ്രമിച്ചിട്ടുണ്ട്. നിയോഗികമ്മിറ്റി റിപ്പോർട്ടിന് ഒരു പ്രത്യാഖ്യാനം ഇംഗ്ലീഷിൽ കത്തോലിക്ക കോൺഗ്രസ് പ്രസിദ്ധപ്പെടുത്തി.

## പ്രഥമ കമ്യൂണിസ്റ്റ് ഗവൺമെന്റ്

കത്തോലിക്ക കോൺഗ്രസിനു ആരംഭം കുറിച്ച കേരളീയ ക്രിസ്തീയ മഹാജനസഭ ഐക്യകേരളം ഭാവനയിൽ കണ്ടുകൊണ്ടാണ് കേരളീയ കത്തോലിക്ക ക്രിസ്തീയ മഹാജനസഭക്ക് രൂപം കൊടുത്തത്. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം തിരു-കൊച്ചി സംസ്ഥാനം രൂപീകരിച്ചപ്പോഴും കേരള ത്തിലെ കത്തോലിക്കർ അഖില കേരളാടിസ്ഥാനത്തിലാണ് സംഘടിച്ച് പ്രവർത്തിച്ചിരുന്നത്. 1956 നവംബർ 1-ാം തീയതിയാണ് നമ്മുടെ എല്ലാ വരുടെയും ഭാവനയിൽ മാത്രം നിറഞ്ഞുനിന്നിരുന്ന കേരളം സംസ്ഥാനം രൂപീകൃതമായത്.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കത്തോലിക്ക കോൺഗ്രസ് പ്രധാന മായും ഭാരതത്തിന്റെ പ്രധാന വിപത്ത് കമ്യൂണിസമാണെന്ന് മനസ്സിലാക്കി കമ്യൂണിസ്റ്റ് വിരുദ്ധ യോഗങ്ങൾ സംഘടിപ്പിക്കുകയും ഗ്രീഷ്മകാല വിദ്യാലയത്തിലൂടെ യുവജനപരിശീലനം നൽകുകയും ചെയ്തിരുന്നു. 1957 ൽ കേരളത്തിൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടി ഭരണകക്ഷിയായി മാറുകയുണ്ടായി. ആദ്യമായി ബാലറ്റുപെട്ടിയിലൂടെ ഭരണാധികാരം പിടിച്ചെടുത്ത രാജ്യം എന്ന പദവിയും അതോടെ കേരളത്തിനു ലഭിച്ചു.

www.malankaralibrary.com

## ക്രമസമാധാനനില

ഇന്ത്യയിൽ ആദ്യമായി ഒരു കമ്യൂണിസ്റ്റ് ഭരണകൂടം ഈ കൊച്ചു സംസ്ഥാനത്താണ് അധികാരത്തിൽ വന്നത്. ജനാധിപത്യത്തിന്റെ സമ്മോഹന പാരമ്പര്യമുള്ള ഈ പുണ്യഭൂമിയുടെ ചരിത്രത്തിൽ ഒരു ഏകാധിപത്യ ഭരണക്രമത്തിന്റെ അദ്ധ്യായം എഴുതിച്ചേർത്ത പ്രഥമ കമ്യൂണിസ്റ്റ് ഗവൺമെന്റ് 848 ദിവസം ഈ രാജ്യം ഭരിച്ചു.

ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, അതിന്റെ ആഹ്ലാദ സൂചകമായി, യാതൊരു വീണ്ടുവിചാരവുമില്ലാതെ തടവുകാരെ മുഴുവൻ വിട്ടയക്കുകയും നിലവിലുള്ള കേസുകൾ പിൻവലിക്കുകയും ചെയ്തു. തൽഫലമായി കൊല്ലപ്പുള്ളികളും മോഷ്ടാക്കളും കേരളത്തിലങ്ങോളമിങ്ങോളം സ്വൈരവിഹാരം നടത്തി. ഏത് അക്രമം നടത്തിയാലും അവർക്കൊന്നും ഭയപ്പെടാനില്ലാത്ത നില സംജാതമായി. അഴിമതിയുടെയും അക്രമത്തിന്റെയും ഭീകരത ഈ കാലഘട്ടത്തിൽ കേരളത്തിന്റെ മാർത്തട്ടിൽ നൃത്തം ചെയ്തു. മർദ്ദനത്തിന്റെയും ഭീഷണിയുടെയും ഭയാനകത ഈ പുണ്യഭൂമിയുടെ ഹൃദയത്തെ തകർത്തു. രാഷ്ട്രീയ കൊലപാതകങ്ങളും ഭവനഭേദനങ്ങളും കൊള്ളയും പിടിച്ചുപറിയും നിത്യസംഭവങ്ങളായിത്തീർന്നു. ജീവനും സ്വത്തിനും രക്ഷയില്ലാതായി. ഈ ദുർഭരണം കണ്ടിട്ട് രാഷ്ട്രീയകക്ഷികൾ അന്ധാളിച്ചുനിന്നു. കത്തോലിക്ക കോൺഗ്രസാണ് കമ്യൂണിസ്റ്റ് ഗവൺമെന്റിന്റെ സ്വേച്ഛാധിപത്യപരമായ നീക്കങ്ങളെ ചെറുക്കാനായി കരുക്കൾ ആദ്യമേ നീക്കിയത്.

## വിദ്യാഭ്യാസബിൽ

കമ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലേറിയിട്ടുള്ളിടത്തെല്ലാം വിദ്യാഭ്യാസരംഗം കൈയടക്കുവാനുള്ള പരിപാടികളാണ് ആദ്യമേ തയ്യാറാക്കുക. കേരളത്തിലെ കമ്യൂണിസ്റ്റ് മന്ത്രിസഭയിലെ അംഗമായിരുന്ന വിദ്യാഭ്യാസമന്ത്രി ഒരു വിദ്യാഭ്യാസ ബില്ലിന് രൂപം കൊടുക്കാനൊരുങ്ങി. ക്രൈസ്തവരുടെ വിദ്യാഭ്യാസകാര്യത്തിലുള്ള പ്രത്യേക താല്പര്യം എടുത്തു കാട്ടിക്കൊണ്ടും ധൃതഗതിയിലുള്ള നിയമനിർമ്മാണത്തിനുള്ള നീക്കം അപകടകരമാണെന്നും ഗവൺമെന്റ് നിയമസഭയിൽ ഹാജരാക്കാൻ ഉദ്ദേശിക്കുന്ന വിദ്യാഭ്യാസ ബിൽ പ്രസിദ്ധപ്പെടുത്തി പൊതുജനാഭിപ്രായം പ്രകടിപ്പിക്കുന്നതിന് ആവശ്യമായ സാവകാശം നൽകിയതിനുശേഷം മാത്രമേ ബിൽ നിയമസഭയിൽ അവതരിപ്പിക്കാവൂ എന്നും കത്തോലിക്ക കോൺഗ്രസ് ഗവൺമെന്റിനോടഭ്യർത്ഥിച്ചു. പക്ഷേ, ആ അഭ്യർത്ഥന സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറായില്ല. ഈ സന്ദർഭത്തിൽ 1957 സെപ്റ്റംബർ 15-ന് എ.കെ.സി.സി. വർക്കിംഗ് കമ്മിറ്റികൂടി താഴെ കാണുന്ന പ്രമേയം അംഗീകരിച്ചു.

ഈ രാജ്യത്ത് ഒരറ്റം മുതൽ മറ്റെ അറ്റംവരെ തുടർച്ചയായ ബഹുജന പ്രതിഷേധം ഉയരുകയും ലക്ഷക്കണക്കിനാളുകൾ ഒപ്പിട്ട മെമ്മോറാണ്ടംവഴി

www.malankaralibrary.com

ബിൽ പിൻവലിക്കണമെന്നു നിവേദനം നടത്തുകയും ചെയ്തിട്ടും അവയൊന്നും വകവയ്ക്കാതെ കമ്യൂണിസ്റ്റ് ഗവൺമെന്റ് കേരള വിദ്യാഭ്യാസബിൽ കേവലം രണ്ടു വോട്ടിന്റെ ഭൂരിപക്ഷത്തെ ആശ്രയിച്ച് നിയമസഭയിൽ പാസാക്കിയിരുന്നു. ആദ്യം ബില്ലിലെ വ്യവസ്ഥകളിൽ സിലക്ടു കമ്മിറ്റി ചില ഭേദഗതികൾ വരുത്തിയിട്ടുണ്ടെങ്കിലും അതുകൊണ്ട് ഈ ബില്ലിന്റെ അപകടസ്വഭാവത്തിനു യാതൊരു മാറ്റവും വന്നിട്ടില്ലെന്നും, ഭേദപ്പെടുത്തപ്പെട്ട രൂപത്തിലും ഈ ബിൽ തീർത്തും അസ്വീകാര്യമായിരിക്കുന്നുവെന്നും ചൂണ്ടിക്കാണിക്കുവാൻ ഈ കമ്മിറ്റി ആഗ്രഹിക്കുന്നു. ബില്ലിൽ പുതുതായി വരുത്തിയ ഒരു ഭേദഗതി പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള അദ്ധ്യാപക നിയമനം-പ്രൈവറ്റ് വിദ്യാലയങ്ങളുടെ ലക്ഷ്യത്തെപാടെ നശിപ്പിക്കുന്നതിനു പര്യാപ്തമാണെന്നും ആ വിദ്യാലയങ്ങളുടെ അസ്തിത്വത്തെതന്നെ ചോദ്യം ചെയ്യത്തക്ക സാമൂഹ്യ വിരുദ്ധശക്തികളുടെ നുഴഞ്ഞു കയറ്റത്തിന് അതു വഴിതെളിക്കുമെന്നും ഈ കമ്മിറ്റി പൂർണമായി വിശ്വസിക്കുന്നു.

ഈ ചുറ്റുപാടിൽ നിയമസഭ പാസാക്കിയ രൂപത്തിലുള്ള ബില്ലിനെ ഈ കമ്മിറ്റി അതിശക്തമായി പ്രതിഷേധിക്കുകയും ഇതിന് അംഗീകാരം നൽകരുതെന്ന് കേരള ഗവർണറോടും ഇൻഡ്യൻ പ്രസിഡണ്ടിനോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. മൗലികാവകാശ ധ്വംസകവും കുട്ടികളുടെ വിദ്യാഭ്യാസം കമ്യൂണിസ്റ്റു മയമാക്കിത്തീർക്കുന്നതുമായ ഈ ബില്ലിനെ പ്രതിഷേധിച്ചും ഇതിന് അംഗീകാരം നൽകരുതെന്ന് ഇൻഡ്യൻ പ്രസിഡണ്ടിനോടും കേരള ഗവർണറോടും അഭ്യർത്ഥിച്ചുകൊണ്ടുള്ള പ്രതിഷേധ നിശ്ചയങ്ങൾ പാസാക്കി അധികാരസ്ഥാനങ്ങളിൽ അയച്ചുകൊടുക്കുവാൻ ശാഖകളെയും സമുദായാഭിമാനികളായ അംഗങ്ങളെയും ഈ കമ്മിറ്റി ഉൽബോധിപ്പിക്കുന്നു.

രക്ഷാകർത്താക്കളുടെ അവകാശത്തെ അവഗണിച്ചും കുഞ്ഞുങ്ങൾ രാഷ്ട്രത്തിന്റെ വകയാണെന്ന കമ്യൂണിസ്റ്റ് സിദ്ധാന്തത്തിന് അനുയോജ്യമാം വിധം കരുപ്പിടിപ്പിച്ചിരിക്കുന്നതുമായ വിദ്യാഭ്യാസബിൽ നിയമമായി നടപ്പിൽ വരാതിരിക്കുന്നതിന് ആവശ്യമായ അനന്തരനടപടികൾ സ്വീകരിക്കുവാനും അതിലേയ്ക്ക് വേണ്ടിവരുന്ന എല്ലാവിധ ത്യാഗങ്ങളും സഹിപ്പാനും തയ്യാറായിരിക്കണമെന്ന് രക്ഷാകർത്താക്കളെയും ഈ കമ്മിറ്റി അനുസ്മരിപ്പിച്ചു കൊള്ളുന്നു."

വിദ്യാഭ്യാസ ബില്ലിനെതിരായ പ്രതിഷേധം കേരളമാകെ പടർന്നുപിടിച്ചു. അതേ സമയം പാഠപുസ്തക കമ്മിറ്റികളിലും സിലബസ് കമ്മിറ്റിയിലും കത്തോലിക്കരെ ഉൾപ്പെടുത്താതെ പുനസംഘടിപ്പിക്കുകയും കത്തോലിക്കരോട് പകയോടെ പെരുമാറുകയും ചെയ്യുന്നതിൽ സർക്കാർ പ്രത്യേക വൈദഗ്ധ്യം കാണിക്കുകയും ചെയ്തു.

www.malankaralibrary.com

## സിലബസ് കമ്മിറ്റി

1957 നവംബർ 21-ാം തീയതി പ്രസിദ്ധം ചെയ്തിട്ടുള്ള കമ്മിറ്റികളിലെ പേരുകൾ പരിശോധിച്ചാൽ, ഈ സംസ്ഥാനത്ത് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംവിധാനം ചെയ്യുകയും ചിരകാലമായി പ്രശസ്തമാം വിധം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ക്രിസ്ത്യൻ വിദ്യാഭ്യാസ പ്രവർത്തകരുടെ പേരുകൾ അവയിൽ ഇല്ലെന്ന് സ്പഷ്ഠമാകും. ക്ലാസുകളിലെ പാഠപദ്ധതിയും പാഠപുസ്തകങ്ങളും വിദ്യാഭ്യാസത്തിലെ അടിസ്ഥാനഘടകവും പരമപ്രാധാന്യമർഹിക്കുന്ന സംഗതിയും ആണ്. പ്രൈമറി വിഭാഗത്തിലെ പാഠപദ്ധതിയും 1 മുതൽ 12 വരെ ക്ലാസുകളിലെ മലയാള പാഠപുസ്തകങ്ങളും 6 മുതൽ 12 വരെ ക്ലാസുകളിലെ ഇംഗ്ലീഷ് പാഠപുസ്തകങ്ങളും തയ്യാറാക്കുന്നതിന് നിയുക്തമായിരിക്കുന്ന കമ്മിറ്റികളുടെ ഘടന ഗവൺമെന്റിന്റെ നയത്തെ പ്രസ്പഷ്ടമാക്കുന്നതിന് പര്യാപ്തമാണെന്ന് എ.കെ.സി.സി. വർക്കിംഗ് കമ്മിറ്റി അഭിപ്രായപ്പെട്ടു. പുനഃസംഘടിപ്പിച്ച കമ്മിറ്റികളിൽ കത്തോലിക്കർക്ക് അർഹമായ പ്രാതിനിധ്യം നൽകണമെന്നും കമ്മിറ്റി ആവശ്യപ്പെട്ടു.

കോൺഗ്രസിന്റെ ഈ ആവശ്യത്തെ അംഗീകരിച്ചില്ലെന്നു മാത്രമല്ല. സമുദായം നോക്കിയല്ല, പ്രാഗത്ഭ്യം നോക്കിയാണ് കമ്മിറ്റികളിലേക്ക് ആളുകളെ തെരഞ്ഞെടുത്തതെന്ന് സമർത്ഥിച്ചുകൊണ്ട് സർക്കാർ ഒരു പ്രസ്റിലീസ് പുറപ്പെടുവിച്ചു. ഗവൺമെന്റിനു കത്തോലിക്ക കോൺഗ്രസ് ജനറൽ സെക്രട്ടറി നൽകിയ മറുപടി:

'വിദ്യാഭ്യാസരംഗത്ത് മുന്നണിയിൽനിന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്രിസ്ത്യാനികളായ പ്രത്യേകിച്ച്, കത്തോലിക്കരായ വിദ്യാഭ്യാസ പ്രവർത്തകരെ ഇപ്പോഴത്തെ ഗവൺമെന്റ് സംഘടിപ്പിച്ചിട്ടുള്ള സിലബസ് കമ്മിറ്റിയിൽനിന്നും ഇംഗ്ലീഷ്, മലയാളം ഭാഷാ ടെക്സ്റ്റ്ബുക്ക് കമ്മിറ്റികളിൽനിന്നും ഒഴിച്ചുനിർത്തിയിരിക്കുന്നതിനെ പ്രതിഷേധിച്ച് കത്തോലിക്കകോൺഗ്രസ് കൗൺസിൽ പാസാക്കിയ പ്രമേയത്തെപ്പറ്റി സമാധാനം പറയുന്നതിന് കേരള ഗവൺമെന്റ് പുറപ്പെടുവിച്ച പ്രസ് റിലീസ് എന്റെ ദൃഷ്ടിയിൽപെടുകയുണ്ടായി. സമുദായം നോക്കി മനഃപൂർവ്വം യാതൊരു വിദഗ്ദ്ധരെയും ഒഴിച്ചു നിർത്തിയിട്ടില്ലെന്നും, ഈ കമ്മിറ്റികളിൽ ഇന്നുവരെ സമുദായ പ്രാതിനിധ്യത്തെ അടിസ്ഥാന തത്വമായി കരുതിയില്ലെന്നും അതാതുവിഷയങ്ങളിൽ പ്രാമാണ്യം സമ്പാദിച്ചിട്ടുള്ള അധ്യാപകരെയും സാഹിത്യകാരൻമാരെയും മറ്റും ഉൾപ്പെടുത്തി കമ്മിറ്റികൾ സംഘടിപ്പിക്കുന്ന നയമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്നുമത്രേ കമ്യൂണിസ്റ്റ് സർക്കാരിന്റെ സമാധാനം, പാഠ്യപദ്ധതിയും ഇംഗ്ലീഷ് മലയാളം പുസ്തകങ്ങളും തയ്യാറാക്കുന്ന കമ്മിറ്റികളുടെ ഘടനയെപ്പറ്റിയാണ് കത്തോലിക്ക കോൺഗ്രസിന്റെ പ്രമേയമെന്ന് ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ടെന്ന് പ്രസ്റിലീസിലെ ആദ്യവാചകം തന്നെ തെളിയിക്കുന്നു. ആസ്ഥിതിക്ക് ഗാർഹികശാസ്ത്രം, രസതന്ത്രം തുടങ്ങിയ മറ്റു

www.malankaralibrary.com

വിഷയങ്ങളുടെ ടെക്സ്റ്റ് ബുക്കുകൾ, തയ്യാറാക്കുന്നതിനുള്ള കമ്മിറ്റികളിൽ ക്രിസ്ത്യാനികൾ - കത്തോലിക്കർ ഉൾപ്പെടെ ഉണ്ടെന്ന് പറയുന്നത് ഞങ്ങളുടെ ആക്ഷേപത്തിന് സമാധാമാകുകയില്ലല്ലോ........

സിലബസ് കമ്മിറ്റിയിൽ ആകെ 15 പേരാണുള്ളത്. അവരിൽ ടി.സി. പോൾ വർഗീസ് (തൃശൂർ) മാത്രമാണ് ഒരു ക്രിസ്ത്യാനിയായുള്ളത്. അദ്ദേഹം കത്തോലിക്കനാണെന്ന് ഞങ്ങൾക്കറിവില്ല. 6 മുതൽ 12 വരെയുള്ള ക്ലാസുകളിലേക്കുള്ള ഇംഗ്ലീഷ് പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനുള്ള കമ്മിറ്റിയിൽ 6 പേരുള്ളതിൽ എം.സി. തോമസും (തിരുവനന്തപുരം) മിസ് ബ്രൂക്ക് സ്മിത്തും ക്രിസ്ത്യാനികളായുണ്ടെന്ന് ഞങ്ങൾക്കറിയാം. ഇവരിൽ ആരെങ്കിലും കത്തോലിക്കരാണോ? 1 മുതൽ 12 വരെ ക്ലാസുകളിലെ മലയാള പാഠപുസ്തകങ്ങളും 10, 11, 12 ക്ലാസുകളിലെ മലയാളം ഇലക്ടീവ് പാഠപുസ്തകങ്ങളും തയ്യാറാക്കുന്നതിനുള്ള കമ്മിറ്റിയിൽ ആകെ പതിനൊന്നു പേരുള്ളതിൽ ക്രിസ്ത്യാനിയായ ഒരൊറ്റ വിദ്യാഭ്യാസപ്രവർത്തകനോ സാഹിത്യകാരനോ ഒരു 'മറ്റോ' ഇല്ല. വസ്തുതകൾ ഇങ്ങനെയിരിക്കെ പ്രസ്റിലീസിലെ തൽസംബന്ധമായ പ്രസ്താവന എത്രകണ്ട് നിലനിൽക്കുമെന്ന് ജനങ്ങൾ നിശ്ചയിക്കട്ടെ.'

മലയാളഭാഷയെ സംബന്ധിച്ചിടത്തോളം പ്രാവീണ്യം സമ്പാദിച്ചിട്ടുള്ള അധ്യാപകരോ, സാഹിത്യകാരൻമാരോ, അനേക വർഷങ്ങളായി നിരവധി കോളജുകളും ഹൈസ്ക്കൂളുകളും മറ്റും പ്രശസ്തമായി നടത്തി അഭനന്ദനീയമായ പരീക്ഷാഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന ക്രിസ്ത്യാനികളുടെയിടയിൽ പ്രത്യേകിച്ചു കത്തോലിക്കരുടെ ഇടയിൽ, ഉള്ളതായി ഇപ്പോഴത്തെ ഗവൺമെന്റ് അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. പ്രാദേശികമായി നോക്കിയാൽ കോട്ടയം ഡിസ്ട്രിക്ടിൽ അങ്ങനെയുള്ളവർ ക്രിസ്ത്യേതരരുടെ ഇടയിലും ഉള്ളതായി ഗവൺമെന്റ് അറിയുന്നില്ല! അധ്യാപകരോടും സാഹിത്യകാരൻമാരോടും ചേർന്നു പ്രവർത്തിക്കാൻ കഴിവുള്ള 'മറ്റും ഗ്രൂപ്പിലും ചേർക്കാൻ കൊള്ളാവുന്ന ഒരു കത്തോലിക്കനെയും ഗവൺമെന്റ് കണ്ടുപിടിച്ചില്ലത്രെ.

വിദ്യാഭ്യാസത്തിലെ അടിസ്ഥാനഘടകവും പരമപ്രാധാന്യമർഹിക്കുന്നതുമായ സംഗതികൾ പാഠപദ്ധതിയും പാഠഗ്രന്ഥങ്ങളുമാകുന്നു. പിഞ്ചുകുഞ്ഞുങ്ങളുടെ സംസ്കാരം കരുപ്പിടിക്കുന്ന പ്രാരംഭഘട്ടങ്ങളിൽ ഒരേ ആദർശത്തിൽ അവരെ വാർത്തെടുക്കണമെന്ന് വ്യഗ്രതയുള്ളവർക്കു മാത്രമേ ഇതര ആദർശങ്ങൾ അരോചകമായിരിക്കുകയുള്ളു. അല്ലെങ്കിൽ സിലബസും ഇംഗ്ലീഷ് മലയാള പാഠപുസ്തകങ്ങളും തയ്യാറാക്കുന്നതിന് നിയുക്തരായ കമ്മിറ്റികളിൽ കത്തോലിക്കരായ അധ്യാപകൻമാരെയും സാഹിത്യകാരൻമാരെയും മറ്റും ബോധപൂർവം ഉൾപ്പെടുത്താതിരിക്കുമോ? ഈദൃശങ്ങളായ അകറ്റിനിറുത്തൽ നടപടികളത്രെ സമുദായ പ്രാതിനിധ്യവാദത്തിന്

www.malankaralibrary.com

മൂർച്ചകൂട്ടുന്നത്.

പാഠപുസ്തക കമ്മിറ്റികളുടെയും സിലബസ് കമ്മിറ്റികളുടെയും ഘടന യിൽ നിന്നു അതിന്റെ പ്രവർത്തനം എങ്ങനെയായിരിക്കുമെന്ന് ഊഹിക്കുവാൻ ആർക്കും സാധിക്കുമായിരുന്നു. കമ്യൂണിസ്റ്റ് ഗവൺമെന്റ് കത്തോലിക്കരെ ബോധപൂർവം അകറ്റിനിർത്തിക്കൊണ്ട് സംഘടിപ്പിച്ചിരിക്കുന്ന പാഠപു സ്തകങ്ങൾ നിരീശ്വരപരവും ക്രൈസ്തവ ധാർമ്മിക സിദ്ധാന്തങ്ങളെ അവഹേ ളിക്കുകയോ തെറ്റായി ചിത്രീകരിക്കുകയോ ചെയ്യുന്ന തരത്തിലു ള്ളതുമായിരിക്കുമെന്ന് എ.കെ.സി.സി. വർക്കിംഗ് കമ്മിറ്റി അഭിപ്രായപ്പെട്ടു. കുട്ടികളിൽ അബദ്ധധാരണകൾ കടന്നുകൂടാതിരിക്കാനും അധ്യാപകർക്ക് ശരിയായ മാർഗദർശനം നൽകാനും, പാഠപുസ്തക ശരിയായ മാർഗദർശനം നൽകാനും, പാഠപുസ്തകങ്ങളിൽ കടന്നുകൂടുന്ന തെറ്റുകൾ ചൂണ്ടിക്കാ ട്ടുവാനും, അബദ്ധാശയങ്ങളെ കൃത്യമായും നിശിതമായും വിമർശിച്ച് ബഹുജന ശ്രദ്ധയാകർഷിക്കാനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ ശ്രീ. എം.ഒ. ജോസഫ് നെടുങ്ങഅകുന്നം കൺവീനറായി ഒരു കമ്മിറ്റിയെ യോഗം തെര ഞ്ഞെടുത്തു.

മേൽപറഞ്ഞ കമ്മിറ്റി പബ്ലിസിറ്റി ബ്യൂറോ എന്ന പേരിലാണ് അറിയ പ്പെട്ടത്. പുതിയ പാഠപുസ്തകങ്ങളെപ്പറ്റി സവിസ്തരം പഠനം നടത്തി. സാമൂഹ്യപാഠങ്ങൾ, ഉപപാഠപുസ്തകങ്ങൾ, പദ്യപാഠാവലികൾ, കേരള മലയാളപാഠാവലികൾ, ജനറൽ സയൻസ് തുടങ്ങിയ പുസ്തകങ്ങൾ പ്രത്യേകം കമ്മിറ്റി പഠനം നടത്തി റിപ്പോർട്ട് വർക്കിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചു. പാഠപുസ്തകങ്ങളിലെ ന്യൂനതകളും മറ്റും ചൂണ്ടിക്കാണിച്ച് പാഠപുസ്തകങ്ങ ളുടെ തനിനിറം എന്ന പുസ്തകം പ്രസദ്ധീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രതിഷേധാർഹങ്ങളായ പാഠപുസ്തകങ്ങൾ പിൻവലിക്കുകയും പാഠങ്ങൾ നീക്കം ചെയ്യുകയും വേണമെന്നു കത്തോലിക്കമേലധ്യക്ഷൻമാർ സംയുക്ത പ്രസ്താവന പുറപ്പെടുവിച്ചു.

## സ്ക്കൂൾ ഡിഫൻസ് കമ്മിറ്റി

മുണ്ടശ്ശേരി പദ്ധതിയെന്ന പേരിൽ അറിയപ്പെട്ട വിദ്യാഭ്യാസ ബില്ലിനെതിരായി രാജ്യമാസകലം പ്രക്ഷോഭണം കൊടുമ്പിരിക്കൊണ്ടു. ബിഷപ്സ് കോൺഫറൻസ് നിയമിച്ച വിദ്യാഭ്യാസ കമ്മിറ്റി, ചങ്ങനാശേരി അതിമെത്രാസന മന്ദിരത്തിൽ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയംഗങ്ങളെ വിളിച്ചുകൂട്ടുകയും അവരുമായി ആലോചിച്ച് എ.കെ.സി.സി. പ്രസിഡന്റ് പി.ജെ. സെബാസ്റ്റ്യൻ അധ്യക്ഷനായി പ്രൈവറ്റ് സ്ക്കൂൾ ഡിഫൻസ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. വിദ്യാഭ്യാസം സംബന്ധിച്ച് കമ്യൂണിസ്റ്റ് ഗവൺമെന്റ് സ്വീകരിച്ച അനാശാസ്യവും അനീതിപരവും ഭരണഘടനാ വിരുദ്ധവുമായ നടപടികളെപ്പറ്റി കേന്ദ്രഗവൺമെന്റിന് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. പാഠപുസ്തകങ്ങളെപ്പറ്റി കേരളഗവൺമെന്റിനു

www.malankaralibrary.com

വിശദമായ ഒരു മെമ്മോറാണ്ടവും സമർപ്പിച്ചു.

## മാനേജർ, ഹെഡ്മാസ്റ്റർ യോഗം

കത്തോലിക്ക കോൺഗ്രസ് പ്രസിഡണ്ടിന്റെ ക്ഷണമനുസരിച്ച് മാനേജർമാരും ഹെഡ്മാസ്റ്റർമാരും കോട്ടയം ബി.സി.എം. കോളേജിൽ ചേർന്ന് താഴെപറയുന്ന വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്തു.

1. മതനിഷേധകവും കമ്യൂണിസ്റ്റാദർശങ്ങൾ അടിച്ചേൽപ്പിക്കുന്ന തരത്തിലുള്ളതുമായ ഇന്നത്തെ പാഠപുസ്തകങ്ങൾ.
2. ഫീസ് പിരിവ് ഹെഡ്മാസ്റ്റർ, ട്രഷറിയിൽ അടയ്ക്കണമെന്നും അധ്യാപക ശമ്പളം ഹെഡ്മാസ്റ്റർ വാങ്ങി നൽകണമെന്നും അനുശാസിക്കുന്ന ഗവൺമെന്റിന്റ് പുതിയ ഉത്തരവ്.
3. അവകാശങ്ങൾ സുരക്ഷിതമല്ലെങ്കിൽ വിദ്യാലയങ്ങൾ തുടർന്നു നടത്തണമോ അടച്ചുപൂട്ടണമോയെന്ന പ്രശ്നം.
4. മാനേജർമാരുടെയും, രക്ഷാകർത്താക്കളുടെയും, അധ്യാപകരുടെയും പ്രതിനിധികൾ അടങ്ങിയ കത്തോലിക്ക എഡ്യൂക്കേഷൻ കൗൺസിലുകളുടെ രൂപവൽക്കരണം.

വിദ്യാഭ്യാസബില്ലിനെതിരായ നീക്കങ്ങൾക്ക് കോൺഗ്രസ് ശക്തി കൂട്ടി. രാജ്യത്തെമ്പാടും പ്രതിഷേധയോഗങ്ങൾ നടന്നു.

ഈ സന്ദർഭത്തിലാണ് കർഷിക ബന്ധബിൽ കമ്യൂണിസ്റ്റ് സർക്കാർ അവതരിപ്പിച്ചത്. ഇത് നായർ സമുദായത്തെ അതൃപ്തരാക്കി. ഗവൺമെന്റിനെതിരെ നായർ സമുദായവും അണിനിരന്നു.

ഗവൺമെന്റിനെതിരായി ബഹുജനമുന്നേറ്റം ആരംഭിച്ചപ്പോൾ അന്നത്തെ പ്രതിപക്ഷകക്ഷികൾക്കും അവരുടെ നേതാക്കൾക്കും മൗനമായിരിക്കുവാൻ സാധിച്ചില്ല. എ.കെ.സി.സി. ഒരു നേതൃസമ്മേളനം വിളിച്ചുകൂട്ടി. ആ സമ്മേളനമാണ് വിമോചനസമരത്തിന് കളമൊരുക്കിയത്. കോൺഗ്രസ് പി.എസ്.പി. - ലീഗ്- ആർ.എസ്.പി.കെ.എസ്.പി. കക്ഷികൾ വിമോചനസമരത്തിന്റെ മുൻപന്തിയിൽ അണിനിരന്നു. പ്രക്ഷോഭണത്തെ അടിച്ചമർത്തുവാൻ നടത്തിയ എല്ലാ നീക്കങ്ങളെയും സമരനേതാക്കൾ നേരിട്ടു. പതിനായിരങ്ങൾ ജയിലിൽ അടയ്ക്കപ്പെട്ടു. അങ്കമാലിയിലും കേരളത്തിന്റെ കടലോരപ്രദേശങ്ങളിലും മനുഷ്യജീവിതങ്ങൾ വെടിയേറ്റു വീണു. കേരളത്തിൽ കമ്യൂണിസ്റ്റു പാർട്ടിയുടെ സൽഭരണം അവസാനിപ്പിക്കുവാൻ നടത്തിയ ശ്രമങ്ങൾ ചരിത്രം കുറിക്കുന്നവയായിരുന്നു. ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി നടന്ന ആ സമരത്തിന് ജീവൻ ബലിയർപ്പിക്കപ്പെട്ടത്, എല്ലാം തന്നെ കത്തോലിക്കരാണ്.

ആ ദുർഭരണം, ഭീകരഭരണം അവസാനിപ്പിക്കുവാൻ കേന്ദ്രസർക്കാർ ഇടപെടേണ്ടിവന്നു. കമ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ദുർഭരണം അവസാനിപ്പിക്കുന്നതിന് ഏറ്റം വലിയ സംഭാവന നൽകിയത് കത്തോലിക്ക കോൺഗ്ര

www.malankaralibrary.com

സാണ്. കമ്യൂ.ഗവൺമെന്റിനെ താഴെയിറക്കാൻ വിവിധ സമുദായങ്ങളുടെ സഹകരണത്തോടെ നടത്തിയ വിമോചനസമരത്തിനു ആരംഭം കുറിച്ചത് കത്തോലിക്ക കോൺഗ്രസാണ്.

കമ്യൂണിസ്റ്റു ഗവൺമെന്റിന്റെ ഡിസ്മിസലിനുശേഷം പ്രസിഡന്റ് ഭരണം കേരളത്തിൽ നിലവിൽവന്നു. 1960-ൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് വിരുദ്ധ കക്ഷികൾ ചേർന്നുണ്ടാക്കിയ ഐക്യമുന്നണി ഗവൺമെന്റ് വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരമേറ്റെടുത്തു. ഐക്യമുന്നണി ഗവൺമെന്റിൽ നിന്നും ജനോപകാരപ്രദമായ പല നടപടികളും ഉണ്ടാകുമെന്ന് ജനങ്ങൾ വിശ്വസിച്ചു. പക്ഷേ ജനഹിതത്തിന് വിപരീതമായ പല നടപടികളും ആ ഗവൺമെന്റ് തുടങ്ങിവച്ചു. ജനങ്ങളുടെ ആശയാഭിലാഷങ്ങളുമായി രൂപം കൊണ്ട ഐക്യമുന്നണി ഗവൺമെന്റിലെ ഘടകകക്ഷികളെ ഒന്നൊന്നായി പുറത്തുനിറുത്തുവാനും ഓരോരോ സന്ദർഭങ്ങളിൽ ഓരോരോ കക്ഷികൾക്ക് അയിത്തം കൽപിക്കുവാനും പ്രബലകക്ഷികൾ തയ്യാറായി.

ജനങ്ങളുടെ പ്രതീക്ഷകൾ മുഴുവൻ അസ്ഥാനത്താക്കിക്കൊണ്ട് ഭീകരദുർഭരണമാണ് ഐക്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് ആരംഭിച്ചത്. കമ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ദുർഭരണം അവസാനിപ്പിക്കുവാൻ കാരാഗൃഹങ്ങളിൽ കിടന്ന് മർദ്ദനങ്ങൾ അനുഭവിച്ചവരും നിരവധി യാതനകൾ അനുഭവിച്ചവരും ആകെ അമ്പരന്നുപോയി. കേരളത്തിലെ കിഴക്കൻ മലയോരങ്ങളിലും മലബാറിലെ സ്വകാര്യവനപ്രദേശങ്ങളിലും അധിവസിക്കുന്ന ഏതാണ്ട് 25 ലക്ഷത്തോളം മലയോര കർഷകരുടെ അവകാശങ്ങൾ നിഷേധിക്കുവാൻ ഐക്യമുന്നണി ഗവൺമെന്റ് തയ്യാറായപ്പോൾ അതിനോട് പ്രതികരിക്കുവാൻ അധികമാരും രംഗത്തുവന്നില്ല. അതിന്റെ പ്രധാന കാരണം ഈ ഗവൺമെന്റ് നിലംപതിച്ചാൽ കമ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വരുമെന്ന ഭയം ഒന്നുകൊണ്ടു മാത്രം. എങ്കിലും പ്രശ്നത്തിന്റെ ഗൗരവം ശരിക്കും മനസ്സിലാക്കിക്കൊണ്ട് കത്തോലിക്ക കോൺഗ്രസ് പ്രവർത്തന പരിപാടികൾക്കു രൂപംകൊടുത്തു.

## പേരാവൂർ സമ്മേളനം

കോൺഗ്രസിന്റെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമുള്ള ചരിത്രത്തിലെ ഒരു വഴിത്തിരിവ് ആയിരുന്നു പേരവൂർ സമ്മേളനം പണ്ഡിതനായ ജോൺ പെല്ലിശേരി എഴുതിയിരിക്കുന്നതുപോലെ പേരാവൂർ സമ്മേളനം സംഘടനയിലും സമുദായത്തിലും വേരൂന്നിയിരുന്ന ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയെ ചോദ്യം ചെയ്തു. കുടിയേറ്റക്കാരുടെയും കൃഷിക്കാരുടെയും പ്രശ്നങ്ങളിലേക്ക് കത്തോലിക്കകോൺഗ്രസിനെ തിരിച്ചുവിടുവാൻ പേരാവൂർ സമ്മേളനത്തിനു കഴിഞ്ഞു. മലബാറിൽ വച്ച് ആദ്യമായി എ.കെ.സി.സി. വാർഷിക സമ്മേളനം ചേരുന്നത് പേരാവൂരിലാണ്.

www.malankaralibrary.com

## കുടിയിറക്കുകൾ

1961 ജൂൺ–ജൂലായ് മാസങ്ങളിൽ തോരാമഴയത്ത് യാതൊരുവിധ പുനരധിവാസ സൗകര്യങ്ങളും ചെയ്തുകൊടുക്കാതെ 2200–ൽ പരം കർഷക കുടുംബങ്ങളെ ഉടുമ്പൻ ചോലയിൽനിന്നു കുടിയിറക്കി അമരാവതിയിൽ കുടിയിരുത്തി. കേരളചരിത്രത്തിലെ ഏറ്റവും ഭീകരമായ ഇരുണ്ട ഒരു അധ്യായമായി മാത്രമേ ആ കുടിയിറക്കിനെ കണക്കാക്കുവാൻ സാധിക്കുകയുള്ളു. ഗവൺമെന്റ് വളരെ ക്രൂരമായാണ് കർഷകരോടു പെരുമാറിയത്. ഇടുക്കി പദ്ധതിയുടെ പേരിലാണ് കുടിയിറക്കിയത്. ഏതു പദ്ധതിയുടെ പേരിലായാലും കുടിയിറക്കുന്നവർക്ക് പുനരധിവാസ സൗകര്യവും നഷ്ടപരിഹാരവും നൽകണമെന്നു കത്തോലിക്കകോൺഗ്രസ് വാദിച്ചു. കോൺഗ്രസിന്റെ സന്നദ്ധ ഭടൻമാർ അമരാവതിയിൽ സേവനം അനുഷ്ഠിച്ചു. ഇടുക്കി പദ്ധതിയുടെയും വനസംരക്ഷണത്തിന്റെയും പേരിൽ 15 ലക്ഷം കർഷകരെ കുടിയിറക്കുവാനുള്ള പദ്ധതിയെ എതിർത്തു തോൽപിക്കുവാൻ ഒരു ബഹുജന മുന്നേറ്റം ആവശ്യമായിവന്നു. കിഴക്കൻ മലയോരങ്ങളിലെ കർഷകർ ഭീതിപൂണ്ട് നിൽക്കുമ്പോഴാണ് ജനങ്ങളുടെ സർക്കാർ എന്നു പറഞ്ഞ് അധികാരത്തിൽ കയറിയ ഐക്യമുന്നണി ഗവൺമെന്റ് മലബാറിലെ സ്വകാര്യവന പ്രദേശങ്ങളിൽ അധിവസിക്കുന്ന 10 ലക്ഷം കൃഷിക്കാരുടെ മണ്ണിലുള്ള അവകാശം നഷ്ടപ്പെടുത്തുവാൻ തയ്യാറായി രംഗത്തുവന്നത്. കൊട്ടിയൂർ മേൽച്ചാർത്ത് പദ്ധതിയിലൂടെ ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയെ ക്ഷണിച്ചു വരുത്തുന്ന ആ മേൽച്ചാർത്തു പദ്ധതിക്കെതിരായും ഈ ജനമുന്നേറ്റം ഉണ്ടാകേണ്ടത് ആവശ്യമായി വന്നു. മലയോരങ്ങളിലെയും കടലോരങ്ങളിലെയും ഇടനാട്ടിലെയും കർകർ ഒരു വലിയ ബഹുജന സമരത്തിന് തയ്യാറായി. ഫാ. വടക്കൻ ഈ സമരങ്ങൾക്ക് നേതൃത്വം നൽകിയതും കൊട്ടിയൂർ ജാഥ സംഘടിപ്പിച്ചതും മലനാട് കർഷക യൂണിയൻ രൂപീകരിച്ചതുമെല്ലാം പിൽക്കാല സംഭവങ്ങളാണ്. കേരളരാഷ്ട്രീയത്തെ പിൽക്കാല സംഭവങ്ങളാണ്. കേരള രാഷ്ട്രീയത്തെ വഴിത്തിരിവിൽ എത്തിച്ചത്. ഐക്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ നടന്ന കർഷക ദ്രോഹ നടപടികൾ ആണ്. കോൺഗ്രസിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ കർഷകപ്രക്ഷോഭണത്തെ സമുദായ മേലധ്യക്ഷൻമാരിൽ പലരും നല്ല മനോഭാവത്തോടെയല്ല വീക്ഷിച്ചത്. കോൺഗ്രസ് വിരോധം ജനങ്ങളിൽ വളർന്നാൽ വീണ്ടും കമ്യൂണിസ്റ്റുകൾ അധികാരത്തിൽ കയറുമെന്നതായിരുന്നു അവരുടെ ഭയം, വിദ്യാലയങ്ങൾക്കും കത്തോലിക്കസ്ഥാപനങ്ങൾക്കും അപകടം പറ്റുമ്പോൾ മാത്രം ഇളകിവശാകുന്ന ഒരു സമുദായമല്ല നമ്മുടേതെന്നും കഷ്ടപ്പെടുന്നവന്റെ കണ്ണീര് ഒപ്പുവാൻ തയ്യാറുള്ള സമുഹമാണെന്നുകൂടി കാണിച്ചുകൊടുക്കുവാൻ എ.കെ.സി.സി.ക്കു സാധിച്ചു. ആ കർഷക പ്രക്ഷോഭണത്തെ സമചിത്തതയോടെ വീക്ഷിക്കുവാൻ ഭരണകക്ഷികൾക്കും സാധിച്ചില്ല. തങ്ങളെ അധികാരത്തിൽ കയറ്റുവാൻ

www.malankaralibrary.com

മർദ്ദനം ഏറ്റവരും, ത്യാഗം സഹിച്ചവരുമാണ് കർഷകദ്രോഹത്തിന് വിധേയരായിത്തീരുന്നതെന്ന് മനസ്സിലാക്കുവാൻ അവരുടെ സുഖജീവിതം അനുവദിച്ചില്ല.

## നേതൃസമ്മേളനം

പേരാവൂർ സമ്മേളനത്തിന്റെ ചൈതന്യത്തിലാണ് കത്തോലിക്ക കോൺഗ്രസ് ഒരു നേതൃസമ്മേളനം 1961 ഓഗസ്റ്റ് 5,6 തീയതികളിൽ കോട്ടയത്ത് മാമ്മൻമാപ്പിള ഹാളിൽ വിളിച്ചുകൂട്ടിയത്. സിവിൽ സർവ്വീസിലെ കത്തോലിക്കരുടെ അവശതകൾ, അവശകത്തോലിക്ക പ്രശ്നം മലയോര കർഷക പ്രശ്നം മുതലായി കത്തോലിക്കരെ അഭിമുഖീകരിച്ചിരിക്കുന്ന ഗുരുതര പ്രശ്നങ്ങളെ സംബന്ധിച്ച് കോൺഗ്രസ് സ്വീകരിച്ചിരിക്കുന്ന നയത്തിൽ സമുദായചിന്തകരുടെയും നേതാക്കളുടെയും ഒരു ഹിതപരിശോധന കൂടിയായിരുന്നു. പ്രസ്തുത നേതൃസമ്മേളനം കോൺഗ്രസിന്റെ പൂർവകാല പ്രവർത്തകർ, വൈദിക പ്രധാനികൾ, കത്തോലിക്ക സാമൂഹ്യപ്രവർത്തകർ മുതലായി കേരളത്തിന്റെ നാനാഭാഗത്തുനിന്നും 200 ലധികം പ്രതിനിധികൾ സഭയിലെ കത്തോലിക്ക സാമാജികരിൽ പലരും ഈ സമ്മേളനത്തിൽ പങ്കെടുത്തു. മലയോരങ്ങളിലെ കുടിയിറക്കിനെതിരായി ശക്തമായ നടപടികൾ കോൺഗ്രസ് സ്വീകരിച്ചു.

## ആലങ്ങാടു സമ്മേളനം

ആലങ്ങാട് വാർഷിക സമ്മേളനത്തിലെ പ്രധാന പ്രമേയങ്ങളിലൊന്ന് ഹൈറേഞ്ചിലെ കുടിയിറക്ക് സംബന്ധിച്ച് എം.ഒ. ജോസഫ് നെടുംകുന്നം അവതരിപ്പിച്ചതാണ്. കുടിയിറക്കുകളെപ്പറ്റി പഠിക്കാൻ കെ.ജെ. ജേക്കബ് കൺവീനറായി ഒരു കമ്മിറ്റിയെ നിയമിച്ചു. പ്രസ്തുത കമ്മിറ്റി ഹൈറേഞ്ച് പ്രദേശങ്ങൾ സന്ദർശിക്കുകയും കുടിയിറക്കിന്റെ നാനാവശങ്ങളെയും ഗവൺമെന്റിന്റെ ഫോറസ്റ്റ് നയത്തെയും വിശദീകരിച്ചുകൊണ്ടുള്ള സുദീർഘമായ ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. കുടിയിറക്കുസംബന്ധിച്ച് നേതൃസമ്മേളനവും ഒരു സബ്ബ് കമ്മിറ്റിയെ നിയമിച്ചിരുന്നു. സുപ്രസിദ്ധമായ കൊട്ടിയൂർ ജാഥയ്ക്ക് നേതൃത്വം വഹിച്ചതും കർഷകരുടെ രക്ഷക്കുവേണ്ടി രാഷ്ട്രീയമില്ലാത്ത മലനാടു കർഷക യൂണിയൻ ബീജാവാപം ചെയ്തതും ആ സബ് കമ്മിറ്റിയാണെന്ന് കോൺഗ്രസിന് അഭിമാനിക്കാം. മലനാട് കർഷക യൂണിയന്റെ സ്ഥാപനത്തിന് മുൻകയ്യെടുത്ത് പ്രവർത്തിച്ചവരിൽ പ്രമുഖർ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയിലെ അംഗങ്ങളായ എം.ഒ. ജോസഫ് നെടുങ്കുന്നവും ദീപികപത്രാധിപർ കെ.എം. ജോസഫുമാണ്.

1962 ജനുവരി 7 ന് എ.കെ.സി.സി. പാസാക്കിയ പ്രമേയം താഴെ ചേർക്കുന്നു. 'ഇന്ന് കേരളത്തിലെ കർഷകർക്ക് വളരെയധികം അവശതകളും പ്രശ്നങ്ങളുമുണ്ട്. അവയ്ക്ക് കാര്യമായ യാതൊരു പരിഹാരവും ഗവൺമെന്റ്

www.malankaralibrary.com

ഇതുവരെ ഉണ്ടാക്കിയിട്ടില്ല. ഈ ചുറ്റുപാടിൽ മറ്റാരും കർഷകരുടെ സഹായ ത്തിനു വരാത്തപക്ഷം നിരാശരായ കർഷകർ കമ്യൂണിസ്റ്റ് പാർട്ടിയിലേക്ക് പോകുമെന്നത് തീർച്ചയാണ്. അതിനാൽ യാതൊരു രാഷ്ട്രീയപാർട്ടിക്കും വിധേയമല്ലാത്ത ഒരു സംഘടന കർഷകപ്രശ്നം കൈകാര്യം ചെയ്യേണ്ടത് കമ്യൂണിസത്തിന്റെ പരാജയത്തിനും ജനാധിപത്യത്തിന്റെ നിലനിൽപിനും അത്യന്താപേക്ഷിതമായിരിക്കുന്നു. അങ്ങനെയുള്ള ഒരു പ്രസ്ഥാനമാണ് ഫാ. വടക്കൻ വിഭാവന ചെയ്തിട്ടുള്ള മലനാടു കർഷക യൂണിയൻ എന്ന് ഈ കമ്മിറ്റിക്ക് ബോധ്യം വന്നിരിക്കുന്നു. ഫാ. വടക്കൻ പ്രസ്താവിച്ചിട്ടു ള്ളതുപോലെ ' കർഷകന്റെ പ്രശ്നം പരിഹരിച്ചു കഴിഞ്ഞാൽ കമ്യൂണിസം കാമ്പില്ലാത്ത നാളികേരമാണ്. കമ്യൂണിസ്റ്റ് പാർട്ടി കുലവെട്ടിയ വാഴപ്പി ണ്ടിയാണ്. ഇന്ത്യൻ കമ്യൂണിസം തന്നെ പതാക വീണ കൊടിമരമാണ്. ആകയാൽ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേരള കത്തോലിക്കർ ഫാ. വടക്കനും മലനാടുകർഷകയൂണിയനും എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തു കൊടുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.' കുടിയിറക്കും അതേതുടർന്നുള്ള സംഭവവികാസങ്ങളും കേരളരാഷ്ട്രീയത്തിൽ ഒരു കോളിളക്കം തന്നെ സൃഷ്ടിച്ചു.

## മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടം

1955 ൽ മോൺ ജോൺ കച്ചിരമറ്റം കൺവീനറായി മാർ കരിയാറ്റി കമ്മിറ്റി രൂപീകരിച്ചു. മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ ഗോവയിൽ നിന്നു കേരളത്തിൽ അദ്ദേഹത്തിന്റെ ജൻമസ്ഥലത്ത് കൊണ്ടുവന്ന് പുനഃസംസ്കരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിൽ പ്രസ്തുത കമ്മിറ്റി വളരെയധികം യത്നിച്ചു. ആറു വർഷക്കാലത്തെ കമ്മിറ്റിയുടെ നിരന്തര പരിശ്രമഫലമായി 1960 ഡിസംബറിൽ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ എറണാകുളം ബിഷപ്സ് ഹൗസിൽ കൊണ്ടുവരികയും 1961 ഏപ്രിൽ 11-നു ആലങ്ങാട് പുനഃസംസ്കരിക്കുകയും ചെയ്തു. കത്തോലിക്കകോൺഗ്രസ് വാർഷികത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ കേരളത്തിലെ സീറോ-മലബാർ സഭയിലെ എല്ലാ വൈദിക മേലധ്യക്ഷൻമാരും കൊല്ലം, ആലപ്പുഴ രൂപതാദ്ധ്യക്ഷൻമാരും പങ്കെടുത്തു. കേരളസഭയുടെ ചരിത്രത്തിലെ നിർണായകമായ സംഭവമായിരുന്നു അതെന്നു പറയാം. മാർ കരിയാറ്റി ജീവനോടെ എഴുന്നെള്ളുമായിരുന്നുവെങ്കിൽ എങ്ങനെ സ്വീകരിക്കു മായിരുന്നോ ആ വിധമുള്ള സ്വീകരണമാണ് ഭൗതികാവശിഷ്ടപേടകത്തിനു നൽകപ്പെട്ടത്. പുനഃസംസ്കാരചടങ്ങു ദിവസം രാവിലെ പൂജ്യാവശിഷ്ട പേടകം എറണാകുളത്തുനിന്നും ആലങ്ങാട്ടേ അദ്ദേഹത്തിന്റെ ജന്മസ്ഥല ത്തേക്ക് ഒരു ജൈത്രയാത്രയായി ആനയിക്കപ്പെട്ടു. രാജവീഥിയിലൂടെ മനോഹ രമായ ഒരു കപ്പൽ മന്ദംമന്ദം പാക്കപ്പൽ വേഗത്തിൽ ഓടുന്നതായും മാർ കരിയാറ്റിയുടെ അനന്തരഗാമികളായി ഭാഗ്യമോടെ വാണരുളുന്ന അഭിവന്ദ്യ

www.malankaralibrary.com

മെത്രാൻമാരും ആ കപ്പലിൽ അദ്ദേഹത്തെ അകമ്പടി സേവിച്ച് പൂജ്യാസനങ്ങളിൽ പൊങ്ങിപ്പരിലസിക്കുന്നതായും പ്രേക്ഷകലക്ഷങ്ങൾ വഴിനീളെ കണ്ടാനന്ദിച്ചു. ആയിരകണക്കിനു ആളുകൾ പങ്കെടുത്ത ആ മഹാസമ്മേളനം കേരളത്തിൽ ഒരു പുതിയ അധ്യായം കുറിച്ചു.

## വീണ്ടും നേതൃസമ്മേളനം

സഭയും സമുദായവും രാഷ്ട്രവും പ്രതിസന്ധികളെ നേരിട്ട സന്ദർഭങ്ങളിലെല്ലാം സമുദായത്തിന്റെ മുഴുവൻ വികാരങ്ങളും മനസ്സിലാക്കാനും ഉചിതമായ നടപടികൾ സ്വീകരിക്കാനുമായി നേതൃസമ്മേളനങ്ങൾ വിളിച്ചുകൂട്ടുന്നത് സമുചിതമാണെന്നു ബോധ്യമുള്ള കത്തോലിക്ക കോൺഗ്രസ് 1962 ജൂൺ 23, 24 തീയതികളിൽ കോട്ടയത്ത് ഒരു നേതൃസമ്മേളനം വിളിച്ചുകൂട്ടി. രാഷ്ട്രീയ നേതാക്കന്മാർ, സാമൂഹ്യപ്രവർത്തകർ, മുനിസിപ്പൽ - പഞ്ചായത്ത് പ്രസിഡണ്ടുമാർ, വിദ്യാഭ്യാസപ്രവർത്തകർ, ഇടവക പ്രതിനിധികൾ, അഭിഭാഷകർ, ഇതര കത്തോലിക്കസംഘടനാപ്രതിനിധികൾ എന്നിങ്ങനെ സമുദായത്തിന്റെ വിവിധ രംഗങ്ങളിൽ പ്രശസ്ത സേവനം അനുഷ്ഠിക്കുന്ന ചിന്തകൻമാരും പ്രവർത്തകരുമായി ആയിരത്തിലധികം പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. മേൽചാർത്ത്, കുടിയൊഴിപ്പിക്കൽ മുതലായ എല്ലാ കർഷകവിരുദ്ധ നടപടികകളെയും നേരിടുവാൻ യോഗം തീരുമാനിച്ചു. അതിനായി എം.ഒ. ജോസഫ് നെടുങ്കുന്നം കൺവീനറായി ഒരു കമ്മിറ്റിയെ യോഗം നിശ്ചയിച്ചു. മറ്റു സമകാലീനപ്രശ്നങ്ങളും യോഗം ചർച്ച ചെയ്തു.

## ക്രിസ്ത്യൻ മാരിയേജ് ബിൽ

പാർലമെന്റിൽ അവതരിപ്പിച്ചിരുന്ന ക്രിസ്ത്യൻ മാരിയേജ് ബില്ലിനെപ്പറ്റി സമുഗ്രമായി പഠിപ്പിച്ച് ആവശ്യമായ തെളിവ് സെലക്ട് കമ്മിറ്റിക്ക് കൊടുക്കുന്നതിന് അഡ്വ. ഇ.എം. ജോസഫ്, ഷെവ. ഇ.പി. വർഗീസ് എന്നിവരെ വർക്കിംഗ് കമ്മിറ്റി ഒരു സബ് കമ്മിറ്റിയായി ചുമതലപ്പെടുത്തി.

കേരള ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്ന ശ്മശാനച്ചട്ടങ്ങളെ സംബന്ധിച്ച് കത്തോലിക്ക കോൺഗ്രസ് പഠിക്കുകയും ആ ചട്ടങ്ങൾ പാടേ ഉപേക്ഷിക്കണമെന്നു അഭ്യർത്ഥിക്കുകയും ചെയ്തു.

## തൈക്കൽ പ്രശ്നം

കേരള ഗവൺമെന്റ് തയ്യാറാക്കിയതും ക്രൈസ്തവരുടെ എതിർപ്പിനു വിധേയമായതും കേരളഗവൺമെന്റ് അംഗീകരിച്ച് നടപ്പിൽ വരുത്തിയിട്ടില്ലാത്തുതമായ പഞ്ചായത്ത് ശ്മശാന നക്കൽ ചട്ടങ്ങളുടെ പേരിലാണ് തൈക്കൽ പ്രശ്നം പൊന്തിവന്നത്. തൈക്കൽ സെമിത്തേരിയിൽ ശവസംസ്ക്കാരം നടത്തുന്നതിനെ എതിർത്തതിന്റെ പേരിൽ മൃതദേഹം സംസ്ക്കരിക്കാതെ ഒരാഴ്ചയോളം സൂക്ഷിച്ചുവയ്ക്കേണ്ടി വന്നു. തൈക്കൽ ജനത

www.malankaralibrary.com

നടത്തിയ സമരത്തിനു എ.കെ.സി.സി. പിന്തുണ പ്രഖ്യാപിക്കുകയും തൈക്കൽ സെമിത്തേരിയിൽ ശവസംസ്ക്കാരസംബന്ധമായ പ്രതിബന്ധങ്ങളെ ക്രോഡീകരിച്ചുകൊണ്ടുള്ള നിവേദനങ്ങൾ ഇന്ത്യാ ഗവൺമെന്റിനും കേരള ഗവൺമെന്റിനും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നിരവധി പ്രതിഷേധയോഗങ്ങൾ സംഘടിപ്പിച്ചു.

## പോഷകപ്രസ്ഥാനങ്ങൾ

യുവജനങ്ങൾ രൂപംകൊടുത്ത സംഘടനയാണല്ലോ കത്തോലിക്ക കോൺഗ്രസ്. ആ സംഘടനയിലേക്ക് എന്നും യുവജനങ്ങളെ ആകർഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമായ പ്രസിഡന്റ് പി.സി. അബ്രാഹം യുവജനപ്രസ്ഥാനത്തിന് രൂപം നൽകാനുറച്ചു. അതിനായി ഒരു കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. കേരളത്തിലെ കത്തോലിക്ക സാഹത്യകാരൻ മാരെയും കലാകാരൻമാരെയും പരിപോഷിപ്പിക്കുവാൻ കേരള സാഹത്യ കലാസമിതിക്ക് അൻപതുകളുടെ മധ്യത്തിൽ രൂപം കൊടുത്തിരുന്നു. ആ സമിതി പുനരുദ്ധരിക്കുന്നതിനും മുൻകയ്യെടുത്തു.

## ചുരുളികീരിത്തോട്

അമരാവതി കുടിയിറക്കിനുശേഷം നടന്ന ഏറ്റവും വലിയ കുടിയിറക്കാണു ചുരുളികീരിത്തോട്ടിൽ നടന്നത്. അതിനെ എ.കെ.സി.സി. പ്രതിഷേധിക്കുകയും അവരുടെയിടയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് നേതൃത്വം നൽകുകയും ചെയ്തു. ഫണ്ടു ശേഖരിച്ച് അടിയന്തര സഹായങ്ങൾ നൽകി.

## പത്തുപൈസാ പിരിവ്

കേരളത്തിലെ കത്തോലിക്ക സമുദായത്തിനും കത്തോലിക്ക കോൺഗ്രസിനും മൂന്നു ലക്ഷം രൂപയുടെ ശാശ്വത മൂലധനം ഉണ്ടാകുന്നതിലേക്കായി ഓരോ കത്തോലിക്കനും പത്തുപൈസ വീതം സംഭാവന ചെയ്യണമെന്ന ആശയം പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനായ തോമസ് സെബാസ്റ്റ്യൻ പത്രദ്വാരാപ്രസ്താവിച്ചു. നാടിന്റെ നാനാഭാഗത്തു നിന്നും അതിനനുകൂലമായ ചലനങ്ങൾ ഉണ്ടായി. 1964 ഡിസംബർ 25 മുതൽ ജനുവരി 25 വരെയുള്ള കാലഘട്ടം ഫണ്ടുപിരിവിനായി നീക്കിവച്ചു. ശാഖകളുടെയും മറ്റും പരിശ്രമ ഫലമായി 55000 ൽ പരം രൂപ ശേഖരിക്കുവാൻ കഴിഞ്ഞു.

## ലോട്ടറി

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം സംഘടനാ പ്രവർത്തനത്തിന് ഒരുണർവുണ്ടായി. ഷെവ. ജോസഫ് വിതയത്തിൽ പ്രസിഡന്റായും, അഡ്വ. ഇ.എം. ജോസഫ് ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടതോടെ കൂടുതൽ സ്ഥലങ്ങളിൽ ശാഖകൾ രൂപീകരിക്കുന്നതിനാവശ്യമായ ഫണ്ട്

www.malankaralibrary.com

ശേഖരിക്കാനും അദ്ദേഹം ശ്രമിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് കത്തോലിക്ക കോൺഗ്രസ് ഒരു ലോട്ടറി നടത്തുവാനും അതിന്റെ ആദായം കൊണ്ടു ഹെഡ്ഡോ ഫീസ് നിർമ്മിക്കാനും ശ്രമം നടത്തിയത്. ലോട്ടറി വിജയകരമായി. ഒന്നര ലക്ഷത്തോളം രൂപ സമാഹരിക്കാൻ കഴിഞ്ഞു.

## യുവജനസംഘടന

ഇരിങ്ങാലക്കുട ചേർന്ന 1967 എ.കെ.സി.സി. വാർഷിക സമ്മേളനത്തിൽ യുവജനവിഭാഗത്തിനു രൂപം കൊടുത്തു. കേരളത്തിലെ 11 രൂപതകളിൽ അതിന്റെ പ്രവർത്തനം ശക്തമായി. നാനൂറിലധികം സെമിനാറുകൾ സംഘടനയുടെ ആഭിമുഖ്യത്തിൽ നടന്നു. യുവജനങ്ങളെ ഉദ്ദേശിച്ച് കലാസാഹിത്യ മൽസരങ്ങൾ നടത്തി. യുവജനങ്ങളുടെ കൃതികൾ അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രസിദ്ധപ്പെടുത്തി. യുവജന - വിദ്യാർത്ഥിനേതൃസമ്മേളങ്ങൾ വിളിച്ചുകൂട്ടി സമകാലീന പ്രശ്നങ്ങൾ ചർച്ച ചെയ്തു. 1972 ൽ നടന്ന വിദ്യാഭ്യാസ സമരത്തിനു നേതൃത്വം നൽകി. സുവിശേഷ ദൗത്യ പ്രചരണയുവജന ജാഥ ആദ്യമായി കേരളത്തിൽ സംഘടിപ്പിച്ചു. സംഘടന നല്ലനിലയിൽത്തന്നെ പ്രവർത്തിച്ചു.

1972 ലെ കോളേജ് സമരത്തിനുശേഷം ഓരോ രൂപതയിലും പ്രത്യേകം യുവജനസംഘടന സ്ഥാപിക്കുന്നതിൽ രൂപതാധ്യക്ഷൻമാർ പ്രത്യേകം താല്പര്യമെടുത്തു. ഒരു ഏകീകൃത സംഘടനയെക്കാൾ രൂപതാ തലത്തിലുള്ള സംഘടനക്കാണ് വൈദിക മേലധ്യക്ഷൻമാർ പ്രാധാന്യം നൽകിയത്. തൽഫലമായി യുവജന സംഘടനയുടെ പ്രവർത്തനം നിർത്തിവച്ചു. ഏങ്കിലും കേരളാടിസ്ഥാനത്തിലുള്ള യുവജനമുന്നേറ്റത്തിന് കളമൊരുക്കിയത് എ.കെ.സി.സി.യുടെ യുവജന വിഭാഗമാണ്. കേരള കത്തോലിക്ക യുവജന സംഘടനയുടെ സ്ഥാപക പ്രസിഡന്റ് എ.പി. ജോർജും സ്ഥാപക സെക്രട്ടറി ജോൺ കച്ചിറമറ്റവുമാണ്.

## കോളനൈസേഷൻ പദ്ധതി

കത്തോലിക്ക കോൺഗ്രസ് മുൻകയ്യെടുത്ത് മലബാറിൽ തലശേരി രൂപതാതിർത്തിയിൽ കോളയാടിന് സമീപം കോളനൈസേഷൻ പദ്ധതിക്ക് രൂപം നൽകി. നമ്മുടെ മതപരവും സാംസ്ക്കാരികവുമായ ജീവിതത്തിനു വേണ്ട അവസരങ്ങൾ ഒന്നുമില്ലാത്ത ചുറ്റുപാടികളിൽ ജീവിക്കുന്ന കർഷക കുടുംബങ്ങളാണ് മലബാറിൽ കൂടുതൽ കാണുന്നത്. ഇതിനൊരു പരിഹാരം കാണുവാനും കുടിയേറ്റക്കാരെ സഹായിക്കാനുമായിട്ടാണ് കോളനൈസേഷൻ പദ്ധതിക്ക് രൂപം കൊടുത്തത്. നൂറുകണക്കിന് കുടുംബങ്ങളെ കുടിയേറ്റുവാൻ സാധിച്ചു. അവരുടെ ആവശ്യത്തിനായി ദേവാലയവും നിർമ്മിച്ചു.

www.malankaralibrary.com

## റീജനൽ സെമിനാർ

രണ്ടാം വത്തിക്കാർ കൗൺസിലിന്റെ തീരുമാനങ്ങൾ കേരളസഭയിൽ എങ്ങനെ പ്രാവർത്തികമാക്കാമെന്നതിനെപ്പറ്റി ചർച്ച ചെയ്യുവാൻ 'ഇന്നത്തെ ഇന്ത്യയിലെ സഭ' എന്ന വിഷയത്തെപ്പറ്റി ഇടവക-രൂപത-റീജനൽ- നാഷനൽ തലത്തിൽ ചർച്ചകൾ നടക്കുകയുണ്ടായി. 1968 ഡിസംബറിൽ ആലുവയിൽ ചേർന്ന റീജനൽ സെമിനാറും 1969 മെയ് മാസത്തിൽ ബാംഗ്ലൂരിൽ ചേർന്ന നാഷണൽ സെമിനാറും ഭാരതസഭാചരിത്രത്തിലെ നിർണായക സംഭവങ്ങളാണ്. ആ സെമിനാറിന്റെ വിജയത്തിനു എ.കെ.സി.സി. വിലപ്പെട്ട സംഭാവന നൽകി. എ.കെ.സി.സി. നേതാക്കളായ കെ.പി. ജോൺ, അഡ്വ. ഇ.എം. ജോസഫ്, ജോൺ കച്ചിറമറ്റം, ടോം ജോസ്, എം.ഒ. ജോസഫ് നെടുങ്കുന്നം, കെ.റ്റി. തോമസ് മുതലായവർ സെമിനാറിൽ പങ്കെടുത്തു.

## സെക്രട്ടേറിയൽ പ്രാക്ടീസ്

തൊഴിലില്ലായ്മ പ്രശ്നത്തിനു ചെറിയ തോതിലെങ്കിലും പരിഹാരം കാണുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും വേണ്ടിയാണ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചത്. ടൈപ്പ് റൈറ്റിംഗ്, ഷോർട്ട്ഹാന്റ്, അക്കൗണ്ടൻസി, ബാങ്കിംഗ്, കറസ്പോണ്ടൻസ് മുതലായവയിൽ വിദഗ്ദ്ധപരിശീലനം നൽകിക്കൊണ്ടിരുന്ന സ്ഥാപനം 1971 ൽ എറണാകുളത്ത് എ.കെ.സി.സി. വക കെട്ടിടത്തിൽ ആരംഭിച്ചു. പ്രസ്തുത കെട്ടിടം പൊളിച്ച് നവീന രീതിയിൽ പണികഴിപ്പിക്കാൻ ശ്രമിക്കുന്നതിനാൽ ഈ സ്ഥാപനം നിർത്തി. നിരവധിയാളുകൾക്ക് തൊഴിൽ പരിശീലനം നൽകുവാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്.

## അവശക്രൈസ്തവ പ്രശ്നം

അവശക്രൈസ്തവരോട് മതത്തിന്റെ പേരിൽ നടത്തുന്ന വിവേചനം അവസാനിപ്പിക്കുവാൻ കത്തോലിക്കകോൺഗ്രസ് യത്നം തുടങ്ങിയിട്ട് 40 വർഷത്തിലേറെക്കാലമായി. ഇന്ത്യയുടെ ഇതരപ്രദേശങ്ങളിലെ അവശക്രൈസ്തവരെ അപേക്ഷിച്ച് കേരളത്തിലെ അവശക്രൈസ്തവർക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ എ.കെ.സി.സി. യുടെ പ്രത്യേക ശ്രദ്ധ അതിൽ പതിച്ചിരുന്നതായി കാണാം. അവശക്രൈസ്തവരുടെ സംഘടനയായ HCMS - ന്റെ പ്രവർത്തനത്തിന് എ.കെ.സി.സി. എക്കാലവും സഹകരണം നൽകിയിട്ടുണ്ട്. 1978 ൽ ബാംഗ്ലൂർ അവശക്രൈസ്തവപ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്യുവാൻ അഖിലേന്ത്യാതലത്തിൽ വിളിച്ചുകൂട്ടിയ കത്തോലിക്ക നേതാക്കൻമാരുടെ കൺവൻഷനിൽ എ.കെ.സി.സി. നേതാക്കൾ പങ്കെടുത്തു. തുടർന്നു ചരൽക്കുന്നിൽ വിളിച്ചുകൂട്ടിയ ക്രൈസ്തവ നേതൃത്വ സമ്മേളനത്തിലും, ചരൽക്കുന്നിൽവച്ച് രൂപംകൊണ്ട കേരളക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിലിന്റെ രൂപീകരണത്തിലും കത്തോലിക്ക കോൺഗ്രസ് നിർണായക പങ്കു വഹിച്ചു.1979 ഏപ്രിൽ രണ്ടിന് തിരുവനന്ത

www.malankaralibrary.com

പുരത്ത് നടത്തിയ പ്രകടനത്തിലും കത്തോലിക്കകോൺഗ്രസ് സജീവ പങ്കാളിത്തം വഹിച്ചു. അവശക്രൈസ്തവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തുകയെന്നതാണ് എ.കെ.സി.സി. യുടെ പ്രഖ്യാപിതനയം.

തീർത്തും സമകാലിന പ്രശ്നങ്ങളാണു ഇനി ചർച്ച ചെയ്യാനുള്ളത്. അടുത്ത നൂറ്റാണ്ടിലേക്കു നയിക്കുന്ന പശ്ചാത്തലം.

## മാർ കരിയാറ്റി മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷം

മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ ആലങ്ങാട് കൊണ്ടുവന്ന് പുനഃസംസ്കരിച്ചത് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിലായിരുന്നുവല്ലോ. മാർ കരിയാറ്റിയുടെ മെത്രാഭിഷേകത്തിന്റെ 200-ാം വാർഷികം രാഷ്ട്രപതി ഗ്യാനിസെയിൽസിംഗിനെ പങ്കെടുപ്പിച്ചുകൊണ്ട് ഒരാഴ്ച നീണ്ടുനിന്ന പരിപാടികളോടെ രാമപുരത്തുവച്ച് നടത്തിയത് (1983) കത്തോലിക്കാ കോൺഗ്രസിന്റെ ചരിത്രത്തിലെ സുപ്രധാന സംഭവമാണ്. എം.എം. ജേക്കബ്ബ് ചെയർമാനും, ഫാ. ചെറുകരക്കുന്നേൽ പ്രസിഡണ്ടുമായ കമ്മറ്റിയാണ് ആഘോഷത്തിന് നേതൃത്വം നൽകിയത്. പ്രസ്തുത പരിപാടിയുടെ സ്മാരകമായി തയ്യാറാക്കിയ സുവനീർ പ്രസിദ്ധീകരിച്ചത് ഡൽഹിയിൽ രാഷ്ട്രപതി ഭവനിൽ വച്ചാണ്. രാഷ്ട്രപതി സ്മരണികയുടെ കോപ്പി ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റത്തിന് നല്കിക്കൊണ്ടാണ് പ്രകാശനം നിർവഹിച്ചത്.

## മാർപാപ്പായുടെ കേരള സന്ദർശനം

1986-ൽ മാർപാപ്പാ കേരളം സന്ദർശിക്കുകയുണ്ടായി. മാർപാപ്പായുടെ ഇന്ത്യാസന്ദർശനത്തിന്റെ അജപാലനപരമായ ദൗത്യം ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ വേണ്ട കർമ്മപരിപാടികൾ ആസൂത്രണം ചെയ്യാൻ ഒരു ഓഫീസ് തന്നെ കത്തോലിക്കാ കോൺഗ്രസ് കോട്ടയത്ത് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ 347 ഇടവകകളിൽ മാർപാപ്പായുടെ കേരള സന്ദർശനത്തെപ്പറ്റി വിശദീകരിച്ചുകൊണ്ട് സെമിനാറുകൾ സംഘടിപ്പിച്ചു. ഒരുലക്ഷം കലണ്ടറുകൾ മാർപാപ്പായുടെ ഫോട്ടോയോടുകൂടി അച്ചടിച്ച് പ്രസിദ്ധപ്പെടുത്തി വിതരണം ചെയ്തു. ക്രൗൺ നാലിലൊന്നു സൈസിൽ 650-ഓളം പേജുവരുന്ന ഒരു സ്മരണിക പ്രസിദ്ധീകരിച്ചു. കേരളത്തിൽ മറ്റൊരു പ്രസ്ഥാനവും നടത്താത്ത വിധത്തിലുള്ള പ്രവർത്തനങ്ങളാണ് കത്തോലിക്കാ കോൺഗ്രസ് നടത്തിയത്.

## പാഠപുസ്തകങ്ങൾ

കേരളസർക്കാർ കാലാകാലങ്ങളിൽ തയ്യാറാക്കിയിരിക്കുന്ന പാഠപുസ്തകങ്ങളിൽ ക്രൈസ്തവർക്ക് അപമാനകരങ്ങളായ പല ഭാഗങ്ങളും കടന്നു കൂടാറുണ്ട്. അവ യഥാസമയം സർക്കാരിന്റെ മുൻപിൽ അവതരി

www.malankaralibrary.com

പ്പിക്കുവാൻ കത്തോലിക്കാ കോൺഗ്രസ് ശ്രമിച്ചിട്ടുണ്ട്. അവയെല്ലാം പാഠഭാഗങ്ങളിൽ നിന്നും നീക്കം ചെയ്യിക്കാനും കത്തോലിക്കാ കോൺഗ്രസ്സിന് സാധിച്ചിട്ടുണ്ട്.

## ആറാംതിരുമുറിവ് നാടകം

യേശുക്രിസ്തുവിനെയും ക്രൈസ്തവരെയും അവഹേളിച്ചുകൊണ്ട് പി.എ. ആന്റണി തയ്യാറാക്കിയ നാടകത്തിനെതിരെ ബഹുജനമുന്നേറ്റമുണ്ടാക്കുവാൻ കത്തോലിക്കാ കോൺഗ്രസ്സിന് സാധിച്ചു.

## ദീപിക ശതാബ്ദി സമാപനം

കേരളത്തിലെ പ്രഥമദിനപത്രമായ ദീപികയുടെ ശതാബ്ദിയാഘോഷങ്ങളുടെ സമാപനം 1987-ൽ രാജീവ് ഗാന്ധിയെ പങ്കെടുപ്പിച്ചുകൊണ്ട് കോട്ടയത്തുവച്ച് നടത്തുകയുണ്ടായി. അതോടനുബന്ധിച്ച് രൂപീകരിച്ച സ്വാഗതസംഘം കമ്മറ്റിയുടെ ജനറൽ കൺവീനർ എ.കെ.സി.സി. ജനറൽസെക്രട്ടറി ജോൺ കച്ചിറമറ്റമായിരുന്നു. ഈ ആഘോഷങ്ങളോടനുബന്ധിച്ച് എ.കെ.സി.സി.യുടെ ആഭിമുഖ്യത്തിൽ നിരവധി വിശദീകരണ യോഗങ്ങൾ എ.കെ.സി.സി. സംഘടിപ്പിച്ചു.

## റ്റി.വി.പുരം സിമറ്ററി പ്രശ്നം

റ്റി.വി.പുരത്തെ സിമറ്ററി പ്രശ്നം സംബന്ധിച്ചുണ്ടായ തർക്കങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കത്തോലിക്കാ കോൺഗ്രസ്സ് നിർണ്ണായകമായ പങ്ക് വഹിക്കുകയുണ്ടായി.

## ക്രൈസ്തവ പീഡനങ്ങൾ

ഭാരതത്തിന്റെ വിധഭാഗങ്ങളിൽ നടന്ന ക്രൈസ്തവ പീഡനങ്ങളെപ്പറ്റി എ.കെ.സി.സി. പഠിക്കുകയും. പീഡനത്തിന് ഇരയായവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തു. ഗജറൗളയിലും ജോഗീശ്വേരിയിലും നടന്ന ക്രൈസ്തവ പീഡനങ്ങൾക്കെതിരെ യഥാവസരം പ്രതികരിക്കുകയും സംഭവ സ്ഥലങ്ങൾ സന്ദർശിക്കുകയും അവയോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയുമുണ്ടായി.

## മണ്ഡൽ കമ്മീഷൻ-മത്സ്യത്തൊഴിലാളി സമരങ്ങൾ

വി.പി. സിംഗ് പ്രധാനമന്ത്രിയായിരിക്കെ മണ്ഡൽകമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് എടുത്ത തീരുമാനങ്ങളെ കത്തോലിക്കാ കോൺഗ്രസ് പിന്താങ്ങുകയും മത്സ്യത്തൊഴിലാളികൾ നടത്തിയ വിവിധ സമരത്തിന് കത്തോലിക്കാ കോൺഗ്രസ് സമ്പൂർണ്ണ പിന്തുണ നല്കുകയും ചെയ്തു.

www.malankaralibrary.com

## കശുവണ്ടി സമരം

1989-ൽ കേരളത്തെ പിടിച്ചുകുലുക്കിയ കശുവണ്ടിസമരത്തോടനുബന്ധിച്ച് കേളകത്ത് ഫാ. വടക്കന്റെ നേതൃത്വത്തിൽ നടന്ന ഉപവാസ സമരത്തിൽ എ.കെ.സി.സി. ജനറൽ സെക്രട്ടറി ജോൺകച്ചിറമറ്റം പങ്കെടുക്കുകയും സമരം അവസാനിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുകയും ചെയ്തു.

## വിളനശിപ്പിക്കൽ സമരം

മാർക്സിസ്റ്റ് പാർട്ടിയുടെ നിയന്ത്രണത്തിലുള്ള വിളനശിപ്പിക്കൽ സമരം ആരംഭിച്ചപ്പോൾ അതിനെ ശക്തിയുക്തം എതിർത്തത് കത്തോലിക്കാ കോൺഗ്രസ്സാണ്. കുട്ടനാടൻ പാടശേഖരങ്ങൾ കത്തോലിക്കാ കോൺഗ്രസ്സ് സംഘം സന്ദർശിക്കുകയും കുട്ടനാടൻ കർഷകർക്ക് പൂർണ്ണപിന്തുണ നല്കുകയും ചെയ്തു. നെടുമുടിക്ക് സമീപമുള്ള പൊങ്ങയിലെ എത്സമ്മയുടെ 250-ൽപരം വാഴകൾ 150-ൽപരം തെങ്ങുകൾ എല്ലാം സ്ഥലം എം.എൽ.എ.യുടെ നേതൃത്വത്തിൽ നശിപ്പിച്ച കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധിസംഘം അവിടെയെത്തി തെങ്ങിൻതൈകൾ നട്ട് പ്രതിഷേധിക്കുകയും ചെയ്തു. കുട്ടനാടൻ കർഷകർക്ക് പിന്തുണ നല്കിയ ഏക സംഘടന എ.കെ.സി.സി.യായിരുന്നു. എന്നാൽ പിന്നീട് എല്ലാ രാഷ്ട്രീയ കക്ഷികളും എ.കെ.സി.സി.യുടെ പിന്നാലെ വരുകയാണ് ചെയ്തത്.

## തൃശൂർ സെന്റ് തോമസ് കോളേജിലെ സമരം

തൃശൂർ സെന്റ് തോമസ് കോളേജിൽ എസ്.എഫ്.ഐ. നടത്തിയ അഴിഞ്ഞാട്ടത്തെ തുടർന്ന് കോളേജ് അടച്ചിടുകയുണ്ടായി. മാനേജ്മെന്റിനോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ജോൺകച്ചിറമറ്റവും ജനറൽ സെക്രട്ടറി ആന്റണി വള്ളമറ്റവും കോളേജ് മാനേജ്മെന്റിനെ സന്ദർശിച്ചു. അതോടനുബന്ധിച്ച് കോട്ടയത്ത് വിപുലമായ തോതിൽ ഒരു പ്രതിഷേധയോഗവും സംഘടിപ്പിച്ചു.

## ഗുജറാത്ത് ഫ്രീഡം ഓഫ് റിലീജിയൻബിൽ

മതസ്വാതന്ത്ര്യം ഹനിക്കുക എന്ന ലക്ഷ്യത്തോടെ 1999-ൽ ഗുജറാത്തിലെ ബി.ജി.പി. ഗവണ്മെന്റ് തയ്യാറാക്കിയ ബില്ലിന്റെ പൂർണ്ണരൂപം പ്രസിദ്ധീകരിച്ചുകൊണ്ട് ആ ബില്ലിനെതിരെ ബഹുജനാഭിപ്രായം രൂപവൽക്കരിക്കുന്നതിനുവേണ്ടി വിവിധസ്ഥലങ്ങളിൽ എ.കെ.സി.സി.യോഗം വിളിച്ചുകൂട്ടുകയുണ്ടായി.

ഗുജറാത്തിലെ സംഘർഷമേഖലകൾ സന്ദർശിക്കുന്നതിനും ഗോഡ്റയിലെ ട്രെയിനിൽ യാത്രചെയ്ത 62 പേരെ പെട്രോൾ ഒഴിച്ച് കത്തിച്ച് കൊലപ്പെടുത്തിയതും ഗുജറാത്തിൽ പല ഭാഗങ്ങളിലും 2000-ൽപരം ആളുകളെ

www.malankaralibrary.com

കുത്തിയും വെട്ടിയും കൊലപ്പെടുത്തിയതും ചരിത്രത്തിലെ കറുത്ത ഏടുകളാണ്. ആ പ്രദേശങ്ങൾ പ്രസിഡന്റ് ജോൺകച്ചിറമറ്റവും അഡ്വ. ജോസ് വിതയത്തിലും സന്ദർശിക്കുകയുണ്ടായി.

## സ്വാശ്രയനിയമം

സർക്കാർ കൊണ്ടുവന്ന സ്വാശ്രയനിയമത്തിനെതിരെ നടന്ന പ്രക്ഷോഭണത്തിലും കോൺഗ്രസ് സജീവമായി പങ്കെടുത്തു.

## തമിഴ്നാട് ഗവണ്മെന്റിന്റെ മതപരിവർത്തന ബിൽ

തമിഴ്നാട് ഗവണ്മെന്റിന്റെ മതപരിവർത്തന ബില്ലിനെപ്പറ്റി ചർച്ച ചെയ്യുവാൻ കോൺഗ്രസ് നേതാക്കൾ തമിഴ്നാട് സന്ദർശിക്കുകയും തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന പ്രതിഷേധയോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. ബില്ലിനെതിരായി കോട്ടയത്ത് ഒരുവൻ പ്രതിഷേധയോഗവും സംഘടിപ്പിക്കുകയുണ്ടായി.

2000-ാമാണ്ട് മാനവസമഗ്ര വിമോചന വർഷമായും 2002 കർഷക വർഷമായും കത്തോലിക്കാ കോൺഗ്രസ് ആചരിച്ചു.

## ഭാരതത്തിന് വെളിയിൽ

കേരളത്തിന് വെളിയിൽ അഹമ്മദാബാദ്, ബോംബെ, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ മലയാളി കത്തോലിക്കരുടെ യോഗം വിളിച്ചുകൂട്ടുന്നതിനും അവരുടെ സംഘടന സ്ഥാപിക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്.

## നോർത്ത് അമേരിക്ക, കുവൈറ്റ്, ജർമ്മനി, റോം

തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന മലയാളി കത്തോലിക്കാ സംഘടനകളുമായി പ്രസിഡന്റ് ജോൺ കച്ചിറമറ്റം ബന്ധപ്പെടുകയും അവരുടെ സംഘടനകൾക്ക് വേണ്ട പ്രോത്സാഹനം നല്കുകയും ചെയ്തു ഫിലാഡൽഫിയയിൽ ചേർന്ന സിറോ-മലബാർ കാത്തലിക് കൺവൻഷന്റെ യോഗത്തിൽ ശ്രീ. ജോൺകച്ചിറമറ്റം പങ്കെടുക്കുകയും അവിടെ രൂപംകൊണ്ട സംഘടനയുടെ ഭരണഘടനയ്ക്ക് രൂപം നല്കുകയും ചെയ്തു.

കേരളത്തിന് വെളിയിൽ പല രൂപതകളിലും കത്തോലിക്കാ കോൺഗ്രസ് പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് കോൺഗ്രസിന്റെ ഇന്നത്തെ നേതൃത്വം ശ്രമിച്ചുകൊണ്ടിരിക്കുന്നു.

## കസ്തൂരിരംഗൻ -ഗാഡ്ഗിൽ റിപ്പോർട്ടുകൾ

പ്രസ്തുത റിപ്പോർട്ടുകൾ മലയോരങ്ങളിൽ അധിവസിക്കുന്ന കർഷകരെ എങ്ങനെ ബാധിക്കുമെന്നതിനെപ്പറ്റി കത്തോലിക്കാകോൺഗ്രസ്സ് വിശദമായി പഠിക്കുകയും കർഷക താല്പര്യ സംരക്ഷണത്തിനായി ചില പ്രക്ഷോഭണങ്ങൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

www.malankaralibrary.com

## വിമോചന ജാഥ

കത്തോലിക്കാ കോൺഗ്രസിന്റെ ഇന്നത്തെ നേതൃത്വം സംസ്ഥാന തലത്തിൽ പ്രചരണജാഥകൾ സംഘടിപ്പിക്കുകയുണ്ടായി. വടക്കുനിന്ന് പ്രസിഡന്റ് വി.വി. അഗസ്റ്റിന്റെ നേതൃത്വത്തിലും തെക്കുനിന്ന് ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയനിലത്തിന്റെ നേതൃത്വത്തിലും ആരംഭിച്ച വിമോചന ജാഥ അങ്കമാലിയിൽ സമാപിക്കുകയുണ്ടായി.

## കാർഡിനൽ ജോർജ് ആലഞ്ചേരി

മേജർ ആർച്ച് ബിഷപ്പിന്റെ പ്രത്യേക താല്പര്യപ്രകാരം രൂപതാടിസ്ഥാനത്തിൽ പതിനായിരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് റാലിയും പൊതുയോഗങ്ങളും നടത്തുകയും സാമുദായിക പ്രശ്നങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

യെമനിൽ ഐ.എസ്. ഭീകരർ തട്ടിക്കൊണ്ടുപോയ ഫാ. ടോം ഉഴുന്നാലിയുടെ മോചനത്തിനുവേണ്ടി എ.കെ.സി.സി. വർക്കിംഗ് കമ്മറ്റി പ്രവർത്തിക്കുകയും ഡൽഹിയിൽ എത്തി ഉപവാസം നടത്തുകയും കേന്ദ്രഗവണ്മെന്റിന് നിവേദനം സമർപ്പിക്കുകയും ചെയ്തു.

## ശതാബ്ദിയിലേക്ക്

2017 ഏപ്രിൽ മാസത്തിൽ കത്തോലിക്കാ കോൺഗ്രസ് ശതാബ്ദിയിലേക്കു പ്രവേശിക്കുകയാണ്. ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾക്കാണ് കോൺഗ്രസ് നേതൃത്വം ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നത് പത്രത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. ആഘോഷപരിപാടികൾക്ക് എല്ലാവിധ ആശംസകളും നേരുവാൻ എനിക്കതിയായ ആഗ്രഹമുണ്ട്.

www.malankaralibrary.com

# ഒറ്റനോട്ടത്തിൽ

- കത്തോലിക്കാ കോൺഗ്രസിന്റെ ഒന്നാമത്തെ പ്രസിഡന്റ് മാർ ളൂയീസ് പഴേപറമ്പിൽ
- പ്രഥമ വൈസ് പ്രസിഡന്റ് സി. അന്തപ്പായി
- പ്രഥമ ജനറൽ സെക്രട്ടറി : അഡ്വ. ജോസഫ് തെള്ളി
- പ്രഥമ അൽമേയ പ്രസിഡന്റ് : ശ്രീ. ജോൺ നിധീരി
- കത്തോലിക്കാ കോൺഗ്രസിന്റെ ആദ്യത്തെ അൽമായ രക്ഷാധികാരി ജോൺ നിധീരി
- കത്തോലിക്കാ കോൺഗ്രസിന്റെ ബിഷപ്പ്സ് ഡലഗേറ്റുകൾ സ്പിരിച്ചൽ ഡയറക്ടർ
- കത്തോലിക്കാ കോൺഗ്രസിന്റെ പ്രഥമ ബിഷപ്പ്സ് ലഗേറ്റ് : മോൺ ജേക്കബ് നടുവത്തുശേരി. തുടർന്ന് ഫാ. ജോർജ് മണ്ണാറ (വിൻസൻഷ്യൽ) മോൺ എൽ.ജെ. ചിറ്റൂർ (ചങ്ങനാശ്ശേരി), മോൺ മാത്യു വെള്ളാങ്കൽ (കോതമംഗലം) എന്നിവരായിരുന്നു.
- കത്തോലിക്കാകോൺഗ്രസിന്റെ ബിഷപ്പിൽ നിന്നുള്ള ഡലഗേറ്റായി 1996-ൽ മാർ ജോസഫ് പള്ളിക്കാപറമ്പിലിനെ നിയോഗിച്ചു. പിന്നീട് ലെയ്റ്റി കമ്മീഷൻ ചെയർമാൻമാരായ ബിഷപ് മാർ മാത്യു അറയ്ക്കലും ബിഷപ് മാർ മാത്യു ആനിക്കുഴിക്കാട്ടിലിനും ആയിരുന്നു ചുമതല.
- മാർ ആനിക്കുഴിക്കാട്ടിൽ ചുമതല വഹിച്ചിരുന്ന കാലത്താണ് കത്തോലിക്കാ കോൺഗ്രസ് സ്പിരിച്ചൽ ഡയറക്ടർ എന്ന സ്ഥാനം മാറ്റി ഡയറക്ടർ ആക്കിയത്. ഫാ. ജേക്കബ് പാലയ്ക്കാപ്പള്ളി ആയിരുന്നു ഒന്നാമത്തെ ഡയറക്ടർ. ഇപ്പോഴത്തെ ഡയറക്ടർ തൃശൂർ രൂപതാംഗമായ ഫാ. ജിയോ കടവിലാണ്.

www.malankaralibrary.com

# കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികൾ

കത്തോലിക്കകോൺഗ്രസ് സംഘടനയുടെ ഒന്നാമത്തെ പ്രസിഡന്റ് മാർളുയിസ് പഴേപറമ്പിൽ, വൈസ്പ്രസിഡന്റ് സി. അന്തപ്പായി. ഒന്നാമത്തെ ജനറൽ സെക്രട്ടറി ടി.ജെ. മാത്യു തെള്ളി. ഒന്നാമത്തെ ട്രഷറർ ജോസഫ് വെള്ളാപ്പള്ളി.

## പ്രസിഡന്റുമാർ

| | |
|---|---|
| മാർ ളുയിസ് | 1918 – 1920 |
| മാർ അഗസ്റ്റിൻ കണ്ടത്തിൽ | 1920 – 1929 |
| ജോൺ നിധീരി | 1929 – 1932 |
| ഷെവ. ജോസഫ് പെട്ട | 1932 – 1943 |
| സി.എ. ഔസേപ്പ് | 1943 – 1944 |
| സി.ജെ. വർഗീസ് | 1944 – 1945 |
| ഷെവ. തര്യത് കുഞ്ഞിത്തൊമ്മൻ | 1945 – 1947 |
| സി.എ. ഔസേപ്പ് | 1947 – 1948 |
| ഷെവ. ജോസഫ് തളിയത്ത് | 1948 – 1949 |
| ഷെവ. ഇ.പി. വർഗീസ് | 1949 – 1951 |
| ഷെവ. ജോസഫ്പെട്ട | 1951 – 1953 |
| ഷെവ. ടി.ജെ. മാത്യു | 1953 – 1955 |
| പി.ജെ. സെബാസ്റ്റ്യൻ | 1955 – 1957 |
| ഷെവ. വി.ജെ. ജോസഫ് | 1957 – 1959 |
| ഷെവ. വി.സി. ജോർജ് | 1959 – 1961 |
| കെ.സി. ചാണ്ടി | 1961 – 1962 |
| പി.സി. ഏബ്രഹാം | 1962 – 1965 |
| ഷെവ. ജോസഫ് വിതയത്തിൽ | 1965 – 1969 |
| കെ.പി. ജോൺ | 1969 – 1972 |
| ഇ.എം. ജോസഫ് | 1972 – 1975 |
| കെ.എം. ജോസഫ് | 1975 – 1977 |
| പ്രൊഫ. എൻ.ഡി. ജോർജ് (ആക്ടിംഗ്) | 1977 – 1979 |
| ഷെവ. കെ.സി. ചാക്കോ | 1979 – 1982 |

www.malankaralibrary.com

| | |
|---|---|
| എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ | 1982 – 1992 |
| പ്രൊഫ. പി.എ. ജോസ് | 1992 – 1996 |
| ജോൺ കച്ചിറമറ്റം | 1996 – 2004 |
| ഇ.ജെ. ലൂക്കോസ് (കൺവീനർ) | 2004 – 2007 |
| എം.ഡി. ജോസ് മണ്ണിപ്പറമ്പിൽ | 2007 – 2010 |
| എം.എം. ജേക്കബ്ബ് മുണ്ടയ്ക്കൽ (ആക്ടിംഗ്) | 2010 – 2012 |
| വി.വി. അഗസ്റ്റിൻ | 2013 – |

## ജനറൽ സെക്രട്ടറിമാർ

| | |
|---|---|
| ടി.ജെ. മാത്യു തെള്ളി | 1918 – 1925 |
| സി.ജെ. വർഗീസ് | 1925 – 1929 |
| മാത്യു മുരിക്കൽ | 1929 – 1932 |
| തോമസ് ചാണ്ടി മുക്കാടൻ | 1932 – 1943 |
| ജോസഫ് ചാഴിക്കാടൻ | 1943 – 1945 |
| സിറിയക്ക് കണ്ടത്തിൽ | 1945 – 1948 |
| വി.ഒ. ജോൺ | 1948 – 1949 |
| എ.ഒ. ജോസഫ് | 1949 – 1951 |
| എം.ഒ. ജോസഫ് നെടുങ്കുന്നം | 1951 – 1953 |
| ഉലഹന്നാൻ തോപ്പിൽ | 1953 – 1955 |
| എം.സി. മാത്യു | 1955 – 1957 |
| ഇ.എം. ജോസഫ് | 1957 – 1959 |
| എ.ജി. അഗസ്റ്റിൻ | 1959 – 1961 |
| കെ.എം. ജോസഫ് | 1961 – 1965 |
| കെ.ജെ. ചാണ്ടി | 1969 – 1972 |
| എൻ.കെ. ജോസ് | 1972 – 1975 |
| ജോൺ കച്ചിറമറ്റം | 1975 – 1979 |
| പി.സി. തോമസ് | 1979 – 1982 |
| ജോൺ കച്ചിറമറ്റം | 1982 – 1996 |
| ആന്റണി വള്ളമറ്റം | 1996 – 1999 |
| ആന്റണി പി.എ. | 1999 – 2002 |
| അലൻ മാത്യു വാണിയപ്പുര | 2002 – 2004 |
| അഡ്വ. ജോസ് വിതയത്തിൽ | 2007 – 2009 |

ജോസ് രാജിവെച്ചതിനെ തുടർന്ന് ജനറൽ സെക്രട്ടറിയുടെ ജോലി സെക്രട്ടറിമാർക്ക് വീതിച്ചു നൽകുകയാണുണ്ടായത്.

| | |
|---|---|
| അഡ്വ. ബിജു പറയനിലം (ആക്ടിംഗ്) | 2010 – 2012 |
| അഡ്വ. ബിജു പറയനിലം | 2013 – |

www.malankaralibrary.com

## ഖജാൻജിമാർ

1947 മുതൽ

| | |
|---|---|
| കെ.വി. മാത്യു | 1947 - 1948 |
| കെ.ജെ. ജോസഫ് | 1948 - 1949 |
| കെ. ഡൊമിനിക്ക് ജോസഫ് | 1949 - 1950 |
| ജോസഫ് മാളേക്കൽ | 1951 - 1952 |
| പി.സി. ലൂക്കോസ് | 1953 - 1954 |
| കെ.സി. തോമസ് | 1955 - 1956 |
| കെ.സി. ചാണ്ടി | 1956 - 1957 |
| സിറിയക്ക് നിധീരി | 1958 - 1959 |
| എം.സി. ചാക്കോ | 1960 - 1969 |
| എൻ.കെ. ജോസ് | 1969 - 1972 |
| എം.സി. ചാക്കോ | 1972 - 1979 |
| എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ | 1979 - 1982 |
| പി.വി. അവിരാത്തരകൻ | 1982 - 1985 |
| ആന്റണി വള്ളമറ്റം | 1985 - 1988 |
| ജോസഫ് ഞാവള്ളി | 1988 - 1992 |
| ജോസ് കോലടി | 1992 - 1996 |
| വി.എ. വർഗീസ് | 1996 - 1999 |
| ടോമി മലയിൽ | 1999 - 2002 |
| ബേബിച്ചൻ ഏറത്തയിൽ | 2002 - 2004 |
| അഡ്വ. ബിജു പറയനിലം (ആക്ടിംഗ്) | 2007 - 2010 |
| ടോമി അയ്യരുകുളങ്ങര | 2010 - 2012 |
| ജോസുകുട്ടി വാടപ്പള്ളി | 2013 - |

### കത്തോലിക്കാ കോൺഗ്രസ് ചരിത്രം

കത്തോലിക്കാ കോൺഗ്രസിന്റെ വിപുലമായ ഒരു ചരിത്രം 2018 ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. അതിന് ഒരു ആമുഖമായാണ് ഈ ചെറുഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. കത്തോലിക്കാ കോൺഗ്രസ് നടത്തിയിട്ടുള്ള സമരങ്ങൾക്ക് നേതൃത്വം വഹിച്ചിട്ടുള്ള വ്യക്തികളെപ്പറ്റിയുള്ള വിവരങ്ങൾ 2018-ൽ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥത്തിലുണ്ടാവും. നിരവധി ഫോട്ടോകളും വിവിധ രൂപതകളിലെ സംഘടന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങളും അതിൽ ചേർക്കുന്നതാണ്. അതിലേക്കുള്ള നിർദ്ദേശങ്ങൾ സംഘടനാപ്രവർത്തകരിൽ നിന്നും സമുദായസ്നേഹികളിൽ നിന്നും ക്ഷണിക്കുന്നു.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# കത്തോലിക്കാ കോൺഗ്രസ് നൂറിലേക്ക്

## ഒരു തിരിഞ്ഞുനോട്ടം

കത്തോലിക്കാകോൺഗ്രസ് 100 – ലേക്ക് പ്രവേശിക്കുകയാണ്. കേരള ത്തിന്റെ ചരിത്രം തിരുത്തിക്കുറിച്ച ഒരു സംഘടനയാണ് കത്തോലിക്കാ കോൺഗ്രസ്

മെമ്മോറിയൽ സമർപ്പണങ്ങളും പ്രതിഷേധയോഗം സംഘടിപ്പിക്കലും പ്രകടനങ്ങളും മറ്റിതരസമരപരിപാടികളും സംഘടനയെ സജീവമാക്കി. 100 വർഷത്തെ സംഭവബഹുലമായ ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞു നോട്ടം.

2018 ൽ കത്തോലിക്കാകോൺഗ്രസിന്റെ സമ്പൂർണ്ണ ചരിത്രം പ്രസിദ്ധീ കരിക്കുന്നതിന് ആമുഖമായിട്ടാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുക. കത്തോലിക്കാ കോൺഗ്രസിന്റെ രൂപതാ സംഘങ്ങളുടെ പ്രവർത്ത നങ്ങളും നേതാക്കന്മാരെപ്പറ്റിയുള്ള വിവരങ്ങളും ഈ ചെറുഗ്രന്ഥത്തിൽ ചേർത്തിട്ടില്ല. സമ്പൂർണ്ണ ചരിത്രത്തിൽ അവയെല്ലാം വിശദമായി ചർച്ച ചെയ്യപ്പെടും. സഭാസ്നേഹികളുടെ നിർദ്ദേശങ്ങൾ ക്ഷണിച്ചു കൊള്ളുന്നു.



ജോൺ കച്ചിറമറ്റം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പോസ്റ്റ്, 686 655 കോട്ടയം

www.malankaralibrary.com